SOUTHERN LANGUAGES BOOK TRUST

1-40



# അല്ല!

ർ

ഗ്രന്ഥമണ്ഡലത്തിന്റെ
ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്നത്

032,3
K7

MUL
256833

# അല്ല!

(Malayalam)

**ALLA!**

First Edition: 3000 copies
March 1967

Bengali book 'Naa'
BY TARA SHANKAR BANERJI.
Published by
MITRA AND GHOSH, CALCUTTA

Copyright: Author

Translator:
K. RAVIVARMA

Price: Rs. 1·40

Published under the auspices of the
Southern Languages Book Trust, Madras -10.

The Trust is helped by the Government of India,
The South Indian State Governments and Universities and
The Ford Foundation.

Fourth Programme - Malayalam - Number 5
Translation rights into Malayalam for this edition assigned to:
SAHITYA NILAYAM PUBLISHING HOUSE,
KALOOR, ERNAKULAM-7

Printed at:
SAHITHYA NILAYAM PRESS,
KALOOR, ERNAKULAM-7

# അല്ല!

UNIVERSITY LIBRARY
21 MAR 1968
MADRAS

ഗ്രന്ഥകർത്താ:

താരാശങ്കർ ബാനർജി

•

വിവർത്തനം:

കെ. രവിവർമ്മ

പ്രസാധനം:

സാഹിത്യനിലയം പബ്ലിഷിംഗ് ഹൗസ്

കലൂർ, എറണാകുളം - 7

വില: 1·40

256833
54491

MADRAS UNIVERSITY LIBRARY
7 MAR 2003
CHENNAI-600 005

03213
K7

# ആമുഖം

ദക്ഷിണഭാഷാഗ്രന്ഥമണ്ഡലത്തിന്റെ സാഹിത്യനിർമ്മാണ സംബന്ധമായ പ്രവർത്തനപരിപാടികൾ എത്രയും ചിത്താകർഷകമായിരിക്കുന്നു. ട്രസ്റ്റ് ഇപ്പോൾ അമ്പതു പുസ്തകങ്ങൾ പ്രകാശിപ്പിക്കുവാനുള്ള ഒരു പുതുപരിപാടി ആരംഭിച്ചിരിക്കുന്നുവെന്നതു് നമുക്കെല്ലാവർക്കും വളരെ സന്തോഷകരമായ ഒരു സംഗതിയാണു്. പുസ്തകചിത്രീകരണത്തിൽ ഒരു ട്രെയിനിംഗ് കോഴ്സും തർജ്ജമയിൽ വേറൊരു കോഴ്സും ട്രസ്റ്റ് നടത്താൻ പോകുന്നുണ്ടു്. ട്രസ്റ്റിന്റെ ഈ പുതിയ പ്രവർത്തനങ്ങൾക്കു് പറ്റിയ സഹായധനം വിദ്യാഭ്യാസ മന്ത്രികാര്യാലയം നൽകിക്കഴിഞ്ഞു എന്നതിൽ ഞാൻ സന്തോഷിക്കുന്നു. സാഹിത്യനിർമ്മാണത്തിലുള്ള ദീർഘപരിചയത്തിന്റെ പ്രഭാവത്താൽ ട്രസ്റ്റിനു് ആധുനികഭാഷകളുടെ അഭിവൃദ്ധിക്കായി അതിമഹത്തായ സേവനം നിർവ്വഹിക്കാൻ സാധിക്കുമെന്നു് എനിക്കുറപ്പുണ്ടു്.

ഞാൻ ട്രസ്റ്റിനു് സർവ്വ വിജയവും ആശംസിക്കുന്നു.

ന്യൂദൽഹി<br>
20, ഡിസംബർ 1965

എം. സി. ചഗ്ല<br>
കേന്ദ്രവിദ്യാഭ്യാസമന്ത്രി

UNIVERSITY LIBRARY
21 MAR 1968
MADRAS

# അല്ല!

സമയം പ്രഭാതം.

മുറിയിൽനിന്നു് ഇരുട്ട വിട്ടുപോയിട്ടില്ല. കിഴക്കുവശത്തുള്ള ചില്ലുവാതിലിലൂടെ ഒരു പൊളി വെയിൽ അകത്തേക്കു് എത്തിനോക്കുന്നു. പടിഞ്ഞാറുവശത്തെ ചുവരിനോടു ചേർത്തു് ഒരു മേശ—പഴയ മട്ടിലുള്ളതു്. അതിന്മേൽ ഒരു ടൈംപീസ്. ചുവരിൽ രണ്ടു ചിത്രങ്ങൾ. ഇരുട്ടുകാരണം മുറിയിലുള്ള മറ്റൊന്നും കണ്ടുകൂടാ. മുറിയുടെ അപ്പുറത്തു് വരാന്തയിൽ ബലിഷ്ഠഗാത്രനായ ഒരാൾ ഗദ ചുഴറ്റുന്നതു് കിഴക്കുവശത്തുള്ള ചുവരിലെ കണ്ണാടിജനലിലൂടെ ചിത്രത്തിലെന്നപോലെ കാണാം.

പ്രഭാതസമയത്തെ അനക്കമററ ലോകം. ഇടയ്ക്കിടക്കു് പക്ഷികളുടെ കളസ്വരങ്ങൾ മാത്രം കേൾക്കാം.

പെട്ടെന്നു് അതിന്നു് ശ്രുതി പിടിക്കുന്ന മട്ടിൽ ടൈംപീസിന്റെ അലാറം മുഴങ്ങിത്തുടങ്ങി. അതോടപ്പം ഗദ ചുഴററിയിരുന്ന ആ മനുഷ്യൻ വ്യായാമം മതിയാക്കി വാതില്ക്കൽ വന്നു നിന്നതു് ചില്ലിലൂടെ കാണാറായി. അയാൾ വാതിൽ തുറന്നു് അകത്തേക്കു കടന്നു. പത്തൊൻപതു്–ഇരുപതു് വയസ്സു പ്രായമുള്ള ആരോഗ്യവാനായ ഒരു യുവാവു്. വ്യായാമം കൊണ്ടു് കൊഴുത്തുരുണ്ട മാംസപേശികൾ. വാതിൽ തുറന്നപ്പോൾ മുറിയിലേക്കു് പ്രകാശം ഇരമ്പിക്കയറി. യുവാവു് കിഴക്കുവശത്തുള്ള ജനാലയും തുറന്നു. പഴയ കാലത്തെ പ്രഭുകുടുംബങ്ങൾക്കു ചേർന്ന മുറി. പുതുമ പ്രവേശിച്ചിട്ടി

ല്ല. മുറിയിലെ ഉപകരണങ്ങളും അതിന്നു ചേർന്നവ തന്നെ. നീക്ക പോക്കുകൾ ഇല്ലെന്നില്ല. ചുവരിൽ മുതലയുടെതോൽ, നരിത്തോൽ– ഒരു മൂലയിൽ തോലിൽ പൊതിഞ്ഞ ഒരു കൃത്രിമനരി വാപിളന്നു നിൽക്കുന്നു; മറെറാരു മൂലയിൽ ഇതേ വിധത്തിലുള്ള ഒരു കരടി ഒരു മരക്കൊമ്പു പിടിച്ചുകൊണ്ടു്. മറെറാരു വശത്തു് തോക്കുവെക്കാനുള്ള ഒരു റേക്കു്. അതിൽ രണ്ടുമൂന്നു തോക്കുകൾ, കുന്തങ്ങൾ, വാളുകൾ, പരിച മുതലായവ.

യുവാവു് മേശക്കു മുമ്പിൽ വന്നു നിന്നു. അയാൾ ചുവരിലെ ചിത്രങ്ങളിലേക്കു നോക്കി. ഒന്നു് സ്വാമി വിവേകാനന്ദൻേറതു്; മറേറതു് നേതാജി സുഭാഷ് ചന്ദ്രബോസിൻേറതും. അവരെ പ്രണമിച്ചു് അയാൾ മറെറാരു മുറിയിലേക്കു പോയി. ഒരു വലിയ ക്ലോക്കിൽ ആറുമണി അടിച്ചു. മ്യൂസിക്കൽ ക്ലോക്കു്. ഓരോ അടിയിലും വിചിത്രമായ സംഗീതം.

തുറന്ന ജനലിൽക്കൂടെ ഏതാനും കുരുവികൾ അകത്തേക്കു പറന്നു വന്നു. അവ മുറിയിൽ ചുററിനടക്കാൻ തുടങ്ങി.

യുവാവു് വസ്ത്രം മാറി മുറിയിലേക്കു തിരിച്ചുവന്നു. റേക്കിൽ നിന്നു് ഒരു തോക്കെടുത്തു. കുഴൽ തുറന്നു് വെളിച്ചത്തിന്നെതിരെ പിടിച്ചു് നോക്കി. പിന്നെ കാർട്ട്രിജ് ബെൽട്ടു് അരയിൽ കെട്ടി. തോളിൽ ഒരു സഞ്ചി തൂക്കിയിട്ടു. എന്നിട്ടു പുറത്തേക്കിറങ്ങിപ്പോയി. ക്ലോക്കു് പതിനഞ്ചുമിനിട്ടു കഴിഞ്ഞാലത്തെ (ആറേകാലിൻെറ) സംഗീതം ആലപിച്ചു.

പുറത്തിറങ്ങിയ യുവാവു് പ്രഭാതത്തിലെ ജനവിരളമായ നിരത്തിൽക്കൂടെ നടന്നു. വഴിക്കു് രണ്ടോ നാലോ പേരെ മാത്രമേ കണ്ടുമുട്ടിയുള്ളു. രണ്ടു വൃദ്ധകൾ ക്ഷേത്രനടയിൽ അടിച്ചു തളിക്കുന്നു. ഒരു വൃദ്ധൻ തിണ്ണയിലിരുന്നു പുകവലിക്കുന്നു. ഒരുത്തൻ കായ്കറികൾ തലയിൽ ഏററിക്കൊണ്ടുപോകുന്നു.

യുവാവു് ഒരു ഭവനത്തിൻെറ മുമ്പിൽചെന്നു നിന്നു. അയാൾ വാതില്ക്കൽ മുട്ടി.

ഭവനം കാളീനാഥൻേറതാണു്. യുവാവിൻെറ പിതൃഷ്വസ്സ

പുത്രൻ.

മുട്ടിയിട്ട് അനക്കമൊന്നും കേൾക്കാതിരുന്നതിനാൽ യുവാവ് വാതില്ക്കൽ തട്ടി വിളി തുടങ്ങി. "കാളിയേട്ടാ! കാളിയേട്ടാ!"

കാളീനാഥൻ നല്ല ഉറക്കം.

മുറിയുടെ സകല വാതിലുകളും ജനലുകളും അടച്ചിരിക്കയാണ്. വിളക്ക് കത്തുന്നുണ്ട്; മേശപ്പുറത്ത്. അടുത്തുതന്നെ ഒരു പുസ്തകം തുറന്നുകിടക്കുന്നു.

വിളികേട്ട് കാളീനാഥൻ കിടന്ന കിടപ്പിൽത്തന്നെ ഒന്നു വളഞ്ഞുപുളഞ്ഞ് എഴുന്നേററിരുന്നു ചെവിയോർത്തു.

പുറത്ത് വാതില്ക്കൽ തട്ടുന്ന ബഹളം. കാളീനാഥൻ വിളിച്ചു ചോദിച്ചു: "ആര്, അനുവോ? എന്താണിത്ര നേരത്തേ?" അയാൾ എഴുന്നേററുചെന്ന് വാതിൽ തുറന്ന് പുറത്തെ വെളിച്ചം കണ്ടിട്ട് പറഞ്ഞു: "അല്ലാ! നേരം ഇത്രയൊക്കെയായോ?"

അനന്തൻ അകത്തേക്കു കടക്കുന്നതിന്നിടക്കു പറഞ്ഞു: "ആറരമണികഴിഞ്ഞു, കാളിയേട്ടാ!"

"സൂചി തിരിച്ച് അഞ്ചരയാക്കി വെയ്ക്കായിരുന്നില്ലേ?"

"അതുകൊണ്ട് സമയം പുറകോട്ടുപോവില്ലല്ലോ. പക്ഷേ എന്താണിത്ര വലിയ ഉറക്കം?"

"ഇന്നലെ രാത്രി മൂന്നു മണി വരെ വായിച്ചു."

"എങ്ങനെയാണ് ഇത്രയധികം വായിക്കാൻ കഴിയുന്നത്?"

"എന്താണിതിൽ രസം?"

"അതാണ് ശരിക്കും മനസ്സിലാകാത്തത്."

അനന്തൻ ചിരിച്ചു. ചിരിച്ചുകൊണ്ടുതന്നെ മുറിയിലേക്കു കടന്നു. അയാൾ മേശപ്പുറത്തു തുറന്നുകിടന്നിരുന്ന പുസ്തകം മറിച്ചുനോക്കുവാൻ തുടങ്ങി. ചുവരിനോടു ചേർത്തുവെച്ചിരിക്കുന്ന വില കുറഞ്ഞ അലമാരിയിൽ ധാരാളം പുസ്തകങ്ങൾ. മിക്കതും ഇംഗ്ലീഷിലുള്ളവ. പെൻഗ്വിൻസീരിസിൽ പെട്ട വില കുറഞ്ഞ പതിപ്പുകൾ.

കാളീനാഥൻ വിളക്കണച്ചുകൊണ്ടു പറഞ്ഞു: "അതു നിനക്കു

മനസ്സിലാവില്ല. ഇരിക്കു. ഞാൻ അഞ്ചുമിനിട്ടിനകം വരാം." അയാൾ മുഖം കഴുകാൻ പുറത്തേക്കു പോയി.

അനന്തൻ ജനൽ തുറന്നു. വെട്ടപ്പില്ലാത്ത മുറി. അവിടവിടെ പുസ്തകങ്ങൾ ചിതറിക്കിടക്കുന്നു. സിഗററുകുററികൾ കൂടിക്കിടക്കുന്നു. അനന്തൻ പുസ്തകങ്ങൾ ഓരോന്നായി എടുത്തു നിവർത്തി നോക്കി. ഒരിടത്തു് അടക്കിവെക്കാൻ തുടങ്ങി. അയാൾ ഇടക്കിടക്കു് ചിരിക്കുന്നുണ്ടായിരുന്നു.

കാളീനാഥൻ മുഖം കഴുകി തിരിച്ചുവന്നു. അയാൾ പറഞ്ഞു: "കുറണ്ടോ? എന്താണീ ചെയ്യുന്നതു്?"

"എങ്ങനെയാണു് കാളിയേട്ടൻ ഈ മുറിയിൽ കഴിഞ്ഞുകൂടുന്നതു്?"

"കഴിഞ്ഞുകൂടുന്നതു് നീ കാണുന്നില്ലേ? ഞാൻ ചായ ഉണ്ടാക്കട്ടെ."

"നേരം വൈകും കാളിയേട്ടാ. നമുക്കു് സ്റ്റേഷനിൽനിന്നു ചായ കുടിക്കാം. എരിവും മധുരവും ഉള്ള പലഹാരങ്ങൾ."

"മധുരപലഹാരങ്ങൾ നീ തിന്നോ. എനിക്കു് എരിവുള്ളതു മതി." കാളീനാഥൻ മേശപ്പുറത്തുണ്ടായിരുന്ന പുസ്തകം മടക്കി അനന്തൻെറ സഞ്ചിയിൽ വെച്ചിട്ടു പറഞ്ഞു: "വരു."

രണ്ടു പേരും വഴിയിലേക്കിറങ്ങി. അനന്തൻ പറഞ്ഞു: "ഇന്നു വെറും യുദ്ധാഭിനയം മാത്രമല്ല, വധം തന്നെ നടക്കാൻ പോകയാണു്."

"അതായതു് നായാട്ടിന്നാണോ പുറപ്പാടു്? പക്ഷികളെ വധിക്കുമോ?" കാളീനാഥൻ ഉല്ലാസത്തോടെ ചോദിച്ചു. "നേരോ?"

"അല്ല, പക്ഷികളെയല്ല വധിക്കുക." "അനന്തൻ ചിരിച്ചു. ഇന്നു് ഒരു ഭ്രാന്തൻനായയെയാണു് വധിക്കേണ്ടതു്. ഇന്നലെ ബ്രാഹ്മണത്തെരുവിൽ നിന്നു് ചിലർ വന്നിട്ടുണ്ടായിരുന്നു. ഒരു നായക്കു് പേ ഇളകിയിരിക്കുന്നു. ഇന്നലെ ഏഴുപേരെ കടിച്ചുവത്രെ; നാലഞ്ചു പശുക്കളേയും. അതിനെ സംഹരിച്ചില്ലെങ്കിൽ പററില്ല."

"എൻെറമ്മേ!"

"പേടിക്കാനില്ല. ഞാനില്ലേ കൂടെ?"

"അതേയുള്ളൂ ഒരു സമാധാനം. നീ കൂടെയുള്ളപ്പോഠം യമൻ പോലും എന്നെ സമീപിക്കാൻ ധൈര്യപ്പെടില്ല."

"നിങ്ങഠംക്കെന്തൊന്നിത്ര പേടി? മരണം ഒരു ദിവസം വിധിച്ചിട്ടുള്ളതല്ലേ?"

"വല്ലതും പറയേണ്ട അനു. വിധിയിലും മററും എനിക്കു വിശ്വാസമില്ല. ഈശ്വരനെത്തന്നെ വിശ്വസിക്കാത്തവനോ വിധിയെ വിശ്വസിക്കുന്നതു്?"

"എന്തുകൊണ്ടാണു് വിശ്വാസമില്ലാത്തതു്?"

"ആ പുസ്തകങ്ങഠം വായിച്ചാൽ നീയും വിശ്വാസമില്ലാത്തവനാവും. പാപപുണ്യങ്ങളും ദേവരും ദേവികളും സ്വർഗ്ഗവും നരകവും ഒക്കെ വെറും മിഥ്യ, ബോഗസ്, കഷ്ടം! നീ ഇതൊക്കെ ഉപേക്ഷിച്ചിരുന്നുവെങ്കിൽ നിനക്കു് എന്തെല്ലാം നല്ല കാര്യങ്ങഠം ചെയ്യാൻ കഴിയുമായിരുന്നു!"

"നല്ല ഉപദേശം. പക്ഷിനായാട്ടോ?"

"നിശ്ചയമായും. നിത്യവും പക്ഷിമാംസം ചേർത്തുള്ള ഭക്ഷണം എന്തൊരു രസമാണെന്നോ?"

"ഇല്ല കാളിയേട്ടാ! പാപമാണെന്നു വിചാരിച്ചു പക്ഷികളെ വധിക്കാതിരിക്കുന്നതല്ല. അവയെ കാണുമ്പോഠം മനസ്സലിഞ്ഞു പോകുന്നു. കൊല്ലുകയാണെങ്കിൽ നരിയെ കൊല്ലണം, കരടിയെ കൊല്ലണം. ഹിംസ്രമൃഗങ്ങളെ സംഹരിക്കുന്നതിലാണു് ഞാൻ പരാക്രമം കാണുന്നതു്. ഈ നായയെ കൊല്ലാൻ പുറപ്പെട്ടിരിക്കുന്നതു് അതിന്നു് പേ പിടിച്ചിരിക്കുന്നതുകൊണ്ടു മാത്രമാണു്. അല്ലെങ്കിൽ ഇതിലൊക്കെ എന്തു രസം?"

അനന്തൻെറ കൈ പിടിച്ചമർത്തിക്കൊണ്ടു് കാളീനാഥൻ പറഞ്ഞു: "നീ ഒരു അസുരനാണു്, ദാനവനാണു്."

"നായമാത്മാ ബലഹീനേന ലഭ്യഃ— എന്നാണു് ഗീതാവചനം."

“നുണ. നായമാത്മാ ബുദ്ധിഹീനേന ലഭ്യഃ”

മുമ്പിൽത്തന്നെ റയിൽപ്പാത. പാതയിൽക്കൂടെ സിധു, അതായതു് സിദ്ധേശ്വർ ഘടക്, നടന്നുവരുന്നതു കണ്ടു. അയാളുടെ നോട്ടം മിക്കവാറും ആകാശത്തേക്കാണെന്നേ കണ്ടാൽ തോന്നൂ. പുതുയുഗത്തിന്നു ചേർന്ന ഘടകൻ (വിവാഹദല്ലാളി). ടിപ്—ടോപ് വേഷം. കയ്യിൽ ബേഗ്.

രണ്ടുപേരും അയാളെ ഒന്നു നോക്കിയിട്ടു് കടന്നുപോകാൻ ഭാവിച്ചു.

ഘടക് അവരെ സൂക്ഷിച്ചുനോക്കിക്കൊണ്ടു പറഞ്ഞു: “സർ ഒന്നു പറഞ്ഞോട്ടെ സർ.”

കാളി തിരിഞ്ഞുനിന്നിട്ടു് പറഞ്ഞു: “എസ്സ്!”

അനന്തൻ ചോദിച്ചു: “ഞങ്ങളോടാണോ പറയുന്നതു്?”

കാളി പറഞ്ഞു: “നമ്മൾ രണ്ടു പേരേക്കൂടാതെ ഇവിടെ പരമാത്മാവുമാത്രമേ ഉള്ളൂ. ഇയാൾ നിശ്ചയമായും പരമാത്മാവിനെയാവില്ല ‘സർ’ എന്നു സംബോധന ചെയ്തതു്.”

ഘടക് ചിരിച്ചുകൊണ്ടു പറഞ്ഞു: “നമസ്കാരം സർ, നമസ്കാരം! പറഞ്ഞതു് വണ്ടർഫുൾ ആയി സർ! തികച്ചും ട്ര ദി പോയിൻറ്. പരമാത്മാവിനെയല്ല ഞാൻ സംബോധനചെയ്തതു്, നിങ്ങളെയാണു്.”

അനന്തൻ ചോദിച്ചു: “എന്താണു് പറയാനുള്ളതു് നിങ്ങൾക്കു്?”

“ആ മാളികവീടു് ആരുടേതാണു് സർ?” അയാൾ വെളുത്ത ഒരു മാളിക ചൂണ്ടിക്കാട്ടിക്കൊണ്ടു ചോദിച്ചു. “അതാ ആ വീടു് അതാരുടേതാണു് സർ?”

കാളി ചോദിച്ചു: “എവിടെയാണു് നിങ്ങളുടെ വീടു്?”

“എൻെറ വീടു് കൽക്കത്തയിൽ.”

“ഇവിടെ എന്തിനുവന്നു? ജ്യോത്സ്യനോ അതോ പെങ്ങൾക്കു വരനെയന്വേഷിച്ചു പുറപ്പെട്ടവനോ?”

ഘടക് ചിരിച്ചുകൊണ്ടു പറഞ്ഞു: “നിങ്ങളുടെ വാക്ബാ

ണങ്ങൾ ഷട്ചക്രങ്ങളേയും ഭേദിച്ച് ശരിക്കും ലക്ഷ്യം ഭേദിച്ചുകളഞ്ഞു സർ! ശരിക്കും അർജ്ജുനനെപ്പോലെ. ധരിച്ചതു ശരിയാണ്. പെങ്ങൾക്കു വരനെ തിരക്കി പുറപ്പെട്ടവൻതന്നെ. പക്ഷേ ഒരു വ്യത്യാസം. മററാരാളുടെ പെങ്ങൾക്കാണ്. എൻെറയല്ല. അപ്പോൾ നിങ്ങൾ കാളീനാഥബാബുവാണെന്നു പറയൂ. ഇദ്ദേഹം അനന്തബാബുവും.’

അനന്തൻ: “നിങ്ങൾ ഇതങ്ങിനെ മനസ്സിലാക്കി?”

കാളി: “ഇയാൾ അന്തര്യാമിയായ ഘടകനാണ്, അനു! മററുള്ളവരുടെ കന്യാഭാരത്തെ തീർക്കേണ്ടതെങ്ങിനെയെന്ന ചിന്തയോടെ നടക്കുകയാണ് പണി. പുലച്ച്ക്ക് സ്റ്റേഷനിൽ ഇറങ്ങി നമ്മുടെ വിവരം അന്വേഷിച്ചറിഞ്ഞു. സ്റ്റാളുകാർ പറഞ്ഞിട്ടുണ്ടാവും വഴിക്കുവെച്ചുതന്നെ നമ്മളെ കാണാൻ തരമാവും എന്ന്. ഒരാളുടെ കയ്യിൽ തോക്കുണ്ടായിരിക്കും. മററൊരുത്തൻ ഇതാ എന്നെപ്പോലെ രണ്ടുകയ്യും വീശി അങ്ങിനെയല്ലേ, മി. ചിന്താഹരണബാബു?”

“എൻെറ പേർ അതല്ല. സിദ്ധേശ്വർ ഘടക് എന്നാണ് എൻെറ പേർ, സർ! എന്നാൽ നിങ്ങളുടെ അനുമാനം നൂറു ശതമാനവും ടു ദി പോയിൻറ്.”

“എന്നാൽ പിന്നെ നിൻെറ വിവാഹം ഉറച്ചതുതന്നെ അനന്താ! സ്വയം സിദ്ധേശ്വരൻതന്നെ വിവാഹാലോചനയും കൊണ്ടുവന്നാൽ വിഘ്നേശ്വരൻെറ അപ്പനുപോലും തടയാൻ കഴിഞ്ഞെന്നു വരില്ല.”

ഘടക് ചിരിച്ചുകൊണ്ടു പറഞ്ഞു: “സർ, ഞാൻ രണ്ടുപേർക്കും വിവാഹാലോചന കൊണ്ടുവന്നിരിക്കയാണ്.”

അനന്തൻ: “കാളിയേട്ടനു് പഠിപ്പുള്ള പെൺകുട്ടിയാണ് വേണ്ടതു് മിസ്റ്റർ. മോഡേൺ ഗേൾ. അറിയാമോ?”

ഘടക്: “തികച്ചും ടു ദി പോയിൻറ്. യോജിപ്പിച്ചുതരാം സർ! ഒന്നാന്തരം പെൺകുട്ടി. പരീക്ഷിച്ചു നോക്കിക്കോളൂ. കൊട്ടിനോക്കിക്കോളൂ. റാണിത്തലയുള്ള രൂപ പോലെ ‘ടൺ’ എന്നു മുഴങ്ങും. ഇപ്പോൾ കിട്ടുന്ന ജാതികലർപ്പുള്ളതല്ല. ഒന്നാന്തരം വെള്ളി.”

അകലെ തീവണ്ടിയുടെ കൂവൽ.

അനന്തൻ: "വണ്ടിവിട്ട കാളിയേട്ടാ! ലയിനിൽനിന്നു് ഇറങ്ങിനടക്കാം."

"എന്നാൽ നിങ്ങാം കാരണവരെ ചെന്നുകാണു. ഒരിടത്തു നിന്നുതന്നെ രണ്ട പേരുടെയും കാര്യം തീരുമാനിക്കാം."

"ഫലടക് ഒക്കെ എനിക്കറിയാം സർ. ഒക്കെയറിയാം. നിങ്ങളുടെ ഗാർഡിയൻ ആ അമ്മാവർ തന്നെയാണു് എന്നും അറിയാം. ബി. ഏ. ഓണേഴ്സ് (ഫിലാസഫി) ആണെന്നും അറിയാം. സെക്കൻഡ് ക്ലാസ്സ്. അനന്തബാബു രണ്ട നരികളെ കൊന്നിട്ടുണ്ടു്. ശിക്കാരി, ഫുട്ബോാം ചാമ്പിയൻ—എല്ലാം അറിയാം. ടൂ ദി പോയിൻറ്. എനിക്കു് സകലതും നിശ്ചയമുണ്ടു്. എന്നാൽ അങ്ങനെയാവട്ടെ സർ! നമസ്കാരം!"

പറയുന്നതിനിടക്കു് ട്രെയിൻ എത്തി. അതു് രണ്ട കൂട്ടരുടേയും നടുവിൽക്കൂടെ കടന്നുപോയി. പുക ചുററിച്ചുഴന്നു് മേൽപോട്ടു പൊങ്ങി.

ആകാശത്തിൽ ധൂമവലയം കണക്കു് കറുത്ത കൊററികാം പററമായി പറന്നുകൊണ്ടിരുന്നു.

ഒരു മരത്തിൽ ചാരിനിന്നു് കാളീനാഥൻ അതു നോക്കിക്കൊണ്ടിരുന്നു. അനന്തൻ നിലത്തുകിടന്നു് അകലെ ഉണങ്ങിനിൽക്കുന്ന മരത്തിൽ തോക്കിന്നു് ഉന്നം നോക്കുന്നു.

കാളീനാഥൻ വിളിച്ചു: "അനു നോക്കു നോക്കു!"

"കണ്ട കാളിയേട്ടാ!"

അയാാം തോക്കിൽ ഉണ്ട നിറക്കാൻ തുടങ്ങി. വിൻചെസ്റ്റർ റിപ്പീററർ.

"അനു, കൊററികളെ ഉന്നം വെച്ചു് പൊട്ടിക്കു ഒരു വെടി. ഒററവെടിക്കു കിട്ടിയതു മതി. നായയെ വധിക്കാനാണു് വന്നതു്. പക്ഷെ അതിനെ എല്ലാവരുംകൂടി നേരത്തെ തന്നെ സംഹരിച്ചുകളഞ്ഞു."

"ഛീ: അതുവേണ്ട. വരു, ഞാൻ ഇന്നു നിങ്ങളെ നല്ല മാംസം

തന്നെ തീററാം. കാളീതലയിൽ നിന്നു കൊണ്ടുവരാം.''

''വേണ്ട.''

''എന്തേ?''

''പക്ഷിമാംസംപോലെ വരുമോ പുലിയിറച്ചി?''

അനന്തൻ തോക്കുയത്തി വെടിവെക്കാൻ ഭാവിച്ചു.

കാളീനാഥൻ പറഞ്ഞു: ''ഒന്നിനെയെങ്കിലും വീഴ്ത്താതെ പററില്ല. ഇന്നു് വിവാഹാലോചന വന്നിരിക്കുന്ന ദിവസം. അതു് കൊണ്ടുവന്നിരിക്കുന്നവൻെറ ഓണറിന്നുവേണ്ടിയെങ്കിലും ഒന്നിനെ കശാപ്പാക്കാതെ വയ്യ. നീ കൊല്ലില്ലെങ്കിൽ തോക്കു് എനിക്കു തരു.''

അനന്തൻ കൗതുകത്തോടെ തോക്കു് കാളിയുടെ കയ്യിൽ കൊടുത്തു. ''പിടിച്ചോളു.''

കാളീനാഥൻ ഒന്നു പൊട്ടിച്ചു. പക്ഷികാംക്കു് ഒന്നും പററിയില്ല. അനന്തൻ ഉറക്കെ ചിരിച്ചു. കാളീനാഥൻ തോക്കു നിലത്തിട്ടു.

അനന്തൻ പറഞ്ഞു: ''അയ്യേ! അതു ബുള്ളററായിരുന്നു.''

''ബുള്ളററ്! തോക്കുതന്നപ്പോഠം അതു പറയാതിരുന്നതെന്തേ?''

''എന്താണു പറയാനുള്ളതു്? കാളിക്കയട്ടനറിയാമല്ലോ. പക്ഷികളെ കൊല്ലാനുള്ള കാർട്ടീജ് എൻെറ ബെൽട്ടിൽ കാണില്ല. തരു, തോക്കു്. വരു, വീട്ടിലേക്കു പോകാം. കണ്ടില്ലേ, പ്യൂൺ വരുന്നതു്?''

''അമ്മായി പറഞ്ഞയച്ചതാവും.'' വാച്ചു നോക്കിയിട്ടു് കാളി പറഞ്ഞു: ''പക്ഷേ ഇന്നു് നേരം പതിവിലും കവിഞ്ഞിട്ടില്ലല്ലോ. എന്തെടോ, പ്രഹ്ലാദാ, ഇന്നിത്ര നേരത്തെ?''

പ്യൂൺ പ്രഹ്ലാദൻ അടുത്തെത്തിയപ്പോഠം പറഞ്ഞു: ''യജമാനൻ വിളിക്കുന്നുണ്ടു്. വീട്ടിലേക്കു വരാൻ. ഘടകൻ വന്നിട്ടുണ്ടു്. പെൺകുട്ടിയെ കാണാൻ പോകണമത്രെ. വലിയമ്മ പറയണു. ഇന്നത്തെ പുത്തൻതലമുറക്കാരല്ലേ? പെണ്ണിനെ. അവർ തന്നെ ചെ

ന്നു കണ്ടു് കല്യാണം കഴിക്കട്ടേന്നു്.

കാളി അനന്തൻെറ കയ്യിൽനിന്നു് തോക്കു വീണ്ടും പിടിച്ചു വലിച്ചു. "എനിക്കു തരൂ തോക്കു്. ഇന്നു് എന്തിനെയെങ്കിലും ഒന്നു കൊല്ലണം. എന്തിനെ? അതാ ഒരു നായ. അതിനെത്തന്നെ...."

"കാളിയേട്ടാ."

കാളി അപ്പോഴേക്കു് ഫയർ ചെയ്തുകഴിഞ്ഞിരുന്നു.

നായ മറിഞ്ഞുവീണു.

"എന്താണീ കാട്ടിയതു് കാളിയേട്ടാ?"

കാളി ഒരു വെടികൂടി പൊട്ടിച്ചിട്ടു പറഞ്ഞു: "കണ്ടോ? ഇതിനെയാണു് നായസംഹാരം എന്നു പറയുക."

"ഞാൻ മടയനാണു്. നിങ്ങൾ വിദ്വാൻ. എന്നിട്ടും ഇത്ര മമതയില്ലാത്തവനായതെങ്ങിനെ?"

"മമതയേയും മററും ജയിച്ചവനാണെടോ ഞാൻ. അതില്ലെങ്കിൽപ്പിന്നെ വിദ്യാഭ്യാസംകൊണ്ടു് എന്തു ഫലം? ഇത്തരം ദുർബ്ബലചിന്തകൾ എനിക്കില്ല. വിവാഹാലോചന വന്നിരിക്കുന്നു. അതൊന്നു സെലിബറേററു് ചെയ്യാതിരുന്നാലൊ? വരൂ."

രണ്ടുപേരും എഴുന്നേററു. കുറേ ദൂരം നടന്നു് റയിൽപ്പാതയിൽ കയറി. സിഗ്നൽ ഡൗണായിരിക്കയാണു്. തീവണ്ടി വരുന്നു. വണ്ടി അടുത്തെത്തിയപ്പോൾ ഒരു മുറിയിൽനിന്നു് മുഖം പുറത്തേക്കിട്ടു് ഘടകൻ പല്ലുമുഴുവൻ പുറത്തുകാട്ടി ചിരിച്ചുകൊണ്ടു പറയുകയാണു്: "ആം പക്കാ സർ!"

ട്രെയിൻ കടന്നുപോയി.

*   *   *

ട്രെയിൻ ഒരു സ്റ്റേഷനിൽനിന്നു. ഘടകൻ ഇറങ്ങി. സ്റ്റേഷനിൽനിന്നു് പുറത്തിറങ്ങി ഒരു സൈക്കിൾറിക്ഷയിൽ ചെന്നിരുന്നു. വലിയ ഗേററുള്ള ഭവനത്തിൻെറ മുമ്പിൽ ചെന്നുനിന്നു സൈക്കിൾറിക്ഷ.

മുൻവശത്തു് പൂന്തോട്ടം, പൊയ്ക. ഊക്കൻഭവനം. ഗൃഹനാ

ഥൻ വരാന്തയിൽത്തന്നെ ഇരിക്കുന്നുണ്ടു്. ആം പ്രൗഢനാണു്. പൈജാമയും ജൂബ്ബയുമാണു് വേഷം.

ഒരു അൽസേഷ്യൻ 'കുംഭകർണ്ണ'സേവ നടത്തുന്നു. അതു് ഞെട്ടിയുണർന്നു് അലറി. ഗൃഹനാഥൻ പത്രം വായിക്കുകയായിരുന്നു. തലയുയർത്തിനോക്കി, നായയെ ശാസിച്ചു മിണ്ടാതിരിക്കാൻ. പിന്നെ പ്യൂണിനെ വിളിച്ചു.

പ്യൂണിനു പകരം വന്നതു് മീനയാണു്. കയ്യിൽ പുസ്തകം.

"എന്താണച്ഛാ വേണ്ടതു്?"

"പ്യൂൺ എവിടെ? നായയെ പിടിച്ചുകൊണ്ടു പോകു. സിധുഘടക് വരുന്നുണ്ടു്. കുറച്ചു ശല്യപ്പെടുത്തും. അയാളെ അവനു് കണ്ണിനു കണ്ടുകൂടാ."

മീന ഉടൽ അഴിച്ചുകൊണ്ടു പറഞ്ഞു: "ഞാൻ അപ്പുറത്തേക്കു കൊണ്ടുപെയ്ക്കോളാം, അച്ഛാ."

"അവൻ നാൾചെല്ലുംതോറും ദുഷ്ടനായി വരികയാണു്."

"അല്ല അച്ഛാ! ജാക്കിയല്ല ദുഷ്ടൻ, ആ ഘടകൻ തന്നെയാണു് ദുഷ്ടൻ. ജാക്കിക്കു് അൺകാംച്ചേഡ് ആയിട്ടുള്ളവരെ തീരെ കണ്ടുകൂടാ. ഈ ഘടകൻ എന്തൊരു സംസ്കാരശൂന്യനാണെന്നു നോക്കു! അച്ഛാ, ഇന്നും എനിക്കു പുസ്തകങ്ങൾ കൊണ്ടുവന്നു തന്നില്ലല്ലോ."

"പുസ്തകം വാങ്ങിവെച്ചിട്ടുണ്ടു് മോളേ, കൊണ്ടുവരാൻ മറന്നു. ഓഫീസിൽ ഇരിക്കുന്നുണ്ടു്."

"എല്ലാം കിട്ടിയില്ലേ? രവീന്ദ്രകൃതികൾ മുഴുവനും? 'നവയുഗനാരീപ്രശ്നങ്ങൾ' എന്ന പുസ്തകവും?"

"എല്ലാം. മൂന്നു പുസ്തകങ്ങൾ ലിസ്റ്റിൽ പെടാത്തവയും ഉണ്ടു്."

"ഏതെല്ലാമാണവ? പുതിയതായി പ്രസിദ്ധപ്പെടുത്തിയതായിരിക്കും അല്ലേ? ആരാണു് എഴുതിയതു്?"

"പാചകശാസ്ത്രം, ഗൃഹഭരണം, ശിശുക്ഷേമം."

"എന്തേ! എനിക്കു് പാകം ചെയ്യാൻ അറിയില്ല എന്നാ

ണോ വിചാരം? ധാരാളം വായിക്കും. വായന എപ്പോഴും എനിക്കു് ഇഷ്ടമാണു്. എന്നുവെച്ചു് ഞാൻ പാചകശാസ്ത്രവും മററും പഠിച്ചിട്ടില്ല, എനിക്കു് അതൊന്നും ഇഷ്ടമല്ല എന്നു വിചാരിക്കേണ്ട."

"എന്നാലും ഒരിക്കൽ വായിച്ചുനോക്കു. നിന്നെ കാണാൻ ആരോ വരുന്നുണ്ടു്. 'പെക്കി'ന്നു് മാതാപിതാക്കൾ ഇല്ലാത്തതുകൊണ്ടു് അവൻ തന്നെ വരുമെന്നാണു് തോന്നുന്നതു്. പെട്ടെന്നു് എടുത്തു ചോദിച്ചാലോ എന്തൊക്കെ പചിയ്ക്കാനറിയാം, ഇറച്ചിക്കറികളും മീൻ കറികളും. അപ്പോൾ പകച്ചു നിന്നാൽ പററില്ലല്ലോ."

"എന്നെ പരീക്ഷിക്കുമെന്നോ? ഞാൻ ആ വക ചോദ്യങ്ങൾക്കു് ഉത്തരം പറയില്ല."

"നിനക്കു് അയാളോടും മറുചോദ്യം ചോദിക്കാനുള്ള അധികാരം ഉണ്ടു്. ചോദിക്കണം. കാർ ഓടിക്കാനറിയാമോ? കുതിരപ്പുറത്തു് കയറാനറിയുമോ? വേണമെങ്കിൽ അയാൾ ഉത്തരം കിട്ടാതെ മിഴിച്ചുനിൽക്കട്ടെ. നീയെന്തിന്നു് മിഴിച്ചുനിൽക്കാൻ ഇടകൊടുക്കണം?"

ഗൃഹനാഥൻ പൃഥ്വീശബാബു ഇതും പറഞ്ഞു് ചിരിക്കാൻ തുടങ്ങി. മീന നായയേയുംകൊണ്ടു് അപ്പുറത്തേക്കു പോയി. ഗൃഹനാഥൻ പറഞ്ഞു: "അല്ലാ, ഇതാരു് ഘടകനല്ലേ വരു, വരു. മടിച്ചുനിൽക്കണ്ട. നായയെ അപ്പുറത്തേക്കു കൊണ്ടുപോയി." അയാൾ വീണ്ടും ചിരിച്ചു. ഘടകൻ കയറിവന്നു.

"നായ മഹാഭയങ്കരൻ തന്നെ സർ! അതിന്നു് ഒരു വേണ്ടാത്ത ദുശ്ശീലം. പാഞ്ഞെത്തി കണ്ടവരുടെ മുഴുവൻ നെഞ്ചിൽ കാൽ കുത്തിനില്ക്കും. ആദ്യത്തെ ദിവസം ഞാൻ മലന്നടിച്ചു വീഴുകതന്നെ ചെയ്തു. ഹൃദയം സാധാരണ മട്ടിൽ തുടിക്കുന്നതിന്നു് ഒരു മണിക്കൂർ പിടിച്ചു."

"ഇരിക്കു എല്ലാം ശരിപ്പെടുത്തിയിട്ടാണോ വന്നിരിക്കുന്നതു്?"

"സകലതും ശരിപ്പെടുത്തി. തികച്ചും ടു ദി പോയിൻറു് സർ!"

"നല്ല കുടുംബമല്ലേ?"

"ഒന്നാന്തരം. എന്നാലും സർ! ഇവിടത്തെപ്പോലെവരുമോ?"

"എനിക്കു് അതൊന്നും വേണമെന്നില്ലെടോ! എൻെറ മകൾക്കും ആ അഭിപ്രായമില്ല. ഇടത്തരം കുടുംബം, നല്ല ചെക്കൻ, പുസ്തകപ്രണയി. ഇതൊക്കെയേ ഞാനാഗ്രഹിക്കുന്നുള്ളൂ. ഇത്രയും തികഞ്ഞാൽ പിന്നെയൊക്കെ നേരെയായിക്കൊള്ളും. സ്വപ്രയത്നം കൊണ്ടു് അവൻ നല്ല നിലക്കായിക്കൊള്ളും. അതോടൊപ്പം തറവാടും നന്നാവും. പുരാതന ധനികകുടുംബത്തിൽ പിറന്നതുകൊണ്ടുള്ള അലട്ടൽജീവിതം അത്രയും ഞാനനുഭവിച്ചു. വളരെയേറെ പരിശ്രമിച്ചു് പഴമയുടെ ചട്ടക്കൂടടച്ചു് പുതിയ കാററിന്നു പ്രവേശം നൽകി."

"സർ, അതിന്നു ചേന്ന ഒരു ബന്ധമായിരിക്കും ഇതു്. ട ദി പോയിൻറ്."

"പക്ഷേ ചെക്കൻ അരിസ്റ്റോക്രാററിക് മാനേഴ്സ് ഉള്ളവനാവണം. ഉയന്ന തരക്കാരുമായി ഇടപഴകിയവനാകണം."

"അതും നിങ്ങൾക്കു് ഫ്രാക്ഷൻ ഫ്രാക്ഷനായി, അതായതു്, ഖണ്ഡിക ഖണ്ഡികയായി ചേത്തു നോക്കാവുന്നതാണു്. വലിയ ഒരു തറവാട്ടിലെ ഗൃഹനാഥൻെറ മരുമകൻ. അവിടെത്തന്നെ പിറന്നു വളന്നവൻ. വത്തമാനമോ? തിളങ്ങുന്ന വാൾ വീശിയാലെന്നപോലെ. എം. എ. പാസ്സ്! അവർ കുട്ടിയെ കാണാൻ വരുന്നതു് അടുത്ത ബുധനാഴ്ച."

"അവരോ? ആരൊക്കെ? എത്രപേർ ഉണ്ടാവും?"

"രണ്ടുപേർ. ചെക്കൻെറ അമ്മാവന്റെ രണ്ടു പുത്രന്മാർ. ജ്യേഷ്ഠനും അനുജനും. അവർ പറഞ്ഞാൽ മതി ചെക്കന്നു സമ്മതമാവാൻ. അത്രക്കു യോജിപ്പാണു് അവർ തമ്മിൽ. ഹരിഹരന്മാരെപ്പോലെ."

"ചെക്കനെത്തന്നെ കൂട്ടിക്കൊണ്ടുവരണമെന്നല്ലേ പറഞ്ഞിരുന്നതു് ഞാൻ? ചെക്കനും പെണ്ണും പരസ്പരം കണ്ടു സമ്മതം അറിയിക്കട്ടെ."

"എന്തുചെയ്യട്ടെ സർ? ട ദി പോയിൻറ് അവർ എന്തായി

ട്ടം ഒരു പോയിൻറുമായി യോജിക്കാൻ തയ്യാറായില്ല. ചെക്കൻെറ രക്ഷകർത്താവ് അമ്മാവനാണ്. ഊക്കൻ ജമീന്ദാർ. കുലുക്കമില്ലാത്ത ആറം. അയാറം പറഞ്ഞു: 'അതുപററില്ല. ഞാനിരിക്കെ അവൻ എങ്ങിനെ പോകും?' ഗൃഹണി, അതായത്, ചെക്കൻെറ അമ്മായിക്കു വിരോധമുണ്ടായിരുന്നില്ല. അവർ പറഞ്ഞു: 'അവരവൎക്കുള്ള പെണ്ണുങ്ങളെ അവരവർ തന്നെ ചെന്നുകാണട്ടെ.' പക്ഷേ—" തലയാട്ടിക്കൊണ്ടുപറഞ്ഞു ഘടക്: "വെറി ഹെവി ജെൻറിൽമാൻ സർ! ഇളക്കാൻ പ്രയാസം."

"ശരി നിങ്ങറം കൈകാലുകറം കഴുകിവരു. എനിക്കിപ്പോറം തന്നെ ഒന്നു പുത്തോളു പോകണം. വൈകുന്നേരം ബാക്കി കാര്യങ്ങറം ആലോചിക്കാം."

"എനിക്കു് ഇരിക്കാൻ സമയമില്ല സർ! അല്പം തിരക്കുണ്ട്. കഷ്ടിച്ച് അര മണിക്കൂറേ കയ്യിലുള്ളു. വണ്ടി പിടിക്കണം."

"വണ്ടിയോ?"

"അതെ. അടുത്ത ട്രെയിനു വർധമാനത്തിൽ എത്തണം. വർധമാനത്തിലെ പേരുകേട്ട വക്കീൽ ഹർദാസ് ബാബുവിൻെറ ഭവനത്തിൽ. അദ്ദേഹത്തിൻെറ സഃഹാദരിക്കു് വിവാഹാലോചന. ഇതേ ജമീന്ദാറിൻെറ ഇളയ മകൻ. അതായത് ഇവിടെ പെണ്ണുകാണാൻ വരുന്ന ആളില്ലേ, അയാളെക്കൊണ്ടു വിവാഹം കഴിപ്പിക്കാനാണ് ആലോചന. തികച്ചും ടു ദി പോയൻറ് പൊരുത്തപ്പെട്ട വിവാഹം. അവൎക്കു വേണ്ടതു് പഴയ മട്ടിലുള്ള കുടുംബവുമായിട്ടുള്ള ബന്ധമാണ്. ആ പെൺകുട്ടിയെ കാണാൻ പോകുന്നതു് ഇവിടെയ്ക്കാലോചിക്കുന്ന ചെക്കനാണ്. പറഞ്ഞില്ലേ. രണ്ടുപേരും ഹരിഹരന്മാരെപ്പോലെയാണ്. അതുകൊണ്ടുതന്നെയാണ് ഗൃഹനാഥൻ ഇങ്ങിനെ വ്യവസ്ഥ ചെയ്തതു്. കുട്ടികറംതന്നെ പെണ്ണുകാണാൻ പോകണമെന്നു നിർബന്ധമാണെങ്കിൽ ഇവർ അവൻെറ പെണ്ണിനെ ചെന്നുകാണട്ടെ, അവൻ ഇവൻെറ പെണ്ണിനെയും. സമയമില്ല. ഇപ്പോറംതന്നെ പുറപ്പെടണം എനിക്കു്."

"പക്ഷേ."

"നടക്കട്ടെ സർ, അങ്ങിനെ നടക്കട്ടെ. ഇതു കഴിഞ്ഞാൽ ഞാൻ ഒരു ദിവസം ചെക്കനെ കൽക്കത്തയിൽ കൂട്ടിക്കൊണ്ടുവന്ന് അവിടെ ഏതെങ്കിലും ഒരു വീട്ടിൽവെച്ച് ചെക്കനേയും പെണ്ണിനേയും നേരിട്ടു കാണാൻ ഏർപ്പാടുചെയ്യും. രണ്ടുകൂട്ടരും സംഗതിയുടെ രഹസ്യം ഒട്ടറിയുകയുമില്ല. രണ്ടുപേരേയും ഇഷ്ടംപോലെ വർത്തമാനം പറയാൻ വിടും. ഒടുവിൽ പെണ്ണിനോട് അഭിപ്രായം ആരായും. അതൊരു രസമാവില്ലേ സർ!"

"ഉവ്വ് പ്ലാൻ തരക്കേടില്ല."

"എന്നാൽ ഞാൻ ഇറങ്ങട്ടെ സർ! അപ്പോൾ അങ്ങിനെ ഉറപ്പിച്ചു. വരുന്ന ബുധന്ന് ഞാൻ അവരെ കൂട്ടിക്കൊണ്ടുവരാം."

ഘടക് പോയി.

പൃഥ്വീശ്ബാബു തന്നോടായിത്തന്നെ പറഞ്ഞു. "ബുധനാഴ്ച!" ചുവർപഞ്ചാംഗത്തിൽ അയാൾ ബുധനാഴ്ച അടയാളപ്പെടുത്തിവെച്ചു.

ഒരു കാർ വരാന്തക്കു മുമ്പിൽ വന്നുനിന്നു. ഡ്രൈവർ ഇറങ്ങിവന്ന് ഒരു പുസ്തകക്കെട്ട് മേശപ്പുറത്ത് വെച്ചു.

കെട്ടു കണ്ടിട്ട് പൃഥ്വീശ്ബാബു വിളിച്ചു: "മീനേ!"

മറുപടി കിട്ടിയില്ല. അയാൾ എഴുന്നേററ് പുസ്തകക്കെട്ട് എടുത്ത് അകത്തേക്കു കടന്നു. രണ്ടു മുറികൾ കടന്ന് മൂന്നാമത്തെ മുറിയിലെത്തി.

ലൈബ്രേറിയും ആണ് അത്. മീന പുസ്തകങ്ങൾ അടക്കിവെയ്ക്കുയാണ്.

"ഇതാ നിനക്കുള്ള പുസ്തകങ്ങൾ."

മീന ഉത്സാഹത്തോടെ കെട്ടുവാങ്ങി അഴിക്കാൻ തുടങ്ങി. പൃഥ്വീശ്ബാബു പറഞ്ഞു: "ബുധനാഴ്ച അവർ വരും. നീ ഞാൻ പറഞ്ഞപോലെ ചെയ്യണം. പാചകശാസ്ത്രം വായിക്കണം."

അയാൾ പോയി. മീന ഒന്നു ചിരിച്ചു. അവൾ പുസ്തകം നോക്കാൻ തുടങ്ങി. മുകളിൽ തന്നെ 'പാചകശാസ്ത്രം'.

*   *   *

ഗ്രാമത്തിലെ സ്റ്റേഷൻ പ്ലാററ്ഫാം.

അനന്തനും കാളീനാഥനും ബന്ധുക്കളോടൊപ്പം പെണ്ണുകാണാൻ പുറപ്പെട്ടിരിക്കയാണ്.

ബന്ധുക്കൾ ഒരു ബെഞ്ചിൽ ഇരിക്കുന്നു. രണ്ടു പ്യൂൺമാർ ഉണ്ട് ഒപ്പം അവരുടെ യൂണിഫാറത്തിൽ. ഓരോ സെററിൻേറയും കൂട്ടത്തിൽ അവരും പോകും. ബന്ധുക്കൾ മുറുക്ക് പുകവലിക്കയാണ്.

അനന്തനും കാളിയും കുറച്ചു വിട്ട് പ്ലാററഫാമിലെ ഫെൻസിങ്ങിനോടുചേർന്നു നിൽക്കുന്ന മരത്തിൻെറ തണലിൽ നിൽക്കുന്നു. ഒരു നോട്ടുബുക്കിൽ കാളി എന്തോ എഴുതുകയാണ്. കുറച്ചകലെ പാടിക്കൊണ്ടിരിക്കുന്ന ഒരു 'ബാഉൽ'(ബൈരാഗി)നെയാണ് അനന്തൻ ശ്രദ്ധിക്കുന്നത്.

ബൈരാഗി പാടുകയാണ്:

* ഓ ആമാർമനേർ രാധായ് ജംജേ ബേഡായീ തിന്‌ഭുവനേ
തിൻ–മഹലാ ഗോലക്–ധാംധായ് ലുകായ് രാധാ കോൻ
ഗഹനേ?

പാട്ട് അവസാനിച്ചു. അനന്തൻ അടുക്കൽ ചെന്ന് ബൈരാഗിക്കു ഭിക്ഷകൊടുത്തു. കാളീനാഥൻ എഴുത്തുനിർത്തി നെററി ചുളിച്ചുകൊണ്ടു ചോദിച്ചു: "എന്തിനാണ് അവന്നു പൈസ കൊടുത്തത്?"

"എന്താണിതിൽ തരക്കേട്? നിങ്ങൾ ഒരത്ഭുതമനുഷ്യനാണ് കാളിയേട്ടാ!"

"അതെ. നീ ഒരു ഒന്നാന്തരം ഭൂതം."

"എന്തുകൊണ്ട് എത്ര അസ്സലായി പാടിയെന്നു നോക്കൂ. രാധയെ തേടി പുറപ്പെട്ടിരിക്കയല്ലേ നമ്മൾ?"

"ഉവ്വോ കഴുതേ! നീ എൻെറ രാധയെ തേടിപ്പോകുന്നു.

---

* ഞാൻ എൻെറ രാധയെ തിരക്കി നടക്കയാണ് മൂവുലകിലും. എന്നാൽ രാധ എവിടേ ഒളിച്ചിരിക്കുന്നു, ആവോ?

ഞാൻ നിൻെറ രാധയെയും. ആ പിച്ചക്കാരനാകട്ടെ അവൻെറ സ്വന്തം രാധയെയാണ് അന്വേഷിക്കുന്നതു്. അയാൾക്ക് അതിന് പൈസ കൊടുക്കുന്നതിൻെറ ആവശ്യം?''

അനന്തൻ ചിരിക്കാൻ തുടങ്ങി.

കാളീനാഥൻ പറഞ്ഞു: "പിടിച്ചോളു പുസ്തകം. ശ്രദ്ധിച്ചു വായിച്ചുനോക്കു. എല്ലാം വിശദമായി എഴുതി വെച്ചിട്ടുണ്ട്. ട്രെയിനിൽ വെച്ച് കാണാതെ പഠിക്കണം. ഓരോന്നോരോന്നായിട്ടു ചോദിച്ചുനോക്കണം.''

അനന്തൻ പുസ്തകത്തിൽ കണ്ണോടിച്ചിട്ടു ചോദിച്ചു. "എന്താണിതു് കാളിയേട്ടാ, ദസ്തയെവിസ്കി?''

"അതെ. ഒരു റഷ്യൻ നോവലെഴുത്തുകാരൻ.''

"എൻെറമ്മേ! ഹിരണ്യഗർഭമാണ് ഇതിലും എളുപ്പം കാളിയേട്ടാ. ഈ ജാതി വികടം പിടിച്ച പേർ വേണ്ടെന്നു വെക്കു. വിവാഹം ചെയ്തു് വധുവിനെയല്ലേ വീട്ടിലേക്കു കൊണ്ടുവരിക. മാസ്റ്ററെയല്ലല്ലോ. ഈ മതിരി പേരുകളൊന്നും എനിക്കു് നാവിൽ വരില്ല. ഇതിനെക്കാൾ നല്ലതു് കറികൾ എന്തൊക്കെ ഉണ്ടാക്കാനറിയാം എന്നു ചോദിക്കയാവും. ജലധർ (ജലധർ സേൻ—'ഭാരത് വർഷ്'' എന്ന പത്രത്തിൻെറ എഡിററർ) എന്നോ അതേ വിധമുള്ള മററതെങ്കിലും സാഹിത്യകാരന്മാരുടേയോ പേർ പറഞ്ഞുതരൂ, പറയാൻ എളുപ്പമുള്ള വല്ല പേരും.''

"ശരി. മോപ്പസാങ്ങ് എന്നപേർ ഓർക്കാൻ വിഷമമില്ലല്ലോ. ചോദിക്കണം, മോപ്പസാങ്ങിൻെറ കൃതികൾ വായിച്ചിട്ടുണ്ടോ എന്നു്. ഉവ്വ് എന്നാണ് ഉത്തരമെങ്കിൽ അടുത്ത ചോദ്യം, മോപ്പസാങ്ങിൻെറ ഏതു കഥയാണ് അധികം പിടിച്ചതു് എന്നു്. നെക്‌ലസ്സോ ബെൽ ഓഫ് ഫെയിറേറാ? രണ്ടും നീ കേട്ടിട്ടുള്ള കഥയാണ്. ഞാൻ വായിച്ച് അർത്ഥം പറഞ്ഞു തന്നിട്ടുണ്ടല്ലോ.

"ഉവ്വ്. എന്നാലും ഇതിൽ ഭേദം ബങ്കിം ചന്ദ്രനേയും ശരച്ചന്ദ്രനേയും പററി ചോദിക്കയല്ലേ?''

"അല്ല. പിന്നെ ചോദിക്കണം, എലിയററോ നല്ലകവി,

രവീന്ദ്രനാഥനോ? എഴുതിയിട്ടുണ്ട് പുസ്തകത്തിൽ. മറക്കരുത്."

മറുവശത്തുനിന്ന് വണ്ടിയുടെ വരവറിയിക്കുന്ന മണിനാദം കേട്ടു.

ഒരു പ്യൂൺ ഓടിച്ചെന്നു. "വണ്ടിയെത്തിപ്പോയി കൊച്ചെജമാനനേ!"

*　　*　　*

ഹർദാസ്ബാബുവിന്റെ ഭവനം. അണിഞ്ഞൊരുക്കിയ മുറി. കന്യകയെ കാണാനെത്തുന്നവർക്കുവേണ്ടി വിശേഷവിധിയായി ചെയ്ത ഏർപ്പാടാണ് എന്ന് വ്യക്തം.

ഹർദാസ് ബാബു സിഗററ് വലിച്ചുകൊണ്ട് ഒരു പുഷ്പാലികയിൽ പൂക്കൾ വെക്കുന്നു. ആ സമയം ഹർദാസ്ബാബുവിന്റെ അമ്മ നിസ്താരിണീദേവി അവിടേക്കു വരുന്നു. ഹർദാസ്ബാബു സിഗററ് ഒളിച്ചു പിടിക്കുന്നു.

നിസ്താരിണീദേവി പറഞ്ഞു: "ട്രെയിൻ പോയിക്കഴിഞ്ഞല്ലോ ഹർദാസ്. അവരെ കാണാനില്ലല്ലൊ."

ഹർദാസ് വാച്ചിലേക്കു നോക്കിയിട്ടു പറഞ്ഞു: "നാലര അടിച്ചതേയുള്ളൂ അമ്മേ! നാലു് ഇരുപതിനാണ് വണ്ടി. സ്റ്റേഷനിൽ നിന്ന് എത്താൻ കുറച്ചു സമയം പിടിക്കും."

"വലിയ കുടുംബക്കാരാണ് അവർ. അതാണ് സംശയം."

"അതുതന്നെയാണ് അവരുടെ പ്രത്യേകത. വാക്കു മാറില്ല. അതുമല്ല, അവരെപ്പോലെ പഴക്കംചെന്ന പണക്കാരല്ല നമ്മൾ എന്നേയുള്ളൂ. അമ്മയുടെ ആശീർവ്വാദംകൊണ്ടു് നമുക്കു് ഒരു കുറവുമില്ല. ഇപ്പോൾ വല്ലവിധത്തിലും നമ്മെ വഞ്ചിക്കാൻ..."

പുറത്തുനിന്ന് മോട്ടോർഹാണിന്റെ ശബ്ദം.

"അതാ, അവർ എത്തി. അമ്മ അകത്തേക്കു ചെല്ലു."

നിസ്താരിണീദേവി അകത്തേക്കു പോയി.

മുറിയുടെ നടുവിൽ പീഠത്തിൽ ക്യാൻവാസിൽ വരച്ച രണ്ടു ചിത്രങ്ങൾ. അതിന്നു മുമ്പിൽ നമസ്കരിച്ചുകിടക്കയാണ് വ്രജരാ

ണി. പിൻഭാഗം മാത്രമേ കാണുന്നുള്ളൂ. മുടിയഴിഞ്ഞു് പുറം മറയെ ചിതറിക്കിടക്കുന്നു. നിസ്താരിണീദേവി വന്നു് അവളുടെ പുറത്തു് കൈ വെച്ചു.— "ഇനി എണീക്കു. അവർ വന്നു കഴിഞ്ഞു."

അപ്പോഴേക്കു് പുറത്തെ മുറിയിൽ കാളീനാഥനും കൂട്ടരും വന്നു് ഇരുന്നു കഴിഞ്ഞിരുന്നു. വ്രജറാണി പതറാതെ നടന്നുചെന്നു് അവരെ നമസ്കരിച്ചു.

ഘടകൻെറ ശബ്ദം കേൾക്കാറായി: "മുഖം ഉയർത്തു മോളേ, മുഖമുയർത്തു. നമസ്കരിച്ചതു മതി. ഇനി ട്ടദി ഃപായിൻറു് ചേരുമോ എന്നു നോക്കു, സർ!"

വ്രജറാണി പതുക്കെ തല ഉയർത്തി.

പ്രസന്നവും പ്രശാന്തവും നിഷ്കളങ്കവുമായ മുഖം.

കാളീനാഥൻെറ ദൃഷ്ടികൾ അത്യാശ്ചര്യത്താൽ ഇമവെട്ടാതെ നിന്നു.

ഘടകൻ പറഞ്ഞു: "വല്ലതും ചോദിക്കാം വേണമെങ്കിൽ, സർ."

കാളീനാഥൻ: "എ? അതെതെ, നിങ്ങളുടെ പേർ എന്താണു് പറയൂ."

വ്രജറാണി തലതാഴ്ത്തി പറഞ്ഞു: "ശ്രീ വ്രജറാണീഃദവി."

"വ്രജറാണീദേവി! ഒന്നാന്തരം പേർ."

"അതുമാത്രമല്ല, സർ! ദേവിയോടു് ട്ടദി പോയിൻറു് തുല്യം. സാക്ഷാൽ ദേവി!"

"ശരി. രാമായണം വായിച്ചിട്ടുണ്ടാവുമല്ലോ. അതിൽ ഏതു പാത്രമാണു് അധികം ഇഷ്ടം?"

"രാമൻ."

"രാമൻ! രാമൻ സീതയുടെ അഗ്നിപരീക്ഷ നടത്തിയില്ലേ? എന്നിട്ടു് സീതയെ കാട്ടിൽ വിട്ടില്ലേ! എന്നിട്ടും രാമനെയാണിഷ്ടം!"

വ്രജറാണി ആദ്യം ഒന്നു പരുങ്ങി. പിന്നെ പറഞ്ഞു: "പക്ഷേ രാമൻ സീതയെ പ്രാണാധികം സ്നേഹിച്ചു. അദ്ദേഹം തന്നിഷ്ടപ്രകാരമല്ല സീതയെ ദുഃഖിപ്പിച്ചതു്. അദ്ദേഹവും ഇതിൽ കുറച്ചൊന്നുമല്ല സങ്കടപ്പെട്ടതു്. പിന്നെ—"

"പിന്നെ? പറയൂ, പിന്നെ!"

"രാമായണത്തിൽ രാമനെയല്ലാതെ വേറെയാരെയാണ് ഇഷ്ടപ്പെടുക."

ഘടകൻ ഉടൻ കയറിപ്പറഞ്ഞു: "എന്തേ മോളേ! ഹനുമാനില്ലേ?"

വ്രജറാണി ചിരിച്ചു.

"കണ്ടോ സർ ചിരി നോക്കൂ. കണ്ടോ ഈ ചിരിയിൽനിന്നു് മുത്തുകൾ ചിതറും. നോക്കിക്കോളൂ."

വ്രജറാണി നാണിച്ചു തലകുനിച്ചു.

കാളീനാഥൻ പറഞ്ഞു: "ഒന്നാന്തരം ചോദ്യം. രാമായണത്തിൽ രാമനല്ലാതെ ആരുണ്ട് ഇഷ്ടപ്പെടാൻ? എന്നാലും എനിക്കിഷ്ടം സീതയെയാണ്."

ഘടകൻ പറഞ്ഞു: "ഈ പെൺകുട്ടി സാക്ഷാൽ സീതതന്നെയാണ് സർ! പക്ഷേ ഒരു വ്യത്യാസം. ഈ സീതയെ സമ്പാദിക്കാൻ വില്ലു വളക്കണ്ട. അല്ലേ സർ?"

കാളി അയാളെ നോക്കി ഒന്നു ചിരിച്ചു. എന്തോ ആലോചിക്കാൻ തുടങ്ങി. പിന്നെ പറഞ്ഞു: "നേരാണ്. വില്ലുവളക്കേണ്ട."

* * *

തൻെറ മേശപ്പുറത്തു് നോട്ടുബുക്ക് നിവർത്തിവെച്ചു് കാളീനാഥൻ എഴുതുകയാണ്: "ഈ സീതയെ ലഭിക്കുന്നതിനു് വില്ലു വളക്കേണ്ട."

ഏതാനും നിമിഷങ്ങൾക്കുശേഷം അയാൾ "ഈ" എന്നും "വേണ്ട" എന്നും ഉള്ള വാക്കുകൾ വെട്ടി.

അയാൾ താനെഴുതിയതു് ഒരുവട്ടം മനസ്സിരുത്തിവായിച്ചു. മുഖത്തു് ചിന്താദ്യോതകമായ ദൃഷ്ടി. പിന്നെ പേനയെടുത്തു് എഴുതി, "വളക്കേണ്ടിവരും."

കുറച്ചുനേരം ജനലിൽക്കൂടെ പുറത്തേക്കു നോക്കിയിട്ടു് പെട്ടെന്നു് ഒരു കടലാസ് എടുത്തു് എഴുതാൻ തുടങ്ങി.

"ശ്രീമാൻ ഹർദാസ് ബാബു,

ഞാൻ നിങ്ങളുടെ ഒരു കക്ഷിയാണു്. നിങ്ങാം എന്നെ ഒരിക്കൽ ജയിലിൽ പോകാതെ രക്ഷിച്ചിട്ടുണ്ടു്. ആ ഉപകാരം ഞാൻ മറക്കില്ല. അതേ കാരണത്താൽ സ്വയം പ്രേരിതനായിട്ടു് പേരുവെയ്ക്കാത്ത ഈ കത്തെഴുതി അല്പം ഉപകാരം ചെയ്യുവാൻ ഭാവിക്കയാണു്. പേർ പുറത്തു പറഞ്ഞാൽ ഇവിടത്തെ ഞങ്ങളുടെ ജമീന്ദാർ ഹരിഹരചട്ടോപാധ്യായ എൻെറ വീടു കുളംകുത്തും. നിങ്ങളുടെ സഹോദരിയെ ജമീന്ദാർ ഹരിഹരബാബുവിൻെറ പുത്രൻ അനന്തനു വിവാഹം ചെയ്തുകൊടുക്കാൻ ആലോചനയുള്ളതായി അറിയുന്നു. സീതക്കു സമം സുന്ദരിയായ ആ കന്യകയെ അയാാംക്കു കൊടുക്കുന്നതു് വാനരൻെറ കഴുത്തിൽ മുത്തുമാലയിടുവാൻ പുറപ്പെടുന്നതിന്നു തുല്യമായ പ്രവൃത്തിയാവും. അനന്തൻ വലിയ തറവാട്ടുകാരനാണെങ്കിലും സ്വഭാവദൂഷ്യക്കാരനും മദ്യപാനിയും മായനും ആകുന്നു. പണക്കാരൻെറ മുടിയനായ പുത്രനിൽക്കാണാവുന്ന എല്ലാ ദൂഷ്യങ്ങളും അയാാംക്കുമുണ്ടു്. അതിന്നുംപുറമേ അയാളുടെ കുടുംബസ്ഥിതിയും അത്ര നന്നല്ല. ആലോചിച്ചിട്ടു മതി ഈ അടിയന്തിരം നടത്താൻ എന്നാണു് എനിക്കു് അപേക്ഷിക്കാനുള്ളതു്. എന്നു് നിങ്ങളുടെ ഉപകാരത്തിന്നു പാത്രമായ ഒരു വ്യക്തി."

കാളീനാഥൻ കത്തു് ഒന്നു വായിച്ചുനോക്കി.

അതു മടക്കിവെച്ചു് വേറൊരു കടലാസ് എടുത്തു് എഴുതുതുടങ്ങി.

"നമസ്കാരപൂർവ്വം അറിയിക്കുന്നതു്.

ശ്രീമൻ, ആളുകാം പറയുന്നതുകേട്ടു് മനസ്സിലായി—"

പുറത്തുനിന്നു് അനന്തൻ വിളിച്ചു—"കാളിയേട്ടാ!"

കാളി ഞെട്ടിപ്പോയി. വേഗം കത്തും കടലാസും പേനയും എല്ലാം മേശവലിപ്പിലിട്ടു് അടച്ചുകൊണ്ടു് വിളികേട്ടു—"അനു!"

"അതെ. ഞാൻ തന്നെ. നിങ്ങളുടെ പെൺകുട്ടി ഒന്നാന്തരം; കാളിയേട്ടാ!"

കാളീനാഥൻ അയാളുടെ മുഖത്തേക്കു് ഇളകാതെ നോക്കി

ക്കൊണ്ട പറഞ്ഞു: "ഒന്നാന്തരം! നേരാണോ പറയുന്നതു് അനു?"

"നേരാണ് കാളിയേട്ടാ. അസാധാരണ യുവതി."

"നിനക്ക് ഇഷ്ടമായോ?"

"ഉവ്വ്. ഇഷ്ടമായി. എനിക്ക് കണ്ടിട്ട് അത്ഭുതം തോന്നി."

"നീ എന്നെ രക്ഷിച്ചു അനു."

"അതെങ്ങിനെ? കാളിയേട്ടൻ ഉദ്വേഗം കാരണം ഉറങ്ങിയില്ല ഇന്നലെ രാത്രി എന്നു തോന്നുണു."

കാളി ചിരിച്ചുകൊണ്ട പറഞ്ഞു: "പറഞ്ഞില്ലേ, നീ എന്നെ രക്ഷിച്ചുവെന്നു്. ഇതെന്താണ് നിന്റെ കാലിൽ ബാൻേറജ്?"

"സാരമില്ല, ഒരു നിസ്സാരസംഭവം കാളിയേട്ടാ. കാളിയേട്ട ന്റെ ഭാവിവധുവിനെ രക്ഷിക്കാൻ പുറപ്പെട്ടിട്ട കിട്ടിയ സമ്മാ നമാണിതു്. കാലിൽ ചെറിയ ഒരു മുറിവുപററി."

"എന്താണ് സംഭവിച്ചതു്?"

"അതു പറയാതിരിക്കയാണ് ഭേദം. അവരുടെ ഭവനത്തിൽ ചെന്നു കയറിപ്പോഴത്തന്നെ അവിടെ വലിയ കോലാഹലം. സംഗതി എന്തായിരുന്നുവെന്നോ? ഒരു പാമ്പ്...."

"പാമ്പോ?"

"അതെ. ഒന്നാമതു് പഴക്കംചെന്ന ഭവനം. മുൻവശത്തും പിൻവശത്തും പൂന്തോട്ടം. മരക്കൊമ്പിൽക്കൂടെയിറങ്ങി ഒരു വ ലിയപാമ്പ് മുറിയിലേക്ക കടന്നു. ലൈബ്രറിറൂമായിരുന്നു അ തു്. നിറയെ പുസ്തകങ്ങൾ നിറച്ച അലമാരികൾ. കാളിയേട്ടന്റെ ഭാവിവധു മുറിയിലേക്കവന്നു് ഒരു അലമാരി തുറക്കാൻ ഭാവിക്ക യായിരുന്നു. പെട്ടെന്നു ശബ്ദം കേട്ട് അവൾ ഉറക്കെ നിലവിളി ച്ചുകൊണ്ട് ഓടി. അവൾ മേശപ്പുറത്തു കയറിനിന്നു. പാമ്പ് വാ തിൽക്കൽത്തന്നെ വന്നു കിടപ്പായി. ആൎക്കും അകത്തു കടക്കാൻ ധൈര്യമില്ല. ഭയംകൊണ്ട് മിക്കവാറും ബോധം കെട്ട നിലയി ലായിരുന്നു എല്ലാവരും. തോക്കും വടിയും എല്ലാം ഉണ്ട്. ഫലമെ ന്തു്? അടുക്കാൻ ആൎക്കും ചങ്കുറപ്പില്ല ഞാൻ വൎത്തമാനമെല്ലാം അറി ഞ്ഞു് തോക്ക വാങ്ങി മുറിയുടെ പിൻവശത്തെ ജനലിങ്കൽ ചെ

ന്നു് ഇരുമ്പഴി പിടിച്ചുവളച്ചു."

സംഭവം വിവരിക്കാൻ തുടങ്ങിയതോടെ ഓരോ ദൃശ്യവും ചിത്രത്തിലെന്നപോലെ കാളിക്കു കൺമുമ്പിൽ കാണാറായി.

വൃദ്ധപീശബാബുവിൻെറ ഭവനത്തിലെ ലൈബ്രറിമുറി. വാതിൽക്കൽ വളരെപ്പേർ തിങ്ങിനിൽക്കുന്നു. അകത്തു് മേശപ്പുറത്തു് മീന നിൽക്കുന്നു. മേശയുടേയും വാതിലിൻെറയും നടുക്കു് നിലത്തു് ഒരു പാമ്പു് പത്തിവിടർത്തി നിൽക്കുന്നു, ചീററിക്കൊണ്ടു്.

മറുവശത്തു് ജനലിൻെറ ഇരുമ്പഴി വളച്ചു്, തോക്കും കയ്യിൽ പിടിച്ചുകൊണ്ടു് അനന്തൻ മുറിയിലേക്കു കടന്നു. അയാൾ വാതിൽക്കൽനിന്നു് വിട്ടു നിൽക്കാൻ എല്ലാവരോടും പറഞ്ഞു. അയാൾ വെടിവെയ്ക്കാൻ പോകയായിരുന്നു. ചില്ലുകൾ പൊട്ടിത്തെറിക്കാൻ വഴിയുണ്ടു്.

വാതിൽക്കൽനിന്നു് എല്ലാവരും ഒഴിഞ്ഞു. അനന്തൻ വെടിവെച്ചു. സർപ്പത്തിൻെറ ഫണം തകൻ്നു.

അനന്തൻ ചിരിച്ചുകൊണ്ടു് മീനയോടു പറഞ്ഞു: "ഇനി ടേബിളിൽനിന്നു് ഇറങ്ങാം. പിടിക്കണോ?"

മീന ലജ്ജയോടെ പറഞ്ഞു: "വേണ്ട. ഞാൻ ഇറങ്ങിക്കൊള്ളാം. പക്ഷേ അതു് ഇളകുന്നുണ്ടല്ലൊ."

"ഇളകിക്കോട്ടെ. പടം ഉയർത്തുകയില്ല ഇനി." ഇതും പറഞ്ഞു് അയാൾ അടുക്കലേക്കു ചെന്നു് പാമ്പിൻെറ വാലിൽ പിടിച്ചു് അതിനെ തൂക്കിയെടുത്തുകൊണ്ടു് പുറത്തേക്കുവന്നു.

വരാന്തയിൽ വൃദ്ധപീശബാബുവും കൂട്ടരും വിസ്മയത്തോടെ എല്ലാം നോക്കിനിന്നു. അയാൾ അടുക്കലേക്കു ചെന്നു് പറഞ്ഞു: "കളഞ്ഞേക്കു അങ്ങോട്ടു്, പുറത്തേക്കു വലിച്ചെറിഞ്ഞു് കൈ കഴുകു! പ്യൂൺ! വെള്ളവും സോപ്പും കൊണ്ടുവരൂ. ഹോ! യൂ ആർ എ ബ്രേവ് ലാഡ്! നീ ശരിയായ ധീരൻ! എനിക്കു് വലിയ സന്തോഷമായി."

അനന്തൻ സർപ്പത്തെ ഒന്നു നോക്കിയിട്ടു് പുറത്തേക്കു് ഒരേറു കൊടുത്തു. അതു് മുൻവശത്തുള്ള വയലിൽ ചെന്നു വീണു.

ആ സമയം മീന അവിടെക്കു വന്നു.

അവാം പറഞ്ഞു: "അല്ലാ നിങ്ങളുടെ കാൽ എങ്ങിനെയാണു് മുറിഞ്ഞതു്?"

അനന്തൻ തിരിഞ്ഞു് അവളുടെ നേരെ നോക്കി ചിരിച്ചു. പിന്നെ കാലിലേക്കു നോക്കി. കാൽ മുറിഞ്ഞു ചോര വരുന്നു. അയാറം പറഞ്ഞു: "ജനലിൽക്കൂടെ അകത്തേക്കു കടന്നപ്പോറം മുറിഞ്ഞതാവും."

പൃഥ്വീശ്ബാബു പരിഭ്രമത്തോടെ പറഞ്ഞു: "നല്ലപോലെ മുറിഞ്ഞിട്ടുണ്ടല്ലോ!"

അനന്തൻ പറഞ്ഞു: "സാരമില്ല. ചെറിയൊരു മുറിവു്."

"ഹേയ്! ചെറുതൊന്നുമല്ല. മീനേ! ടിഞ്ചർ ഐഡിൻ കൊണ്ടുവരു വേഗം. വൃത്തിയുള്ള ഒരു തുണിക്കഷ്ണവും. ചെല്ലു, വേഗം."

വസ്ത്രന അവസാനിപ്പിച്ചു് അനന്തൻ ചിരിച്ചുകൊണ്ടു കാളീനാഥനെ നോക്കി.

കാളീനാഥൻ ചിരിച്ചുകൊണ്ടു പറഞ്ഞു: "അപ്പോറം നീ രാമനേപ്പോലെ വില്ലു വളച്ചൊടിച്ചിട്ടാണു് വന്നതു് എന്നു പറയൂ!"

"അതെ കാളിയേട്ടനുവേണ്ടി. ലക്ഷ്മണൻ രാമനുവേണ്ടി വില്ലു വളച്ചൊടിച്ചു എന്നും പറയാം."

"പക്ഷേ നിൻെറ വധുവിനെ കണ്ടിട്ടു് എനിക്കു് തീരെ തൃപ്തിതോന്നുന്നില്ല അനു."

"എന്തുകൊണ്ടു്? പെൺകുട്ടി സുന്ദരിയാണെന്നു കേട്ടല്ലോ."

"മൺപാവയും കണ്ടാൽ സൗന്ദര്യമുള്ളതുതന്നെയല്ലേ? മനുഷ്യരേക്കാറം?"

"കാളിയേട്ടാ, ഞാനും മൺപാവയല്ലാത്ത ഒരു മനുഷ്യൻതന്നെയല്ലേ? സ്വർണ്ണത്തിനൊത്ത മനുഷ്യനല്ലല്ലോ. കാളിയേട്ടനാണു് സ്വർണ്ണം."

"അല്ല അനു. നീ സ്വർണ്ണത്തേക്കാറം വിലപിടിച്ചവനാണു്. നീ വൈരമാണു്, മാണിക്കമാണു്. വെള്ളിയിൽ പതിച്ചാലും നീ

ൻെറ മാററം കുറയില്ല. സ്വപ്നത്തിൽ പതിച്ചതുകൊണ്ടു് കുട്ടകയു മില്ല. നിന്നിൽ കലപ്പില്ല. എനിക്കു കലപ്പുണ്ടു്."

കാളീനാഥൻ ഇതും പറഞ്ഞു് വിഷാദത്തോടെ മിണ്ടാതിരു ന്നു.

അനന്തൻ പറഞ്ഞു: "ഏട്ടനെന്താണിത്ര വിഷാദം?"

"എന്തോ ഒരു വല്ലായ്മ."

"പക്ഷെ ഇതിൽ ഏട്ടനെന്തുചെയ്യാൻ കഴിയും?"

"നിന്നെ ഞാൻ പറഞ്ഞു പററിക്കയാണെന്നു തോന്നുന്നു ണ്ടോ?"

"ഏട്ടനെന്താണിതിൽ ഒരു പങ്കു്? എന്നാലല്ലേ വിഷാദത്തി ന്നു വകയുള്ളു?"

കാളീനാഥൻ നെടുവീർപ്പിട്ടിട്ടു പറഞ്ഞു: "നമുക്കു പററില്ലാ ത്ത കാര്യത്തിൽ നമ്മെ കുററപ്പെടുത്താനെന്തുള്ളു? ഇല്ല, കുററമൊ ന്നുമില്ല."

അയാറം വീണ്ടും മൗനംപൂണ്ടു് പുറത്തേക്കു നോക്കിക്കൊണ്ടി രുന്നു.

അനന്തൻ പറഞ്ഞു: "എന്നാൽ ഞാൻ പോകട്ടെ. നിങ്ങറം ക്കു് ഒന്നിനും ഒരുത്സാഹമില്ല."

"നല്ല സുഖമില്ല എനിക്കു്."

"ഊണു് കുറച്ചധികമായി എന്നു തോന്നുണു."

കാളീനാഥൻ ചിരിച്ചുകൊണ്ടു പറഞ്ഞു: "വൈകുന്നേരം വരു."

'വരാം' എന്നു പറഞ്ഞു് അനന്തൻ പോയി:

കാളി കുറച്ചുനേരം മൗനമായി ഇരുന്നിട്ടു് വീണ്ടും കടലാസു് എടുത്തു് എഴുതാൻ തുടങ്ങി.

എഴുതികഴിഞ്ഞപ്പോറം ഒരാവൎത്തി വായിച്ചുനോക്കി.

"നമസ്കാരപൂൎവ്വം അറിയിക്കുന്നു.

ശ്രീമൻ, ആളുകറം പറഞ്ഞറിഞ്ഞു നിങ്ങളുടെ മകളെ ഈ ഗ്രാമത്തിലെ ജമീന്ദാർ കുടുംബത്തിൽപ്പെട്ട ശ്രീ കാളീനാഥചട്ടോ

പാധ്യായക്ക വിവാഹം ചെയ്തുകൊടുക്കാൻ പോകുന്നു എന്നു". നിങ്ങളുടെ പേരും പെരുമയും കേട്ടിട്ടുണ്ടായ ബഹുമാനത്താൽ പ്രേരിതനായി ഞാൻ ഒരു വിവരം അറിയിക്കാൻ ആഗ്രഹിക്കുന്നു. കാളീനാഥൻ പഠിപ്പുള്ളവനാണു്, എം. ഏ. പാസ്സായിട്ടുണ്ടു്, ശരി തന്നെ. പക്ഷെ അതുകൊണ്ടു് അയാൾക്കു് യാതൊരു സ്വഭാവഗുണവും സിദ്ധിച്ചിട്ടില്ല. കിടക്കാൻ വീടില്ല. സ്വഭാവവും മഹാ മോശം. കുട്ടിക്കാലം മുതൽക്കേ മോഷണം തൊഴിലാക്കിയിരിക്കുന്നു. സ്കൂളിൽ സഹപാഠികളുടെ പുസ്തകം മോഷ്ടിച്ചിരുന്നു. ഇപ്പോഴും അടുത്തുള്ളവരോടു കടം വാങ്ങിയാൽ തിരിച്ചുകൊടുക്കുന്ന പതിവില്ല. മതത്തിൽ വിശ്വാസമില്ല. നാസ്തികനാണു്. സത്യം അറിഞ്ഞില്ലെന്നു വരരുതു് എന്നു വെച്ചു് ഇത്രയും എഴുതിയതാണു്. ആലോചിച്ചു പ്രവൎത്തിക്ക.

എന്നു്, ഒരു ശുഭകാംക്ഷി."

ഈ കത്തു് യഥാസമയം പൃഥ്വീശബാബുവിന്നു കിട്ടി. അയാൾ കത്തു് ഒരാവൎത്തി വായിച്ചു് കണ്ണടച്ചിരുന്നു. പിന്നെ മടക്കി കീശയിലിട്ടു. എഴുന്നേററു്, ഗൗരവത്തോടെ അങ്ങോട്ടുമിങ്ങോട്ടും നടക്കാൻ തുടങ്ങി.

പെട്ടെന്നു് അൽസേഷ്യൻ കുരച്ചു.

പൃഥ്വീശബാബു അതിനെ ശാസിച്ചു. "ഛീ! മിണ്ടാതിരിക്കു് അവിടെ."

തിരിഞ്ഞുനോക്കി. ഘടകൻ വരികയാണു്, വിളിച്ചു: "രാമലാൽ!"

രാമലാൽ വന്നപ്പോൾ പറഞ്ഞു: "ഇതിനെ അപ്പുറത്തേക്കു കൊണ്ടുപോക."

രാമലാൽ നായയെ കൊണ്ടുപോയപ്പോൾ ഘടകൻ കയറിവന്നു. അയാൾ നമസ്കരിച്ചിട്ടു പറഞ്ഞു: "അപ്പോൾ സർ, ടു ദി പോയിൻറു് എല്ലാം യോജിക്കുന്ന സ്ഥിതിക്കു് ഇനി വേഗം നടത്തുകയല്ലേ?"

"ഇല്ലാ."

ഘടകൻ വിസ്മയത്തോടെ പറഞ്ഞു: "സർ!"

"ഈ കത്തു് വായിച്ചു നോക്കൂ."

ഘടകൻ കത്തു വായിച്ചു. "സർ, വെറും നുണ. ഒരക്ഷരംപോലും സത്യമല്ല."

"നുണ! ആളുകൾ കത്തെഴുതുന്നതു് നുണ പറയാനോ?"

"പറയും സർ, പറയും. ഹർദാസ്ബാബുവിൻെറ വീട്ടിലും ഇതേ തരത്തിലുള്ള കത്തു് വന്നിട്ടുണ്ടു്."

"നിങ്ങൾ മിണ്ടാതിരിക്കൂ. സംശയം ഉണ്ടായിരിക്കുന്ന സ്ഥിതിക്കു് വിവാഹം നടത്തിക്കൂടാ."

"ശരി, എന്നാൽ വരൂ. വരനെ കണ്ടു്, അന്വേഷണം നടത്തി പോയിൻറ് ബൈ പോയിൻറ് ചേർത്തു നോക്കൂ."

"അതിൽ ഭേദം–"

"പറയൂ, സർ."

"കേൾക്കൂ, അതിൽ ഭേദം നിങ്ങൾ–വരട്ടെ, നിൽക്കൂ. അവനീശ്! അവനീശ്!"

"എന്താണച്ഛാ!" എന്നു ചോദിച്ചുകൊണ്ടു് പൃഥ്വീശബാബുവിൻെറ മൂത്തമകൻ കടന്നുവന്നു.

"അതോ. അനന്തനില്ലേ, മീനയെ കാണാൻ വന്ന കുട്ടി. അയാൾ എങ്ങിനെ?"

"കണ്ടാൽ സുന്ദരൻ! ബ്രേവ്, സ്ട്രോങ്ങ്, മര്യാദക്കാരൻ. തനിക്കു് വലിയ പഠിപ്പൊന്നുമില്ല എന്നു് അയാൾ തന്നെ പറഞ്ഞു."

ഘടകൻ "പഠിപ്പുള്ളവനാണു് സർ, പഠിച്ചിട്ടുണ്ടു്, പാസില്ല എന്നേയുള്ളു. വീട്ടിലിരുന്നു പഠിച്ചിട്ടുണ്ടു്. അറിയാമോ? ഗ്രാമത്തിലെ പ്രഭുകുടുംബത്തിലെ അംഗമാണു്. പഴയ മട്ടു്! ഇംഗ്ലീഷും സംസ്കൃതവും പഠിച്ചിട്ടുണ്ടു്. വിനയം കണ്ടില്ലേ? വിദ്യാ ദദാതി വിനയം! ടു ദി പോയിൻറ്...."

അവനീശൻ പറഞ്ഞു: "ശരിയായിരിക്കണം: അത്ഭുതപ്പെടാനില്ല. ചോദിച്ച ചോദ്യങ്ങൾ കേട്ടോ? മോപ്പസാങ്ങിനെപ്പററി ചോദിച്ചു. എലിയററിനെപ്പററി–"

പൃഥപീശബാബു പറഞ്ഞു: "ഉം. ഈ കത്ത് വായിച്ചുനോക്കു."

കത്ത് അവനീശനു കൊടുത്തിട്ടു പറഞ്ഞു: "എന്തുചെയ്യണമെന്നു പറയൂ."

അവനീശൻ പറഞ്ഞു: "കത്ത് വരൻെറ രക്ഷകർത്താവിന്നു് അയച്ചുകൊടുക്കു."

"വയ്യ. എഴുതിയവൻ വിഷമത്തിലാവും. എഴുതിയവൻെറ ജന്മിയാണ്. അനന്തന്നു വിവാഹം ചെയ്തുകൊടുത്താലോ?"

ഘടകൻ പറഞ്ഞു: "ഒന്നാന്തരമാകും സർ! ഉചിതമാവും. വലിയ കുളത്തിലെ മീൻ വലിയ കുളത്തിലേക്കു്. നേരുപറഞ്ഞാൽ കാളീനാഥൻെറ സ്ഥിതി ഇയാളേയും നിങ്ങളേയും വെച്ചുനോക്കുമ്പോൾ കുളവും പൊട്ടക്കിണറും പോലെ. ട ദി പോയിൻറ് ചേർത്തുനോക്കു."

"അങ്ങിനെ നടക്കട്ടെ ഘടക്! ചെക്കൻ പെണ്ണിനെ കണ്ടു. പെണ്ണ് ചെക്കനേയും കണ്ടു. അങ്ങിനെത്തന്നെ നിശ്ചയിച്ചു അവനീശ്. അതുതന്നെ നടക്കട്ടെ!"

*            *            *

വിവാഹത്തിൻെറ 'ശഹനായി' പൊടിപാറുന്നു.

ദീപാവലികൊണ്ടു തിളങ്ങുന്ന വിവാഹഭവനം. അകത്ത് 'ഉലുലു'(കുരവ)ധ്വനി മുഴങ്ങുന്നു.

ചില അമ്മമാർ സംസാരിക്കുന്നു: "ഇതെന്തൊരു കഥ? വധു മാറിപ്പോയല്ലോ വിവാഹത്തിന്നു്."

"തലയിലെഴുത്തുതന്നെ. തലയിലെഴുത്ത്. ഇതിനെയാണ് പറയുന്നത് വിധിച്ചതേ ലഭിക്കൂ, കൊതിച്ചതു ലഭിക്കില്ല."

"നേരുതന്നേട്ടോ! അല്ലെങ്കിൽ ഒരു കുട്ടിക്ക് പഠിപ്പുള്ള വധു വേണമെന്നു്, മറേറ കുട്ടിക്ക് പഴയ മട്ടുകാരി മതി എന്നു്. ഒടുവിൽ പഠിപ്പുള്ളവൻ പരിഷ്കാരമില്ലാത്തവളെ വിവാഹം ചെയ്തു. പഠിപ്പില്ലാത്ത ഈ അനന്തൻ ഒരു മഹാപരിഷ്കാരിപ്പെണ്ണിനേയും."

"പണ്ടുള്ളവർ പറയാറില്ലേ 'ചക്രനേമിക്രമം' എന്നൊക്കെ?"

"അപ്പോഠം പടിക്കൽ കൊണ്ടുവന്നു കുടം പൊട്ടിച്ചുവെന്നോ വിചാരം? വധുക്കഠംക്ക് ഇഷ്ടമായി. ഈ പെണ്ണ് അനന്തനെ കണ്ടു് മതിമറന്നു. മറേറ പെണ്ണ് കാളിയെക്കണ്ടു് ഭ്രമിച്ചു. എന്നിട്ട് 'കോപഭവന'ത്തിൽ ചെന്നു് കിടന്നു. തങ്ങഠം കണ്ട പുരുഷന്മാരെ മാത്രമേ തങ്ങഠം വിവാഹം ചെയ്യുള്ളുവെന്നു് രണ്ടുപേരും വാശി. ഞങ്ങളൊക്കെ ചെയ്തിരുന്നപോലെ കണ്ണുമടച്ചിട്ടല്ല പെണ്ണുകാണൽ ഇക്കാലത്തു്."

ഒരു സ്ത്രീ അവിടേക്കു് ഓടിയെത്തി.

"എടോ, അനന്തേട്ടൻെറ പെണ്ണ് എത്ര അസ്സലായിട്ട് പാടുന്നു!"

"നേരോ?"

"വരിൻ! വരിൻ! പോയി കേഠംക്കാം."

"അയ്യേ! നാണാവില്ലേ പാടുന്ന ആഠംക്കു്?"

"നാണം? അനന്തേട്ടൻെറ ഭാര്യ എന്നും പറഞ്ഞ ഒരു മോഡേൺ ഗേഠം ആണ്. നീ പറഞ്ഞതു് കാളിയേട്ടൻെറ ഭാര്യക്കു യോജിക്കും. മിണ്ടാതെ ഒരിടത്തു് തലകുനിച്ചിരിക്കുന്നു—ഒരു താമരച്ചെണ്ടുപോലെ. അതിവിശേഷമായ ഒരു ഗന്ധം അവളുടെ ദേഹത്തുനിന്നു് പുറപ്പെടുന്നു."

"മിണ്ടാതിരിക്കു് വായാടി! പാട്ടു കേഠംക്കട്ടെ."

"സത്യമാണ് പറഞ്ഞതു്. നുണ പറയില്ലടീ, ഞാൻ."

"പറഞ്ഞാൽത്തന്നെയെന്താ? അനന്തൻെറ പെണ്ണ് മകൻെറ പെണ്ണല്ലേ?"

"ഞാൻ മിണ്ടാതിരുന്നേക്കാം. എന്നാൽ പോരെ? ഇനി വരുവിൻ! പാട്ടുകേഠംക്കാം."

നന്നായി അലങ്കരിച്ച ഒരു മുറി. രണ്ടു വധുക്കളും ഇരിക്കുന്നു. ചുററും ചെറുപ്പക്കാരികഠം തിങ്ങിനിൽക്കുന്നു.

മീന പാടുന്നു:

സുന്ദര് മമ ഗൃഹേ ആജ്പരമോത്സവ്രാതി.

വ്രജറാണി അടുക്കലിരുന്നു് മനസ്സിരുത്തി കേഠംക്കുകയാണ്.

ഇടക്കിടക്ക് സാരിത്തുമ്പ് തലയിൽ നിന്ന് ഊൻവീഴുന്നു. അവൾ വീണ്ടും തല മൂടുന്നു.

മററൊരു മുറിയിൽ കാളീനാഥനും അനന്തനും ഇരിക്കുന്നു.

പാട്ടിൻെറ സ്വരം അവിടത്തോളം എത്തുന്നു.

കാളീനാഥൻ പറഞ്ഞു: "നീ ജയിച്ചു അനു. നിന്നെ പെണ്ണു കാണാൻ അയയ്ക്കേണ്ടതില്ലായിരുന്നു."

അനന്തൻ ചിരിച്ചുകൊണ്ടു പറഞ്ഞു: "എന്നെ കുററപ്പെടുത്താതിരിക്കു കാളിദയേട്ടാ." പിന്നെ അല്പം ഗൗരവത്തിൽ പറഞ്ഞു: "ഞാൻ ഏട്ടത്തിയമ്മയെ കണ്ടു കാളിദയേട്ടാ. അവർ സ്വർഗ്ഗത്തിലെ ഒരു ദേവിയാണ്. അവരെ കിട്ടിയതു് നിങ്ങളുടെ അതിഭാഗ്യം കൊണ്ടാണ്. നിങ്ങൾ—"

"ഇല്ലില്ല അനു, ഞാൻ നിന്നോട്ട് നേരമ്പോക്കു പറഞ്ഞതാണ്. എനിക്കു തൃപ്തിയായി. പരമതൃപ്തി. എനിക്ക്."

പാട്ട് അവസാനിച്ചു. പുറത്തു് 'ശഹനായി'യുടെ ശബ്ദം മാത്രം കേൾക്കാം.

മുറിയിൽ ക്രമേണ തിരക്ക് ഒഴിഞ്ഞു തുടങ്ങി.

മീനയും വ്രജറാണിയും മാത്രമായി ഒടുവിൽ. രണ്ടുപേരും പൂമാല അണിഞ്ഞിട്ടുണ്ട്.

അപ്പുറത്തു് ശംഖുവിളി. ഒരു യുവതി വന്നു പറഞ്ഞു: "വരുവിൻ! പൂൽശയ്യ(പ്രഥമസമാഗമം)ക്കു സമയമായി.

പുറത്തു് അപ്പോഴും ശഹനായി പൊടിപാറുകയാണ്.

വഴിക്ക് അനന്തൻെറ മുറിയാണ് ആദ്യം. നായാട്ടുമൃഗങ്ങളുടെ തോൽ സജ്ജീകരിച്ചുവച്ചിട്ടുള്ളതു്.

വ്രജറാണി ഞെട്ടിനിന്നു.

"അയ്യോ! ഞാൻ അതു് സത്യമായും ജീവനുള്ള ഒരു നരിയാണെന്നു വിചാരിച്ചുപോയിട്ടോ!"

കൂട്ടുകാരി പറഞ്ഞു: "ഞങ്ങടെ കൊച്ചേട്ടൻ കൊന്ന നരിയാണ് ഇതു്. ആ കരടിയും."

മീന ചോദിച്ചു. "ലൈബ്രറി എവിടെ?"

"ലൈബ്രറിയോ?"

"അതെ പുസ്തകങ്ങളുടെ അലമാരികൾ?"

യുവതി വിസ്മയത്തോടെ അവളെ നോക്കീട്ടു പറഞ്ഞു: "അതൊന്നും എനിക്കറിയില്ല."

പുറത്ത് കുരവയുടെ ശബ്ദം.

ഒരു പ്രൗഢ വന്നു പറഞ്ഞു: "വരിൻ! വരിൻ! വേഗം ആകട്ടെ, മക്കളെ! അവിടെയും ഇവിടെയും നോക്കി നിന്നാൽ നിങ്ങൾക്കു വിലപ്പെട്ട നിമിഷങ്ങൾ വെറുതേ പോകും."

സുസജ്ജിതമായ ശയനഗൃഹത്തിൽ അനന്തൻ പുഷ്പാവൃതമായ ശയ്യക്കരികിൽ നിൽക്കുന്നു.

പ്രൗഢ മീനയെ മുറിയിലേയ്ക്കു് ആനയിച്ചിട്ടു പറഞ്ഞു: "ന്നാ, പിടച്ചോ അർജ്ജുനവീരാ, നിൻെറ സുഭദ്രയെ. എന്തൊക്കെ സംഭവിച്ചുകൂട. മററൊരാൾക്കു നിശ്ചയിച്ച പെണ്ണിനെ തട്ടിയെടുക്കുക. സുഭദ്രാഹരണം തന്നെ ഇതു്. ഒന്നു് ഒപ്പം ചേർന്നു് നിക്കിൻ! നോക്കട്ടെ ജോഡി."

മീന തിരിഞ്ഞുനിന്നു.

അനന്തൻ ചിരിച്ചുകൊണ്ടു പറഞ്ഞു: "അതൊന്നും ഇന്നത്തെ കാലത്തു നടക്കില്ല, ചിററമ്മേ!"

"എന്നാൽ എനിക്കു് ഒന്നും പറയാനില്ല കുട്ടാ! ദാ ഞാൻ പാടുനോക്കി പോകയാണു്. വാതിലടച്ചോളൂ. ഇവിടെയുള്ള വായാടിചെറുപ്പക്കാരികൾ എന്തൊരു ദുഷ്ടകളാണെന്നറിയാമല്ലൊ. കുറച്ചു പതുക്കെ വർത്തമാനംപറഞ്ഞാൽ മതി."

പ്രൗഢ പോയി. അനന്തൻ വാതിൽ അടച്ചു തിരിഞ്ഞുനിന്നു.

മീന പറഞ്ഞു: "നിങ്ങളുടെ വീട്ടിലെ സ്ത്രീകൾക്കു് ഒരു പരിഷ്കാരവുമില്ലല്ലൊ. എന്തൊക്കെയാണു് ഇവററ പറയുന്നതു്! അശ്രീകരം!"

അനന്തൻ ചിരിച്ചു: "എന്താണു പറഞ്ഞതു്?"

"പറഞ്ഞതോ നിങ്ങൾ ഈ ചിററമ്മയെന്നു വിളിച്ചു ആ തള്ളതന്നെ .... സുഭദ്രാഹരണമാണത്രെ. എന്തു ഹരണം? ഛീ!"

"അതു് പുരാണങ്ങളിൽ പറയുന്ന ഒരു കഥയാണു്."

പുരാണത്തിൽ പറഞ്ഞിട്ടുള്ളതെല്ലാം നല്ലതാണെന്നാണോ ഭാവം?"

"ശരി. എന്നാൽ ഇനി ഇങ്ങിനെ പറയാൻ പഠിപ്പിക്കാം. കെട്ടുകഥകളിലെ രാജകുമാരനെപ്പോലെ പെരുമ്പാമ്പിനെ കൊന്നു് രാജകന്യകയെ സ്വയംവരം ചെയ്തു."

മീന ചിരിച്ചു. അവരം പറഞ്ഞു. "അത്ഭുതം! ഈ നരി.

"ഒററ വെടിക്കു കൊന്നു."

"പക്ഷേ നിങ്ങളുടെ ലൈബ്രറി എവിടെ?"

"ലൈബ്രറി."

"അതെ. പുത്തു് വേറെ വല്ല മുറിയിലും ആണെന്നു തോന്നുണു. അതു പററില്ല. ഈ മുറിയിൽത്തന്നെ വേണം."

അനന്തൻ സ്തംഭിച്ചു നിന്നുപോയി.

"നിങ്ങരം മാത്രം വായിച്ചാൽ പോര. എനിക്കും വായിക്കണം. എനിക്കു എത്രവായിച്ചാലും മതിയാവില്ല. നിങ്ങരംക്കറിഞ്ഞുകൂടായിരിക്കും. എനിക്കു് ഏററവും അധികം വെറുപ്പു് അവിദ്യയോടാണു്."

അനന്തൻ വിളത്തുപോയി. അയാരം പറഞ്ഞു: "പക്ഷേ എനിക്കു് ലൈബ്രറി ഇല്ലല്ലോ."

"ഇല്ലേ!" പെട്ടെന്നു് ഒരിടി കിട്ടിയപോലെ മീന സ്തംഭിച്ചുപോയി.

"ഇല്ല. ഞാൻ അധികമൊന്നും പഠിച്ചിട്ടില്ല. അതു നിങ്ങരംക്കു് അറിയുകയും ചെയ്യാം. എനിക്കു് പഠിക്കാൻ ഇഷ്ടമുണ്ടായിരുന്നില്ല."

മീന അലറി: "അപ്പോരം നിങ്ങരം ഞങ്ങളെ വഞ്ചിച്ചു.

"മീനേ, എന്താണിപ്പറയുന്നതു്?"

"സത്യമാണു് പറഞ്ഞതു്. ഘടകൻ പറഞ്ഞതു്...." മീന ഓടിച്ചെന്നു് കട്ടിലിൽ കവിഴ്ന്നുകിടന്നു.

അനന്തൻ ഏതാനും നിമിഷം പകച്ചുനിന്നു. പിന്നെ ഉറ

ന്നിട്ട ജനലിന്റെ അട്ടക്കൽ പതുക്കെ ചെന്നുനിന്നു. അപ്പോഠം അയാഠംക്ക് കാളീനാഥനും വ്രജറാണിയും പതുക്കെപ്പതുക്കെ വർത്തമാനം പറയുന്നതു കേഠംക്കാൻ കഴിഞ്ഞു.

കാളീനാഥൻ പറയുകയാണ്: "നീ ഓക്കുന്നില്ലേ നീതന്നെ പറഞ്ഞതാണ്. രാമായണത്തിൽ രാമനെയല്ലാതെ മററാരെയാണ് ഇഷ്ടപ്പെടുക? സീത പ്രാണാധികപ്രിയയായിരുന്നതുകൊണ്ടുതന്നെയാണ് സീതയെ ദുഃഖിപ്പിക്കാൻ മനസ്സുവന്നത്."

വ്രജറാണി പറയുന്നതു കേട്ടു: "അതു മറക്കുമോ ഞാൻ?"

"അറിയാമോ, ഇതു ഞങ്ങളുടെ ഭവനമല്ല ഞങ്ങളുടെ വീട് ദരിദ്രമാണ്. നിനക്കു പിടിക്കില്ലേ?"

"അതുതന്നെയാണ് എന്റെയും ഭവനം. ശിവൻ ശ്മശാനത്തിലാണ് താമസിക്കുന്നത്. ഗൗരിക്ക് അതുതന്നെ രാജപ്രാസാദം."

ഇടക്കിടയ്ക്ക് പുറത്ത് മരക്കൊമ്പത്തിരുന്ന് മൂളിയിരുന്ന ഒരു മൂങ്ങ വളരെ പതുക്കെയുള്ള ഈ സംസാരം കേഠംക്കുന്നതിനു തടസ്സമുണ്ടാക്കി. അനന്തൻ അങ്ങോട്ടുതന്നെ ക്രൂരദൃഷ്ടിയോടെ നോക്കി പെട്ടെന്നു തോക്കെടുത്ത് വെടിവെച്ചു.

പുറത്ത് 'ശഹനായി' പെട്ടെന്നു നിലച്ചു.

കാളീനാഥൻ ഉറക്കെ വിളിച്ചുചോദിച്ചു: "എന്താണിത്?"

മീന ഞെട്ടിയെഴുന്നേററു.

അനന്തൻ വാതിൽ തുറന്നു. പുറത്ത് അമ്മയും കാളീനാഥനും മററുപലരും വന്നുനിൽക്കുന്നു.

"എന്താണിത് അനു!"

"ഒരു കരുത്ത മൂങ്ങ വന്നിരുന്നു മോങ്ങുകയായിരുന്നു. വെടിവെച്ചു കൊന്നു. മാറിനിൽക്കു. പോകട്ടെ."

"എവിടേക്ക്?"

"തല വല്ലാതെ നോവുന്നു. തലയൊന്നു കഴുകട്ടെ."

മീന കിടക്കയിൽത്തന്നെ ഇരിക്കയാണ്. അവളുടെ മുഖം വല്ലാതെ വിളർത്തുപോയിരുന്നു.

* * *

മീന പിതൃഗൃഹത്തിൽ തിരിച്ചുവന്നിരിക്കയാണു്. സമാഗമരാത്രിയിൽ കണ്ട അതേ മുഖം. അതേ വേഷം.

അമ്മ ചോദിച്ചു: "നിനക്കെന്തു പററി മീനേ, നിൻെറ മുഖം എന്തുപോലെ ഇരിക്കുന്നു!"

മീന മുറിയിൽ നിൽക്കുകയാണു്. അടുക്കൽ അവളുടെ പെട്ടി. തറയിൽ പല സാധനങ്ങളും ചിതറിക്കിടക്കുന്നു.

വീട്ടിലുള്ള സ്ത്രീകറം ചുററം നിൽക്കുന്നു.

അമ്മ ചോദിച്ചതിന്നു മീന ഒരു മറുപടിയും പറഞ്ഞില്ല.

അമ്മ അടുക്കലേക്കു ചെന്നു് കവിളിൽ കൈവെച്ചുകൊണ്ടു് ചോദിച്ചു: "അസുഖമൊന്നും ഇല്ലല്ലോ?"

മീന അമ്മയുടെ മാറിൽ തലചായ്ച്ചുനിന്നു.

"മീനേ!"

മീന കരയാൻ തുടങ്ങി.

അമ്മ പറഞ്ഞു: "എല്ലാവരും ഒന്നു് അപ്പുറത്തേക്കു പോവിൻ, കേട്ടില്ലേ പറഞ്ഞതു്?"

ആരോ പറഞ്ഞു: "ആദ്യം 'അഷ്ടമംഗലാ'(വിവാഹം കഴിഞ്ഞു് എട്ടു ദിവസം) കർമ്മങ്ങറം നിർവ്വഹിക്കു."

അമ്മ ശാസിച്ചു: "അതൊക്കെ ഞാനായിക്കോളാം. നിങ്ങളോടൊക്കെ പോകാനല്ലേ പറഞ്ഞതു്. പൊയ്ക്കോളിൻ വേഗം."

എല്ലാവരും പുറത്തേക്കു പോയി.

"മീനേ!"

മുഖം മാറിൽനിന്നു് എടുക്കാതെതന്നെ മീന പറഞ്ഞു: "നിങ്ങളെല്ലാവരും കൂടി ഒടുക്കം എന്നെ ഒരു പഠിപ്പില്ലാത്ത പണക്കാരനു കെട്ടിക്കൊടുത്തു."

"എന്താണു് നീ പറയുന്നതു് മീനേ?"

"നേരാണു് അമ്മേ!"

അമ്മ മകളെ പിടിച്ചു് നേരെ നിറുത്തിക്കൊണ്ടു പറഞ്ഞു: "മീനേ!"

"ഒമ്പതാം ക്ലാസ്സുവരെ പഠിച്ചു് പഠിപ്പുനിർത്തി അമ്മേ! നാ

യാട്ട ചെയ്യുക, നരിയേയും പുലിയേയും കൊല്ലുക, നിത്യവും പുല ച്ചക്കെഴുന്നേററ് കസൎത്തുചെയ്യുക, വീട്ടിൽ തോക്കും വാളും കുന്ത വും മറെറയേ ഉള്ളൂ. ഒരൊററ പുസ്തകം വായിക്കില്ല.''

''പക്ഷേ ഘടകൻ പറഞ്ഞല്ലോ....''

''നുണ, നുണ! എല്ലാം ശുദ്ധമേ നുണ!''

''ഘടകൻ നുണ പറഞ്ഞെന്നുവരാം. പക്ഷേ നിന്നെ കാ ണാൻ വന്നപ്പോഗം....''

''അതൊക്കെ അയാളുടെ ചിററമ്മയുടെ മകൻ നോട്ടുബുക്കി ലെഴുതിക്കൊടുത്തു് കാണാതെ പഠിപ്പിച്ചതാണു്.''

അവഗം വീണ്ടും മാറിൽ തലചാച്ചു കരയാൻ തുടങ്ങി.

അമ്മ അവളുടെ പുറം തടവിക്കൊണ്ടു വിളിച്ചു: ''രാമലാൽ.''

രാമലാൽ മുമ്പിൽ വന്നു നിന്നു.

''യജമാനനെ വിളിക്കൂ. വേഗം വരാൻ പറയണം. വരൂ, മു ഖംകഴുകൂ മോളേ! അതുകൊണ്ടൊക്കെ എന്താ? അനന്തൻ പോയി പഠിക്കട്ടെ വീണ്ടും. നല്ല മാസ്റ്ററെവെച്ചു പഠിക്കട്ടെ.''

അനന്തൻ പുറത്തു് മിണ്ടാതെ ഇരിക്കയാണു്. അയാളുടെ വലിയ സ്യാലൻ അവനീശൻ അടുക്കൽ ഉണ്ടു്. ഏതാനും ചെറു കിടാങ്ങഗം അയാളെ മിഴിച്ചുനോക്കിക്കൊണ്ടു നിൽക്കുന്നു.

അവനീശൻ വായിൽ തോന്നിയതൊക്കെ പറഞ്ഞുകൊണ്ടി രുന്നു. അനന്തൻ വിഷാദംകൊണ്ടു് മൗനമവലംബിച്ചിരിക്കയാണു്.

അവനീശൻ പറഞ്ഞു: ''എനിക്കു് ഒരു ചങ്ങാതിയുണ്ടു്. ഷിക്കാരി. കൊല്ലംതോറും ഹേമന്തത്തിനു് ഹസാരിബാഗിലോ തരായിയിലോ ആസ്സാമിലോ എവിടെയെങ്കിലും ഷിക്കാറിനു പോകും. ജിപ്പും കാറും ഒക്കെയായിട്ടു് വലിയ ആഘോഷമായി ട്ടാണു് യാത്ര. നിങ്ങളെ പരിചയപ്പെടുത്തിത്തരാം. നിങ്ങഗക്കു് പിടിക്കാതെ വരില്ല ആളെ. ഇഷ്ടൻ ഏറുമാടം വെച്ചുകെട്ടി അതി ലിരുന്നു് നരിയെ നായാടും. ടെൻറിൽ ഇരുന്നു പുസ്തകം വായിക്കും. ബിസിനസ്സ്മാനാണു്. പുസ്തകം വായിക്കാൻ സമയം കഷ്ടി പിഷ്ടി. നായാട്ടിനു പോകുമ്പോഴാണു് പുസ്തകവായന. ഒരു കെട്ടു

പുസ്തകം വായിച്ചു് തീക്കും.''

ഇതും പറഞ്ഞു ചിരിച്ചുകൊണ്ടു് അയാം സിഗററിൻെറ ചാരം കുടഞ്ഞുവീഴ്ത്തി.

ഒരു കുട്ടി ഓടിവന്നു് ഒരു പുസ്തകം അനന്തനു കൊടുത്തിട്ടു പറഞ്ഞു: ''വായിച്ചോളു ഏട്ടൻ!''

അനന്തൻ പുസ്തകത്തിലേക്കു നോക്കി. പിന്നെ കുട്ടിയുടെ നേരെ.

അവനീശൻ പുസ്തകം വങ്ങിനോക്കിയിട്ടു പറഞ്ഞു: ''ഷോർട്ടു് സ്റ്റോറീസ് ഓഫ് മോപ്പസാങ്ങ്. മോപ്പസാങ്ങ് നിങ്ങളുടെ ഫേവറിററാണ് അല്ലേ?''

അനന്തൻ നിവന്നിരുന്നു. അയാം പറഞ്ഞു: ''മോപ്പസാങ്ങിൻെറ രണ്ടുമൂന്നു കഥകൾ ഞാൻ ബംഗാളിയിൽ വായിച്ചിട്ടുണ്ടു് അവനീശ്ബാബു. എന്നാൽ ഇംഗ്ലീഷിൽ വായിച്ചിട്ടില്ല. എനിക്കു് ഇംഗ്ലീഷ് അത്രയ്ക്കൊന്നും അറിയില്ല.''

''അറിയില്ല! എന്താണിതു്?''

''അതെ. അതിൽ എനിക്കു് ലജ്ജയും തോന്നുന്നില്ല.'' അയാം കുട്ടിയെ നോക്കി പറഞ്ഞു: ''പുസ്തകം നീ എടുത്തുകൊണ്ടു പൊയ്ക്കോളു.'' അയാം ചിരിച്ചു. കുട്ടത്ത ചിരി.

പൃഥ്വീശബാബുവും പത്നിയും ഈ സമയം അവിടേക്കുവന്നു.

അവനീശൻ എഴുന്നേററു; അനന്തനും. രണ്ടുപേരേയും നമസ്കരിച്ചു. ആദ്യം ശ്വശ്രുവിനെ.

പൃഥ്വീശബാബു ചോദിച്ചു: ''ഇനി എന്തിനാണു്? ഒരിക്കൽ നമസ്കരിച്ചതല്ലേ?''

അനന്തൻ പറഞ്ഞു: ''ഇതാണ് എൻെറ നിയമം.''

''വേണ്ടാത്ത യമവും നിയമവും ഒക്കെ വേണ്ടെന്നു വെക്കണം. കാലത്തിന്നു യോജിച്ച മനുഷ്യനാകാൻ നോക്കു. പറയുന്നതു് കേട്ടോളു. ഞാൻ കൽക്കത്തക്കു പോകയാണു്. കൽക്കത്തയിൽ നിൻെറ താമസത്തിന്നുവേണ്ട ഏർപ്പാടു ചെയ്യുന്നതാണു്. നിൻെറ അച്ഛനും എഴുതാം. കൽക്കത്തയിൽ ചെന്നു് നീ നല്ലവണ്ണം പഠിച്ചു നന്നാവ

വാൻ നോക്കുന്നു. നിനക്ക് ഒന്നും അറിഞ്ഞുകൂട എന്നു പറയുന്നില്ല. എന്നാലും കുറേക്കൂടിയൊക്കെ പഠിക്കണം.''

അനന്തൻ പെട്ടെന്ന് ഔദ്ധത്യത്തോടെ തലയുയർത്തിനിന്നു.

മീനയുടെ അമ്മ പറഞ്ഞു: ''വരു, അകത്തേക്കു വരു. അതൊക്കെ പിന്നെ ആലോചിക്കാം.''

അയാളെ ഒരു മുറിയിൽ ഇരുത്തി ടേബിളിൽ ചായയും പലഹാരങ്ങളും. ശ്വശ്രു പറഞ്ഞു. ''വരു. ചായ കുടിക്കു.''

അവിടെ വെച്ചിരിക്കുന്ന വിഭവങ്ങളിൽ കണ്ണു പതിഞ്ഞ ഉടൻ അയാൾ വെച്ചിട്ടുള്ള ഗ്ലാസ്സ് എടുത്തുകൊണ്ടു പറഞ്ഞു: "എന്തിനു കൊള്ളാം ഇതു്? അടസ്സാതെയാണ് വെച്ചിട്ടുള്ളതു്." അയാൾ എഴുന്നേററുപോയി.

പുറത്തു് മകളുടെ കയ്യിൽ വെള്ളത്തിൻെറ ഗ്ലാസ് കൊടുത്തിട്ടു് അമ്മ പറഞ്ഞു: ''മധുരമായി ചിരിച്ചുകൊണ്ടു സംസാരിക്കണം. വിനയത്തോടെ അപേക്ഷിക്കണം. പറയണം. എന്നോടു കോപിക്കരുതു്. എൻെറ ദുഃഖം നിങ്ങൾ മനസ്സിലാക്കണം. എൻെറ മററു ജാമാതാക്കൾ എത്ര വിദ്വാന്മാരാണ് എന്നറിയാമോ? അവരുടെ മുമ്പിൽ എനിക്കു ലജ്ജിക്കാൻ വഴിവെക്കരുതു് എന്നു്. മനസ്സിലായോ? ശരി! കണ്ണീർ തുടച്ചിട്ടു് അകത്തേക്കു ചെല്ലു്.''

മീനയുടെ കണ്ണിൽനിന്നു വെള്ളം വാർന്നു. അമ്മ തുടച്ചുകൊടുത്തു. എന്നിട്ടു് അവളെ മുറിയുടെ വാതിൽക്കൽ കൊണ്ടുപോയി വിട്ടു.

മീന അകത്തേക്കു കടന്നു. അമ്മ കാത്തുനിന്നു. എന്തോ വീഴുന്ന ശബ്ദം. അമ്മ ചോദിച്ചു: ''ഗ്ലാസ്സ് താഴത്തിട്ടോ?''

മുറിയിലേക്കു കടന്നു. അവിടെ മീന വിഷാദത്തോടെ നിൽക്കുന്നതാണ് അവർ കണ്ടതു്. കയ്യിലുണ്ടായിരുന്ന ഗ്ലാസ്സ് താഴെ വീണ് ഉടഞ്ഞിരിക്കുന്നു. മുറിയിൽ ആരുമില്ല. അനന്തൻ പൊയ്ക്കളഞ്ഞു. തീററസ്സാധനങ്ങൾ അങ്ങിനെതന്നെ കിടക്കുന്നു.

*　　　　*　　　　*

കാളീനാഥൻെറ ഭവനം.

അവർ കുടുംബജീവിതം തുടങ്ങിയിരിക്കയാണ്. കാളീനാഥനും വ്രജറാണിയും. കാളീനാഥൻ ഉറക്കുമുറിയിൽ നിന്നുകൊണ്ടു് മുടി ചീവുന്നു. പുറത്തുനിന്നു് വ്രജറാണിയുടെ മൃദസ്വരം കേൾക്കപ്പെടുന്നു.

"സുന്ദരു് മമ ഗൃഹേറ ആജി പരമോത്സവു് രാതി."

കാളീനാഥൻ ചെവിയോർത്തു് കേട്ടു ചിരിക്കുന്നു.

പിന്നെ ചീപ്പു് താഴെ വെച്ചു് വാതിൽ തുറന്നു് അടുത്ത മുറിയിലേക്കു ചെന്നു. ടേബിളിന്മേൽ പൂമാലകൾ ഉണ്ടായിരുന്നു. അതിൽനിന്നു് ഒന്നെടുത്തു് പാടിക്കൊണ്ടു് പുറത്തേക്കു കടന്നു.

"തവ കണ്ഠേദിബ് മാലാ-ദിബ് ചരണേ ഫൂലു്-സാല
ആമി സകല കുഞ്ജകാനനഫിരി ഏനേഛി യൂഥീ ജാതീ."

അടുത്തതു് വായനമുറി.

ഇവിടെ നല്ല വൃത്തിയും വെളിച്ചം. ജനലിൽ കർട്ടൻ. വില പിടിച്ചതല്ലെങ്കിലും ഫർണീച്ചർ സുന്ദരം. അതു് വൃത്തിയായി വെക്കുന്നതിൻെറ പുറകിൽ പ്രയത്നം സ്പഷ്ടം.

പാടിക്കൊണ്ടു് കാളി മുറിയും കടന്നു് പുറത്തു് തളത്തിലെത്തി.

ഒരു ഭാഗത്തു് അടുക്കളയും കലവറയും. മറുവശത്തു് കിണറു്, കുളിമുറി മുതലായവ. കിണറിന്നു ചുററും പൂച്ചെടികൾ.

കലവറമുറിയുടെ മുൻവശമിരുന്നു് വ്രജറാണി പച്ചക്കറി നുറുക്കുകയാണ്. അവൾ ചിരിച്ചുകൊണ്ടു് കാളീനാഥനെ നോക്കി തലകുനിച്ചു. കാളീനാഥൻ പാടിക്കൊണ്ടുതന്നെ മാല അവളുടെ കഴുത്തിൽ ഇട്ടു. അവൾ സലജ്ജം മുഖംതിരിച്ചപ്പോൾ കൈ അരിവാളിൽക്കൊണ്ടു മുറിഞ്ഞു. അവൾ നിലവിളച്ചു: "ഹൗ!"

"കൈ മുറിഞ്ഞോ?"

"ലേശം മുറഞ്ഞു."

"നോക്കട്ടെ, നോക്കട്ടെ." വിരൽ പിടിച്ചു വായിൽ വെക്കാൻ നോക്കുന്നു.

"വിട്ട, വിട്ട."

"നിനക്കറിയല്ല, മുഖത്തു് അമ്മുതുണ്ടു്." ഇതും പറഞ്ഞു് കീശയിൽനിന്നു് ഉറുമാൽ എടുത്തു് വിരലിൽ കെട്ടാൻ പുറപ്പെടുന്നു.

പുറത്തുനിന്നു് ആരോ വിളിക്കുന്നു: "മോളേ!"

വ്രജറാണി പറഞ്ഞു: "വിട്ട വിട്ട, അമ്മായി വന്നു വിളിക്കുന്നു. ഓടിക്കോളൂ. അകത്തു പോയിരിക്കു."

അവാം എഴുന്നേററു. കാശീനാഥൻ ഓടുന്നതിന്നിടക്കു് ആംശ്യംകൊണ്ടു് മാലയുടെ നേരെ അവളുടെ ശ്രദ്ധ ആകഷിക്കുന്നു. വ്രജറാണി മാല ഊരി അയാളുടെ നേക്കു് എറിഞ്ഞിട്ടു് പുറത്തേക്കു് ഓടുന്നു.

വാതിൽ തുറന്നപ്പോറം അനന്തൻെറ അമ്മ അകത്തു പ്രവേശിച്ചു.

"ഇന്നലെ വിവരം ഒന്നും അറിയച്ചില്ലല്ലോ. വിശേഷമൊന്നും ഇല്ലല്ലൊ."

"മറന്നുപോയി അമ്മേ, എനിക്കു് ഇതു് വല്ലാത്ത ഒരു ദുസ്സ്വഭാവമാണു്, മറവി."

"നിനക്കു് അതണല്ലോ പ്രിയം. സാരമില്ല. നീ സുഖമായി ഇരുന്നാൽമതി. എനിക്കു് വേറെ മോഹമൊന്നുമില്ല."

"ഏട്ടവരെ ഇങ്ങോട്ടു കണ്ടിട്ടു കുറെനാളായല്ലോ അമ്മേ!"

"ആരറിഞ്ഞു മോളെ എന്തുപററിയെന്നു്! പെട്ടെന്നു് ഒരു ദിവസം ശ്വശുരഗൃഹത്തിൽ നിന്നു് തിരച്ചുവന്നു് പറയാൻ തുടങ്ങി, ദേഹത്തിനു് ഒരു സുഖമില്ല എന്നു്. അതുകൊണ്ടു് ആരോടും പറയാതെയാണത്രെ ഇറങ്ങിപ്പോന്നതു്. പോന്നവിവരം കത്തുവഴി അറിയിക്കാനാണു് വിചാരിക്കുന്നതത്രെ. അതു മുതൽ തുടങ്ങിയതാണു് നല്ല പാതിയില്ലായ്മ. വെറുതെ ഒരിടത്തു കുത്തിയിരിക്കും."

"മീനയെ കൊണ്ടുവരാഞ്ഞതെന്തേ?"

"അതോ, അവർ പറഞ്ഞുവത്രേ മീന കുറെനാറം അവിടെത്തന്നെ പാക്കട്ടെ എന്നു്. നിൻെറ അമ്മാവനും അതുതന്നെയാണു് പറഞ്ഞതു്. കാളിക്കു് വീട്ടിൽ വേറെയാരുമില്ല. അനന്തൻെറ

സ്ഥിതി അതല്ലല്ലോ. വാസ്തവമെന്തെന്നു് മനസ്സിലാവുന്നില്ല. രണ്ടു ഗൃഹനാഥന്മാരും തമ്മിൽ എഴുത്തുകുത്തുകൾ മുറക്കു നടക്കുന്നുണ്ടു്. എന്താണു് സംഗതിയാവോ!''

''ദേവരനെ ഇങ്ങോട്ടു പറഞ്ഞയക്കൂ. ഞാൻ പറഞ്ഞെന്നു പറയൂ, അമ്മേ!''

''പറയാം.''

*        *        *

അനന്തൻ അയാളുടെ മുറിയിൽ അനങ്ങാതെ നിൽക്കുന്നു. കട്ടിലിൽ ഏതാനും പുസ്തകങ്ങൾ തുറന്നു കിടക്കുന്നു. ചുവരിൽ ആയുധങ്ങൾ. മനസ്സിൽ സംഘട്ടനം നടക്കയാണു്. പെട്ടെന്നു് പുസ്തകങ്ങൾ അടച്ചുവെച്ചു് തോക്കെടുത്തു. കാർട്ടീജ്ബെൽട്ടു് കെട്ടി പുറത്തിറങ്ങി.

പുറത്തെത്തിയപ്പോൾത്തന്നെ കേട്ടതു് അച്ഛൻെറ ശബ്ദമാണു്. കോപത്തോടെയാണു് സംസാരം: ''ഞാൻ ഇതു ക്ഷമിക്കില്ല. ഒരിക്കലുമില്ല.''

അമ്മയുടെ ശബ്ദം: ''മിണ്ടാതിരിക്കൂ. വീട്ടിന്നപമാനം! ഛീ ഛീ.''

അച്ഛൻ ഉറങ്ങുന്ന മുറിയിലാണു് സംസാരം. ഗൃഹനാഥൻ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടു പറഞ്ഞു: ''അനന്തൻ വളരെയേറെ പഠിച്ചിട്ടില്ലെങ്കിലും അവൻ അമാനുഷനല്ല. പിന്നെയെന്താണു് അപമാനം?''

''പക്ഷേ മീന നിങ്ങളുടെ തന്നെ പുത്രവധുവാണു്.''

''ചെയ്യരുതാത്തതു ചെയ്തുപോയി. ഞാൻ തന്നെ ചെന്നുകണ്ടു കാര്യം ഗ്രഹിക്കാതെ ചെയ്ത ഈ വിവാഹം വലിയ തെററായിപ്പോയി. പുതിയ ചിറകു മുളച്ചാൽ ഇങ്ങിനെയൊക്കെത്തന്നെ. മാനത്തു പറക്കുമ്പോൾ നിലത്തു നിൽക്കുന്നവരെ തുച്ഛന്മാരായിത്തോന്നും. ധിക്കാരം നോക്കൂ. എഴുതിയിരിക്കുന്നു അനന്തൻ ഒന്നിനും കൊള്ളാത്തവനാണു് എന്നു്. അതുമാത്രമോ, ഞാൻ വഞ്ചകനാ

ണ്ടെന്നും എഴുതിയിരിക്കുന്നു. വായിച്ചുനോക്കു കത്ത്."

"എന്ത്? എന്തൊക്കെയാണ് പറയുന്നത്?"

"വായിച്ചുനോക്കരുതേ എഴുത്തെഴുതിയിരിക്കുന്നു, എഴുത്ത്! ഞങ്ങളൊക്കെ കഴുതകളാണത്രെ! മകൻെറ വിവാഹം നടത്താൻ കാളീനാഥനെ ദൂഷിച്ച് പേരുവെക്കാതെ കത്തെഴുതിയത്രെ ഞാൻ കള്ളക്കത്തെഴുതിപോലും! ഞാൻ ഈ കത്തിന്നു മറുപടി അയക്കില്ല. നീ മീനയുടെ അമ്മക്കു മറുപടി എഴുതിക്കൊള്ളു. മകളെ അവിടെത്തന്നെ കുടിവെച്ചോട്ടെ."

അയാാം ഇതും പറഞ്ഞ് മുറിയിൽനിന്ന് ഇറങ്ങിപ്പോയി. അനന്തൻ മറെറാരു വാതിലിൽക്കൂടെ അകത്തു കടന്നു.

"അമ്മേ!"

"എന്താണനന്താ?"

"കത്തു നോക്കട്ടെ."

അമ്മ കത്തു കൊടുത്തു. അനന്തൻ വായിച്ചു.

ഒടുവിൽ എഴുതിയിരിക്കുന്നു. "തെളിവിന്ന് ആ പേരു വെക്കാത്ത കത്തും കൂട്ടത്തിൽ വെക്കുന്നു. ഈ കത്ത് നിങ്ങളുടെ നിർദ്ദേശമനുസരിച്ച് ആരോ എഴുതിയതാണെന്ന് എനിക്ക് ഉറപ്പുണ്ട്. എന്ന്, പൃഥ്വീശ് ചട്ടോപാധ്യായ".

അമ്മ പറഞ്ഞു: "നിനക്കു ഞങ്ങാം വേറൊരു വിവാഹം നിശ്ചയിക്കും കുട്ടാ!"

അനന്തൻ ഒന്നും പറയാതെ കവറിൽ തപ്പി പേരു വെക്കാത്ത കത്ത് പുറത്തെടുത്തു.

അമ്മ ചോദിച്ചു: "എന്താണത്?"

"പേരു വെക്കാത്ത കത്ത്."

"നോക്കട്ടെ!"

അനന്തൻ കത്തു നിവർത്തിനോക്കിയ ഉടൻ ഒന്നു ഞെട്ടി.

"എന്താണനന്താ?"

അനന്തൻ കത്ത് കീശയിൽ വെച്ചു.

"നോക്കട്ടെ, കത്തു തരു ഇങ്ങോട്ട്."

"ഇല്ല." അയാൾ പുറത്തേക്കു പോകാൻ തുടങ്ങി.

"അനന്താ!"

"ഇല്ലില്ല, തരില്ല." പെട്ടെന്നു തിരിഞ്ഞു നിന്നിട്ട് പറഞ്ഞു: "കത്ത് ഞാൻ തന്നെയാണ് എഴുതിയത് അമ്മേ! അവരുടെ കുററമൊന്നുമില്ല ഇതിൽ."

"നീയെഴുതിയെന്നോ?"

"അതെ, ഞാൻ തന്നെ."

അയാൾ പുറത്തിറങ്ങി. ഗ്രാമത്തിലെ നിരത്തിലൂടെ തിരിച്ചു.

അനക്കമെററ നട്ടുച്ച. വഴിയരികിൽ ഒരു മരച്ചോട്ടിൽ ഒരു സംഥാൽയുവതി കിടക്കുന്നു. തലക്കൽ ഇരിക്കുന്ന സംഥാൽ യുവാവ് തൻെറ തലയിൽ തിരുകിയിരുന്ന 'കൃഷ്ണചൂഡാ'പുഷ്പം എടുത്ത് അവളെ അണിയിക്കുന്നു.

അനന്തൻ പെട്ടെന്നു നിന്നു.

യുവതി ചിരിച്ചുകൊണ്ടു ചോദിച്ചു: "എന്താണ് നോക്കണത് ബാബു! ഇയാൾ എൻെറ കെട്ടിയവനാണ്."

അനന്തൻ ചിരിച്ചു. വീണ്ടും നടന്നു.

യുവാവ് വിളിച്ചു: "ബാബു!"

"എന്താണ്?"

"പൂക്കൾ വേണോ?"

"എന്തിനാണ് പൂക്കൾ?"

"ഭാര്യക്കു കൊടുക്കാം. മുടിയിൽ ചൂടിക്കാം."

"വേണ്ട. എനിക്കു ഭാര്യയില്ല."

യുവതി എഴുന്നേററിരുന്നിട്ട് പറഞ്ഞു: "അല്ലാ, അന്ന് നിങ്ങളുടെ വിവാഹമല്ലേ നടന്നത്?"

"വധു അച്ഛൻെറ വീട്ടിൽ പോയിരിക്കയാണ്."

"എന്നാൽ....എന്നാൽ ഈ പൂക്കൾ നിങ്ങൾ എടുത്തോളു. ഞങ്ങൾക്കു നാലു പൈസ തന്നാൽ മതി. പൂക്കൾ വേണ്ടെങ്കിൽ വേണ്ട. ഞങ്ങൾക്കു വെറുതെ കുറെ പൈസ തരു."

"അതിനു വിരോധമില്ല." അയാൾ പൈസ കൊടുത്തു എ

ന്നിട്ടു് ഏതാനും അടി നടന്നിട്ടു് പെട്ടെന്നു തിരിഞ്ഞുനിന്നു് പറഞ്ഞു: "പൂക്കാം തരുന്നുണ്ടു എനിക്കു്."

പൂവെടുത്തു് കയ്യിൽ വെച്ചുകൊണ്ടു് അയാാം കളീനാഥൻെറ വീട്ടിൽ ചെന്നു കയറി. വാതിൽക്കൽ ഒന്നു മുട്ടിയിട്ടു് അയാാം പെട്ടെന്നു് അനങ്ങാതെ നിന്നു.

പാട്ടിൻെറ മൃദുസ്വരം ചെവിയിൽ പതിഞ്ഞു.

"സുന്ദരം മമ ഗൃഹേ—"

മുറിയിൽ കാളി കിടക്കയിൽ കിടക്കുന്നു. അയാളുടെ നെററിയിലും മുടിയിലും തടവിക്കൊണ്ടു് വ്രജറാണി പാടുകയാണു്.

"സുന്ദരം മമ ഗൃഹേ".

പെട്ടെന്നു് നിറുത്തിയിട്ടു് വ്രജറാണി പറഞ്ഞു: "പിന്നത്തെ വരിയെന്താ? എത്ര ആലോചിച്ചിട്ടും എനിക്കു പിടി കിട്ടുന്നില്ല."

ചിരിച്ചുകൊണ്ടു് കാളീനാഥൻ ബാക്കി വരി ചൊല്ലിക്കൊടുത്തു. അയാാം അവളെ രവീന്ദ്രസംഗീതം പഠിപ്പിക്കയായിരുന്നു.

കാളീനാഥനു് പലതുമുണ്ടു് മനോരാജ്യങ്ങാം, പലതുമുണ്ടു് സങ്കല്പങ്ങാം. പത്നിയെ ഇംഗ്ലീഷ് പഠിപ്പിക്കണം, പാട്ടുപഠിപ്പിക്കണം. പിന്നേയും എന്തൊക്കെ! ജീവിതസുഖത്തെ മധുരതരവും മധുരതമവുമാക്കണം. അയാാം മൂളിക്കൊടുത്തു. "മധുരതോമാർ ശേഷ് യേ നാ പിയാ." മൂന്നാമത്തെ വരി അവർ ഒപ്പം പാടി.

പെട്ടെന്നു് അതേസമയം ഉച്ചക്കാററിൽ ജനൽവാതിൽ തുറന്നു. മുൻവശത്തുള്ള ബ്രാക്കററിൽനിന്നു് ഒരു പൂപ്പാലിക നിലത്തു വീണു.

വ്രജറാണി ഞെട്ടിപ്പറഞ്ഞു: "കണ്ടോ!" അവാം അതെടുക്കാൻ എഴുന്നേററു.

കാളീനാഥൻ ആദ്യം ഒന്നു പരിഭ്രമിച്ചു. എന്തോ ആപത്തു സംഭവിച്ചപോലെ, ആരോ ഒരു സുന്ദരസ്വപ്നത്തിൽനിന്നു തട്ടിയുണർത്തിയപോലെ. അടുത്തനിമഷം അയാാം വ്രജറാണിയുടെ സാരി പിടിച്ചു വലിച്ചുകൊണ്ടു പറഞ്ഞു: "വേണ്ട." അയാാം ഈ വിശ്വം അനുവദിച്ചുകൊടുക്കില്ല. അയാാം നാസ്തികനാണു്. അയാാം

അട്ടഹസിക്കയാണ് വേണ്ടത്.

"കണ്ടില്ലേ ജനൽ തുറന്നു കിടക്കുന്നത്?"

"കിടക്കട്ടെ."

പുറത്ത് മുട്ടൽ.

കാളീനാഥൻ പുരികം ചുളിച്ചുകൊണ്ട് പറഞ്ഞു: "ഈ നട്ടുച്ചക്ക് ആരണപ്പാ വന്നു മുട്ടിവിളിച്ച് ശല്യപ്പെടുത്തുന്നത്?" അയാഠം ഉറക്കെ ചോദിച്ചു: "ആരു്! അരാത്?"

അനന്തൻെറ ശബ്ദം: "ഞാനാണ് കാളിയേട്ടാ!"

"അനു!"

കാളീനാഥൻ വല്ലാതായി. സ്തംഭിച്ചു ക്ഷീണിച്ചു തളൎന്നപോലെ. അയാളുടെ മുഖം വിളത്തു. അയാഠം വീണ്ടും വീണ്ടും തലയാട്ടിക്കൊണ്ടു പറഞ്ഞു: "ഇല്ല, ഇല്ല."

വ്രജറാണി ആശ്ചര്യപ്പെട്ടുപോയി. "എന്ത് എന്തില്ല? എന്താണ് പറയുന്നത്? ദേവരൻ വന്നിരിക്കുന്നു. ചെന്നുവാതിൽ തുറക്കൂ."

അവഠം വേഗം മുറിക്കു പുറത്തേക്കുപോയി.

കാളിക്ക് സ്വബോധം വന്നു. അയാഠം പറഞ്ഞു: "നീ ഈയിടെ ഇങ്ങോട്ടു കടക്കാതെയായല്ലോ അനു! വരൂ വരൂ!"

അയാഠം വാതിൽ തുറന്നു.

അനന്തൻ ചിരിച്ചുകൊണ്ടു പറഞ്ഞു: "വന്നാൽ നിങ്ങഠംക്കു സന്തോഷമാവുമോ? സത്യം പറയണം."

കാളീനാഥൻ ചിരിച്ചു. അയാഠം അനന്തൻെറ കൈ പിടിച്ചു.

അനന്തൻ പറഞ്ഞു: "നിങ്ങളുടെ ആനന്ദനികുഞ്ജനത്തിന്നു തടസ്സമാവില്ലേ?"

"നിൻെറ ഏട്ടത്തിയമ്മക്ക് എപ്പോഴും നിൻെറ കാര്യങ്ങളെപ്പററിയാണ് സംസാരം. അവഠം പറയാറുണ്ട്, ഞങ്ങളുടെ കുടുംബത്തിലേക്കു ദേവരൻ കടക്കുന്നേയില്ല എന്നു്. എനിക്കും തോന്നാറുണ്ട് ഞങ്ങളുടെ കുടുംബജീവിതം അനുവിന്നു് രസിക്കുന്നില്ലായിരിക്കും എന്നു്. ഒരു സമയം—"

അയാഠം മുഴുവൻ പറഞ്ഞില്ല.

അനന്തൻ പറഞ്ഞു: "ഇല്ല ഏട്ടാ, എനിക്കു് നിങ്ങളോടു് യാതൊരസൂയയും ഇല്ല."

കാളി ദീർഘശ്വാസത്തോടെ പറഞ്ഞു: "അതു് എനിക്കറിയാം."

"ഏട്ടത്തിയുടെ ഗുണഗണങ്ങൾ അമ്മ പറയുന്നതു കേട്ടിട്ടുണ്ടു്. ഏട്ടത്തി വരാൻ പറഞ്ഞയച്ചിട്ടുണ്ടായിരുന്നു. എന്നാൽ—"

"ഓഹോ! അതാണോ വന്നതു്? ഏട്ടനെ കാണാനല്ലേ?"

"അല്ല, ഏട്ടനെ കാണാൻതന്നെ വന്നതു്, സത്യം. ഏട്ടന്നു് ഒരു സാധനം തരാനാണു് വന്നതു്."

"എന്തു്?"

അനന്തൻ കീശയിൽ കയ്യിട്ടു് എന്തോ ആലോചിച്ചു. പിന്നെ കൃഷ്ണചൂഡാപുഷ്പസ്തബകം പുറത്തെടുത്തു: "ഇതാ, ഇതു് ഏട്ടത്തിയുടെ മുടിയിൽ ചൂടിക്കു. എന്നിട്ടു്—"

പെട്ടെന്നു് കീശയിൽ കയ്യിയിട്ടു് കത്തെടുത്തു കൊടുത്തിട്ടു് പറഞ്ഞു. "ഈ കത്തു്—"

"കത്തോ?"

"ഒരു പേരു വെക്കാത്ത കത്തു്, വിവാഹത്തിന്നു മുമ്പു് ആരെന്നറിഞ്ഞുകൂടാ, ഈ ഗ്രാമത്തിൽനിന്നു് എന്റെ ശ്വശുരന്നു് അയച്ചതു്. നോക്കു ഇതു്. ആരായിരിക്കാം അയച്ചതെന്നു് കണ്ടുപിടിക്കാൻ ശ്രമിക്കു."

ഇതും പറഞ്ഞു് അയാൾ പോകാൻ തിരിഞ്ഞു.

കാളീനാഥൻ വിളർത്ത മുഖവുമായി അവിടെത്തന്നെ നിന്നു.

അപ്പോഴേക്കു് വ്രജറാണി വിളിച്ചു: "അനുജാ."

വ്രജറാണിയുടെ കയ്യിൽ കാപ്പിയും പലഹാരവും. കാളീനാഥൻ അവളെ നോക്കി. അനന്തൻ തിരിഞ്ഞുനോക്കി.

വ്രജറാണി ഉറക്കെ പറഞ്ഞു: "അരുതു് കാപ്പി കുടിക്കാതെ പോകരുതു്."

അനന്തൻ പറഞ്ഞു: "ഏട്ടത്തി നിങ്ങൾ സ്വപ്നത്തിലെ ദേവിയാണു്. നിങ്ങളുടെ കൈ കൊണ്ടു നൽകപ്പെടുന്ന ആഹാരം അ

മുതാണു്. അല്ലേ കാളിയേട്ടാ?''

കാളീനാഥൻ പറഞ്ഞു: "എന്റെ തല തിരിയുന്നതുപോലെ അനു! ഞാൻ പോയി കിടക്കട്ടെ. നീ കാപ്പി കുടിച്ചിട്ടു പോയാൽ മതി.

അനന്തൻ മുറിയിൽ കയറിവന്നു് കാപ്പിയും പലഹാരവും കഴിക്കുവാൻ തുടങ്ങി. കാളി ജനലിലേക്കു മുഖംതിരിച്ചു കിടന്നു.

വ്രജറാണി ഗ്ലാസ്സിൽ വെള്ളം കൊണ്ടുവന്നു് മേശമേൽ വെച്ചു. ഒരു പ്ലേററിൽ മുറുക്കാനും. എന്നിട്ടു പറഞ്ഞു: "ഒരു കാര്യം എനിക്കു ചെയ്തുതരണം അനുജാ.''

"എന്താണതു്?''

"ഞാൻ നോമ്പുനോൽക്കാൻപോകയാണു്, സാവിത്രീവ്രതം. നിങ്ങൾ ഞങ്ങളുടെ ബ്രാഹ്മണനാവണം.

"അതു പററില്ല. ഏട്ടത്തി! ഞങ്ങൾ നല്ല ബ്രാഹ്മണരല്ല."

"അല്ല ദേവരാ, ഞാൻ സ്വപ്നത്തിൽ നിങ്ങളെ ബ്രാഹ്മണനാക്കി സ്വീകരിച്ചിരിക്കുന്നതായി കണ്ടു.''

"എന്തൊരാപത്തു്! ഞാൻ ഗായത്രിയും മററും മറന്നേപോയി.'' വെള്ളം കുടിച്ചു ഗ്ലാസ്സ് താഴെ വെച്ചിട്ടു പറഞ്ഞു. "ഒരു ഗ്ലാസ്സ് കൂടി തരു വെള്ളം.''

വ്രജറാണി വെള്ളം കൊണ്ടുവരാൻ പോയി.

അനന്തൻ പറഞ്ഞു: "കാളിയേട്ടാ!''

"അനു!"

"നിങ്ങളുടെ ദേഹത്തിന്നു് എന്താണിത്ര ക്ഷീണം. എഴുന്നേൽക്കു. സാരമില്ല. നിങ്ങളുടെ മനസ്സ് ഇത്ര ദുർബലമാണോ? എഴുന്നേൽക്കു."

വ്രജറാണി വെള്ളവും ടവലും എടുത്തു കൊണ്ടുവന്നു.

വെള്ളം താഴെ വെച്ചിട്ടു് പറഞ്ഞു: "മറെറാരു കാര്യം അനുജാ.''

"എന്താണതു്? ഞാൻ ഗായത്രി ജപിക്കാറുണ്ടു്. അതുകൊണ്ടു് ഞാൻ ബ്രാഹ്മണനാണു്: പക്ഷേ എന്റെ പൂണുനൂൽ അഴുക്കു പുര

ണ്ടതാണ്. ഇനി ദിവസവും അതു് സോപ്പിട്ടു കഴുകി വൃത്തിയാക്കാം. പിന്നെയെന്താണ് ഇനി ചെയ്യേണ്ടതു്?

"മീനയെ കൂട്ടിക്കൊണ്ടു വരു."

കാളീനാഥൻ പെട്ടെന്നു് എഴുന്നേററിരുന്നു. അയാഠം പറഞ്ഞു: "ഞാൻ ഇനി ഒരു കാര്യം പറയാം."

"പറയൂ"

"നീ ദിവസവും ഒരു മണിക്കൂർ എൻറടുക്കൽ വന്നു് പഠിക്കണം അനു."

അനന്തൻ എഴുന്നേററു. "വയ്യ, അതുമാത്രം വയ്യ."

അയാഠം എഴുന്നേററു പുറത്തേക്കു പോയി.

"അനു! അനു!"

അനന്തൻ തിരിഞ്ഞുനിന്നിട്ടു് പറഞ്ഞു: "എനിക്കു നിങ്ങളെപ്പോലെയാവാൻ പററില്ല, കാളിയേട്ടാ! മരിച്ചാലും പററില്ല. അതുമാത്രം പറയണ്ട. പണ്ഡിതനാവുക എളുപ്പമാണോ? എനിക്ക് ഏതായാലും അതിന്നു കഴിയില്ല. ബംഗാളി വായിക്കാനും എഴുതാനും അറിയാം. ബങ്കിം, രവീന്ദ്രനാഥൻ മുതലായവരുടെ കൃതികഠം വായിച്ചിട്ടുണ്ടു്. തടിച്ച ഇംഗ്ലീഷ് പുസ്തകം വായിക്കാൻ അറിയില്ല എന്നേയുള്ളു. വേണ്ട." ഇതും പറഞ്ഞു് അയാഠം പോയി.

അനന്തൻ പോയപ്പോഠം വ്രജറാണി സരളഭാവത്തോടെ പറഞ്ഞു: "നല്ല അനുജൻ! പഠിക്കാൻ പേടിച്ച് പാഠശാലയിൽ നിന്നു് ഓടിപ്പോകുന്ന കുട്ടിയെപ്പോലെ, ഓടിക്കളഞ്ഞു നമ്മുടെ അനുജൻ!"

അവഠം അനന്തൻെറ പുറകേ വാതില്ക്കലോളം ചെന്നു.

താൻതന്നെ എഴുതിയ ആ കത്തു് മുറിയിൽ ഇരുന്നുകൊണ്ടു് കാളി നിവർത്തി നോക്കി. പിന്നെ തലതാഴ്ത്തി ഇരുന്നു.

വിചിത്രമായ ഒരു ശബ്ദം—ടക് ടക് ടക്!

കാളീനാഥൻ എവിടെന്നാണ് ശബ്ദം എന്നറിയാൻ തലയുയർത്തി നോക്കി.

വീണ്ടും അതേ ശബ്ദം—ടക് ടക് ടക്!

ഇത്തവണ ഒരു ഫോട്ടോ അയാളുടെ കണ്ണിൽപ്പെട്ടു. അതിൻെറ തന്നെ അടുത്ത് ചുവരിൽ ഒരു ഗൗളി ഇരിക്കുന്നു.

അയാരം ഒരു മൂലയിൽ തൂക്കിയിട്ടിരുന്ന ചാട്ട കയ്യിലെടുത്തു. ചാട്ട ചുഴററി ഒരടി! 'ഝൺ ഝൺ' ശബ്ദത്തോടെ ഫോട്ടോ തകർന്നുവീണു. ഗൗളി ഓടി ഉത്തരത്തിന്നിടയിൽ മറഞ്ഞു.

തത്സമയം പുറത്തുനിന്ന് അനന്തൻെറ ശബ്ദം കേരംക്കാറായി– "ചെകുത്താൻ! തെമ്മാടി."

വ്രജറാണി കാളീനാഥനെ ഉറക്കെ വിളിച്ചു: "കേട്ടോ!"

വ്രജറാണി പരിഭ്രമത്തോടെ ഓടിയെത്തി. "ദേവരൻ ഒരു തടിയൻ കാബൂളിവാലയോട് ഏററുമുട്ടിയിരിക്കുന്നു. വേഗം വരൂ."

കാളീനാഥൻ ഫോട്ടോവിലേക്കു തന്നെ നോക്കി നിൽക്കയായിരുന്നു. അയാരം പറഞ്ഞു: "ഫോട്ടോ ഉടഞ്ഞുപോയി. ഞാൻ തന്നെയാണ് ഉടച്ചതു്."

അവരം പറഞ്ഞു: "അത് ചില്ലിട്ടുവെച്ചാൽ മതിയല്ലോ. വേഗം ഇങ്ങോട്ടു വരൂ. ആ തടിയൻ കാബൂളിവാല."

നെടുവീർപ്പിട്ട് സ്വയം നിയന്ത്രിച്ചുകൊണ്ട് അയാരം പറഞ്ഞു: "ഇതാണ് അനുവിൻെറ വലിയ ഒരു ദോഷം. കോപിച്ചാൽ അവന്നു ബോധമില്ല."

വ്രജറാണി വിഷാദത്തോടെ പറഞ്ഞു: "ഹൗ! ദേവരൻെറ ആ രൗദ്രരൂപം എന്തുപോലെയിരിക്കുന്നുവെന്ന് എങ്ങനെ പറഞ്ഞറിയിക്കും ഞാൻ? എൻെറ ദേഹമാകെ ഇനിയും വിറക്കുകയാണ്. ഇതു പട്ടുപോലെയുള്ള ഒരു മനുഷ്യൻ എങ്ങനെയാണ് ഇങ്ങനെയാവുന്നതു്?"

വഴിയിൽ നാലുപാടും ജനങ്ങരം കൂടിനിൽക്കുന്നു.

പുരുഷാരത്തിന്നിടയിൽ നിന്ന് ആരോ പറഞ്ഞു: "കൊച്ചെജമാനനേ! മതി. വിടൂ അവനെ."

"യജമാനനേ!"

കാളീനാഥൻ ഓടിയെത്തി; "അനു! അനു! അയാരം വിളിച്ചു."

എല്ലാവരും അയാൾക്കു വഴി മാറിക്കൊടുത്തു.

ആൾക്കൂട്ടത്തിന്നുള്ളിൽ കണ്ടതെന്താണെന്നോ? അനന്തൻ ഒരു കാബൂളിവാലയുടെ മാറിൽ കയറി ഇരിക്കുന്നു. കുപ്പായം കീറി മാംസപേശികൾ മുഴച്ചുനിൽക്കുന്നു. മുടി ചിതറിക്കിടക്കുന്നു. ദേഹത്തു് അവിടവിടെ മുറി പററിയിരിക്കുന്നു.

ആളുകൾ ഒഴിഞ്ഞുകൊടുത്തപ്പോൾ കാളി അകത്തേക്കു കടന്നു പകച്ചുനിന്നു. കുറച്ചുപേടിയും തോന്നി. അനന്തൻെറ രൂപം എന്തു ഭീഷണം, എത്ര ഭയങ്കരം!

അനന്തൻ എഴുന്നേററു് കാബൂളിയോടു പറഞ്ഞു: "ഇനി ഈ വിധം ചെയ്തുപോകരുതു്. നേരത്തെ മുന്നറിയിപ്പു തന്നിരിക്കുന്നു."

കാബൂളി എഴുന്നേററു. അയാൾക്കു് വേണ്ടത്ര അടി കിട്ടിക്കഴിഞ്ഞിരുന്നു. അയാൾ പറഞ്ഞു: "എൻെറ രൂപ ആരു തരും ബാബു?"

"അതു തിരിച്ചു കിട്ടും. നിനക്കു് അയാൾ തരും. എവിടെ നീലമണി?"

ആരോ പറഞ്ഞു: "നീലമണിയോ? കുടിയൻ നീലമണി അവൻ സ്ഥലം വിട്ടിട്ടു് നേരമെത്രയായി!"

"ഓടിക്കളഞ്ഞോ? നാണം കെട്ടവൻ! അവൻ എവിടന്നു തരും പണം, അല്ലേ? ശരി, വരു എൻെറ കൂടെ. പണം ഞാൻ തരാം."

കാളി: "അനു, നില്ലു."

അനന്തൻ: "കാളിയേട്ടാ."

അയാൾ പതുക്കെ ചിരിച്ചു.

കാളി: "ഛരി ഛരി: വരു, അകത്തേക്കു വരു. ചോര വരുന്നു ദേഹത്തുനിന്നു്. പൊടിപുരണ്ടിരിക്കുന്നു ദേഹമാസകലം. കുപ്പായം കീറി."

"വേണ്ട, വീട്ടിലേക്കു പോകയാണു്, ഇയാൾക്കു് പണം കൊടുക്കണം. നീലുവിൻെറ കഴുത്തിൽ രണ്ടും മുണ്ടിട്ടു് വലിച്ചുകൊണ്ടു പോകയായിരുന്നു. ഞാൻ വിടാൻ പറഞ്ഞപ്പോൾ എന്നോടു പ

റഞ്ഞതെന്താണെന്നോ ? 'മിണ്ടാതെ പോയില്ലെങ്കിൽ നിനക്കും കിട്ടും' എന്നു്. ദേഷ്യം വന്നു എനിക്കു്. അവനു പണം കൊടുത്തിട്ടു് ഇനി ഒരു കാര്യം." അയാാം വീണ്ടും ചിരിച്ചു.

കാളി; "ഞാൻ തരാം രൂപ. വരൂ. ഈ വേഷത്തിൽ അങ്ങോട്ടു പോകണ്ട. നിന്നെ ഏട്ടത്തി വിളിക്കുന്നുണ്ടു്." അയാാം അനന്തൻെറ കൈ കടന്നു പിടിച്ചുകൊണ്ടു പറഞ്ഞു: "ഛരി! ഇങ്ങിനെ കോപമോ, ഇങ്ങനെയായാൽ." കാളീനാഥൻ പിന്നെ വല്ലതും പറയാൻ ആളായില്ല. ഹൗ, എന്തൊരു ഉഗ്രകോപം!

അനന്തൻ തലയാട്ടിക്കൊണ്ടു പറഞ്ഞു. "തലയോടിൽ ഒരു അഗ്നിശിഖ കത്തിക്കൊണ്ടു തിരിയുന്നപോലെ. എന്തനെയാ പെട്ടെന്നു് ... ഒരു ക്ഷ നനേരത്തേക്കു്....വരൂ. തല ഒന്നു കഴുകട്ടെ."

അനന്തൻ കാളീനാഥൻെറ വരാന്തയിൽ ഇരുന്നു തല കഴുകുന്നു. അടുത്തു് വ്രജറാണി തോർത്തു് പിടിച്ചുകൊണ്ടു നിൽക്കുന്നു. അനന്തൻ എഴുന്നേററപ്പോാം അവാം തോർത്തു് കൊടുത്തു. അയാാം തല തുവർത്തി. വ്രജറാണി പറഞ്ഞു: "ഒന്നു വീശിത്തരാം അനുജാ."

"വേണ്ട ഏട്ടത്തി, അതൊന്നും വേണ്ട. എൻെറ തല തണുത്തു."

"ഹൗ! എന്തൊരു ശക്തി നിങ്ങാംക്കു്! എന്തൊരു കോപം! ഞാൻ പേടിച്ചു്...."

"ക്ഷമിക്കണം ഏട്ടത്തി! എനിക്കു മാപ്പുതരണം." ഇതും പറഞ്ഞു് അയാാം അവിടന്നു് ധൃതിയോടെ പുറത്തേക്കു പോയി.

കാളി അകത്തുനിന്നു വിളിച്ചു: "അനു!"

വ്രജറാണി വന്നു പറഞ്ഞു: "ദേവരൻ ഓടിക്കളഞ്ഞു."

കാളി ഒന്നും മിണ്ടാതെ നിന്നു.

വ്രജറാണി പറഞ്ഞു. "എനിക്കു് ഒന്നും മനസ്സിലാവുന്നില്ല. എനിക്കു് വല്ലാതെ പേടി തോന്നുന്നു."

കാളീനാഥൻ കുറച്ചുനേരം മിണ്ടാതെ നിന്നിട്ടു് പെട്ടെന്നു പറഞ്ഞു: "നീ മീനക്കു് ഒരു കത്തെഴുതണം. അവാം വരട്ടെ. എഴുതരുതേ!"

* * *

മീന പുതിയതായി ജീവിതം തുടങ്ങാൻ സങ്കല്പിച്ചുകൊണ്ട് വായനക്കു പുറമേ പാട്ടുപഠിക്കാനും തുടങ്ങി. അച്ഛൻ അവൾക്ക് പ്രോത്സാഹനം നൽകി. എന്നിട്ടും എവിടെയോ ഒരു അപസ്വരം കേൾക്കുന്നതുപോലെ തോന്നി.

അന്നൊരു ദിവസം അവളുടെ മ്യൂസിക് ടീച്ചർ അവളെ പഠിപ്പിക്കുകയായിരുന്നു. മീന പെട്ടെന്നു പാട്ടു നിർത്തി.

അധ്യാപിക പറഞ്ഞു. "ഇങ്ങിനെയായാൽ എങ്ങിനെ പഠിപ്പിക്കും? നിങ്ങൾ തീരെ ശ്രദ്ധിക്കുന്നില്ല."

മീന വിഷാദത്തോടെ പറഞ്ഞു: "എനിക്ക് ഒരു സുഖമില്ല."

"എന്നാൽ ഇന്നു മതിയാക്കാം."

"വേണ്ട, ഞാൻ ഇനി ശ്രദ്ധിക്കാം. നിങ്ങൾ തുടങ്ങിക്കൊള്ളൂ."

അധ്യാപിക ഒരു പാട്ടു തുടങ്ങി. മീന പിയാനോവിൻെറ അരികിൽ ചെന്നുനിന്നു. ഏതാനും നിമിഷം കഴിഞ്ഞു് വീണ്ടും ജനലിൻെറ അരികൽ ചെന്നു നിന്നു.

അധ്യാപിക പാട്ടു പാടി അവസാനിപ്പിച്ചു.

മീനയുടെ അമ്മ മുറിയിലേക്കു വന്നു്, ഒരു കത്തു് അവൾക്കു കൊടുത്തിട്ടു പറഞ്ഞു: "നിനക്കുള്ളതാണ്."

മീന കത്തു വാങ്ങി മിഴിച്ചുനിന്നു. അമ്മ അധ്യാപികയോടു പറഞ്ഞു. "ഇന്നു മതിയാക്കാം. അവൾക്ക് കുറെ നാളായി സുഖമില്ല."

മീന മറെറാരു മുറിയിലേക്കു പോയി. അവൾ കത്തു പൊളിച്ചു. വ്രജറാണി എഴുതിയതാണ് കത്തു്.

"മീനേ,

നിൻെറ ഏട്ടത്തി വ്രജറാണിയാണ് എഴുതുന്നതു്. മറന്നിട്ടില്ലല്ലോ. നീ വേഗം വരണം, അമാന്തം അരുതു്. ഇല്ലെങ്കിൽ ദേവരന്നു ഭ്രാന്തു പിടിച്ചെന്നു വരും. ഞാൻ സ്നേഹപൂർവ്വം ആശീർവ്വദിക്കുന്നു.

എന്നു്, വ്രജറാണി."

പുറത്തു് അച്ഛൻെറ സംസാരം. "സിധുഘടകനെ കണ്ടു കിട്ടിയാൽ ഞാൻ ചാട്ടകൊണ്ടു് അവൻെറ തൊലി ഉരിച്ചു വിടും. നോക്കു്, മീനയുടെ ശ്വശുരൻ എഴുതിയിരിക്കുന്നതു നോക്കു്. അനന്തൻ സമ്മതിച്ചാൽ ഞങ്ങൾ അവനെക്കൊണ്ടു പുനർവിവാഹം ചെയ്യിക്കുമെന്നു്! ഇതാണത്രേ എൻെറ കത്തിൻെറ മറുപടി! എന്തുതന്നെയായാലും വധുവിനെ വേഗം അങ്ങോട്ടയയ്ക്കണം പോലും! ഇതു് അവസാനത്തെ കത്താണു് എന്നും."

അമ്മ പറഞ്ഞു: "ജാമാതാവിനോടു വരാൻ പറയൂ നിങ്ങൾ. മീനയുടെ ശ്വശുരനോടു മാപ്പു പറയുക."

"ഇല്ല, ഞാൻ മീനയെ അയക്കില്ല. അവൾ പഠിക്കട്ടെ, കുറെ ഇംഗ്ലീഷും മററും പഠിക്കട്ടെ."

"ഇല്ല, അതു പററില്ല."

"മകനെ അയക്കില്ലെന്നു പറഞ്ഞു് എഴുതിയിരിക്കുന്നല്ലോ."

"എന്നാലും മീന പോകണം. അവൾ പോകണം. മീനേ." അമ്മ മീനയെ വിളിച്ചുകൊണ്ടു് അടുത്ത മുറിയിലേക്കു ചെന്നു.

"മീനേ!"

മീന എഴുത്തു കയ്യിൽ വെച്ചുകൊണ്ടു് അമ്മയെ നോക്കി.

അമ്മ അടുത്തുചെന്നു് കത്തു് വാങ്ങിക്കൊണ്ടു ചോദിച്ചു. "ആരുടെ കത്തു്? അനന്തൻെറ...."

"അല്ല."

അമ്മ കത്തു നിവർത്തി വായിച്ചു.

മീന പറഞ്ഞു: "ഞാൻ പോവില്ല. എന്നെ അയക്കരുതു്."

അമ്മ അവളുടെ മുഖത്തേക്കു നോക്കിക്കൊണ്ടു പറഞ്ഞു: "നീ പോക തന്നെ വേണം മീനേ!"

*　　　*　　　*

പിതൃഗൃഹത്തിൽ ഒരു മുറിയിലിരുന്നു വായിക്കയാണു് മീന. നിഷ്ക്കർഷയില്ലാത്ത വേഷം. മുഖത്തു വിഷാദത്തിൻെറ മുദ്ര. ഒപ്പം തന്നെ നിഷ്കരുണമായ ഒരു കാഠിന്യവും.

മുൻവശത്തു് ടേബിളിൽ ഒരു കത്തു കിടക്കുന്നു. വായനക്കി

ടയിൽ ഇടക്കിടക്കു് അവൾ അതിലേക്കു നോക്കുന്നുണ്ടായിരുന്നു. ഒടുവിൽ കത്തു് എടുത്തു് നിവർത്തി. അനന്തനയച്ചതു്.

“ഞാൻ പഠിപ്പില്ലാത്തവനായതിൽ നിനക്കു് ദുഃഖവും എന്നോടു കോപവും ഉണ്ടു് എന്നു് എനിക്കറിയാം. നിന്നെ എല്ലാവരും കൂടി കടലിൽ കെട്ടിയെറിഞ്ഞുവെന്നു് നീ അന്നു് അമ്മയോടു പറയുന്നതു് ഞാൻ കേട്ടു. എന്നാൽ നിന്നെ വിവാഹം ചെയ്യുന്നതിനു് ഞാൻ നിന്നെ തെററിദ്ധരിപ്പിച്ചു എന്നു പറയുന്നതു് ശുദ്ധ നുണ. കാളീമാതാവിനെ പിടിച്ചു സത്യം ചെയ്യാം.”

കത്തു് ബാക്കി ഭാഗം വായിക്കാതെ അവൾ കയ്യിൽ ചുരുട്ടിപ്പിടിച്ചു് ശൂന്യദൃഷ്ടികളോടെ നോക്കിയിരുന്നു.

തത്സമയം മീനയുടെ ഒരു സഹോദരൻ മുറിയിലേക്കു് ഓടിവന്നു. വന്ന ഉടൻ മീനയുടെ കയ്യിന്മേൽ പിടിച്ചു വലിച്ചുകൊണ്ടു പറഞ്ഞു. “എണീക്കു, വരു ഏട്ടത്തി!

“ഛീ ! വിടു രണ്ടു!” •

മുറിയുടെ മറുവശത്തുനിന്നു് ആരോ പറയുന്നതു കേട്ടു: “എന്തു് ആരതു്? ഏതു നിഷ്ഠുരനാണതു്? നാരീകണ്ഠത്തിൽ നിന്നുള്ള ആർത്തസ്വരമല്ലേ കേൾക്കുന്നതു്? ഏതൊരു കാടനാണു് ഉപദ്രവിക്കാനണഞ്ഞതു്?”

മീനയുടെ ഒരു ഭഗിനീപതി പ്രവേശിച്ചു. വർത്തമാനവും സായിപ്പിൻെറ വേഷം. “അല്ലാ, സഹോദരീസഹോദരന്മാർ തമ്മിലോ യുദ്ധം! മൈ ഗോഡ്.” വിചിത്രമട്ടിൽ നിന്നു അയാൾ.

മീന ചിരിച്ചുകൊണ്ടു പറഞ്ഞു: “കണ്ടില്ലേ രണ്ടുവിൻെറ ഭ്രാന്തു്?”

“ഞാനെന്തു ചെയ്യട്ടെ. ഏട്ടൻ തന്നെ പറഞ്ഞില്ലേ പിടിച്ചു കൊണ്ടുചെല്ലാൻ—ജീവനോടെയോ അല്ലാതെയോ.” അയാൾ കൈ വിട്ടു് മാറിനിന്നു.

ഇതിന്നിടക്കു് എങ്ങിനെയോ മീനയുടെ കയ്യിൽനിന്നു് കത്തു് താഴെ വീണു. മീനയുടെ അനുജൻ കത്തിൻെറ നേരെ ലോലുപദൃഷ്ടിയോടെ നോക്കി.

UNIVERSITY LIBRARY
21 MAR 1968
03213

ഭഗിനീപതി പറഞ്ഞു: "ഞാൻ നിന്നോട്ട് വാലിൽ തീകൊളുത്തി വീടിനൊക്കെ തീ വെക്കാൻ പറഞ്ഞാൽ നീ അതു തന്നെ ചെയ്യുമോ മടയാ?"

"എന്നാൽ സർ, നിങ്ങളൊരു വഞ്ചകനാണ്."

"എസ്സ് സർ, ഭഗിനീപതിമാർ വളരെ നാളായിട്ട് അങ്ങിനെതന്നെ. ഐ മീൻ സ്യാലരുടെ അടുക്കൽ. എന്നാൽ സ്യാലമാരുടെ അടുക്കൽ ഞങ്ങളാം അനുഗതരായ വശംവദർ, അഥവാ വശംവദരായ—എന്താ പറയാവുള്ളത് എന്നു വെച്ചാൽ അതുതന്നെ. ദേവി, ഭക്തരുടെ മാനം സംരക്ഷിക്കണം. ഞങ്ങളെല്ലാവരും പുറത്ത് ദേവിയുടെ വരവു കാത്തു നില്ക്കുയാണ്."

മീന ചിരിച്ചുകൊണ്ടു പറഞ്ഞു: "വരു."

"അങ്ങിനെ പറയു. നിൻെറ സംഗീതവും കൂടി ഉണ്ടായാലേ ചായ കുടിക്കു സുഖം മതിയാവുള്ളു. ഇല്ലെങ്കിൽ ഉണങ്ങിയ ഉദ്യാനം പോലെ."

ഈ സമയം രണ്ടു തക്കം നോക്കി കത്തെടുത്തുകൊണ്ട് ഓടിപ്പോയി. അയാരം ഓടി പുറത്ത് എല്ലാവരും ചായ കുടിച്ചുകൊണ്ടിരിക്കുന്ന വരാന്തയിൽ എത്തി. അവിടെ മീനയുടെ രണ്ടു സഹോദരിമാരും മററെ ഭഗിനീപതിയും ജ്യേഷ്ഠത്തിയമ്മയും ഇരിക്കുന്നുണ്ടായിരുന്നു.

ഒരു ജ്യേഷ്ഠത്തി പാട്ടുപാടുന്നു. ചിലർ തലകുലുക്കുന്നു. ചിലർ പതുക്കെ സംസാരിക്കുന്നു. രണ്ടു മിണ്ടാതിരിക്കുന്ന ജ്യേഷ്ഠത്തിയുടെ അടുക്കൽ ചെന്നു എന്തോ സ്വകാര്യം പറഞ്ഞു കത്ത് കൊടുക്കുന്നു. ജ്യേഷ്ഠത്തിയും ജ്യേഷ്ഠത്തിയമ്മയും തലകുനിച്ച് കത്തുവായിക്കുന്നു.

വായന അവസാനിപ്പിച്ച് മുഖം കൈലേസുകൊണ്ടു മറച്ച് അവർ ചിരിച്ചു. കത്ത് ഭഗിനീപതിക്കു കൊടുത്തു അവർ. ആ സമയം പാട്ട് അവസാനിച്ചു.

ഭഗിനീപതി കത്തു വായിച്ചിട്ടു പറഞ്ഞു: "എൻറമ്മോ ഈ വിദ്വാൻ ഒന്നാന്തരം ഒരു നിഗമാനന്ദസ്വാമിയെപ്പോലല്ല ഇരി

ക്കന്നുവല്ലോ. മൈഗോഡ്. കാളീമാതാവിന്നറിയാം. ഞാൻ വലിയ പാഠിപ്പുള്ളവനല്ല. പക്ഷേ അധാർമ്മികനല്ല, എൻെറ പ്രവൃത്തി ഹീനമല്ല, സ്വഭാവം ചീത്തയല്ല ഇംഗ്ലീഷ് അറിഞ്ഞുകൂടെന്നു വെച്ച് ഒരാൾ അശിക്ഷിതനാവില്ല. എനിക്ക് ബംഗാളി അറിയാം. ഈശ്വരനിൽ വിശ്വാസമുണ്ട്. എന്നാൽ നിനക്ക് ഇതൊന്നും ഇഷ്ടമല്ല.''

അപ്പോഴേക്ക് മീനയും മററൊ ഭഗിനീപതിയും അവിടെയെത്തി.

ജ്യേഷ്ഠത്തി പറഞ്ഞു: "ശ് മീന വരുന്നു.''

മീന വന്ന് ഇരുന്നു. ഇരുന്ന ഉടൻ പറഞ്ഞു: "എന്നെ കണ്ടപ്പോഴേക്ക് എന്താണ് വർത്തമാനം മതിയാക്കിയതു്?

രണ്ടു പറഞ്ഞു: "കാളീമാതാവിനെ ആണയിട്ടു പറയാം, നിങ്ങളുടെ കത്ത് ഞാൻ ഇവക്കു കൊടുത്തു. പക്ഷേ വായിക്കാൻ ആവശ്യപ്പെട്ടില്ല.''

മീന ഞെട്ടി. അടുത്ത നിമിഷം പറഞ്ഞു: "ഇങ്ങോട്ടു തരു എൻെറ കത്ത്.''

ജ്യേഷ്ഠത്തി കത്ത് നീട്ടി. മീന ഒപ്പം വന്ന ഭഗിനീപതിക്ക് കത്തു കൊടുത്തിട്ട് പറഞ്ഞു: "വായിക്കു ഏട്ടാ, എൻെറ ലൗലററർ വായിക്കു. ഭാഗ്യം! ജാതകത്തിൽ ഇതേവരെ വിശ്വസിച്ചിരുന്നില്ല. വിശ്വസിക്കേണ്ടിവരുമോ ആവോ?''

ഭഗിനീപതി കത്തു വാങ്ങിയിട്ടു പറഞ്ഞു: "എന്താണ് പറയേണ്ടതു് എന്നു മനസ്സിലാവുന്നില്ല. എന്തായാലും നീ ഉറച്ചുനിൽക്കണം. അനന്തനെ പഠിക്കാൻ നിർബന്ധിക്കണം.''

ചിരിച്ചു മീന. അവൾ പറഞ്ഞു: "ക്ഷമിക്കണം ഏട്ടാ. അതു വയ്യ എന്നെക്കൊണ്ട്. എന്നാൽ ഞാൻ പരീക്ഷക്കിരിക്കാൻ വിചാരിക്കയാണ്. ഏട്ടൻ വേണ്ട സഹായം ചെയ്യണം.''

*  *  *

അനന്തൻ അയാളുടെ മുറിയിൽ ഇരിക്കുന്നു. ചുവരിൽ ഒരു പുതിയ ചിത്രം—കാളിയുടെ. ചിത്രത്തിൽ പൂമാല.

മുൻപിൽ നിവർത്തിയ ഒരു കത്ത്.

അച്ഛൻ അവിടെക്കു വന്നു വിളിച്ചു: "അനന്താ."

അയാൾ എഴുന്നേററു. "എന്താണച്ഛാ."

എഴുന്നേററ സമയം കത്തു ചുരുട്ടി കീശയിലിട്ടു.

"നിൻെറ ശ്വശ്രുരൻ എഴുതിയിരിക്കുന്നു മകൾ ഇത്തവണ പരീക്ഷക്കിരിക്കാൻ വിചാരിക്കുന്നു. തൽക്കാലം ഇങ്ങോട്ടു വരാൻ പററില്ല എന്നു."

അനന്തൻ ഒന്നും പറഞ്ഞില്ല.

അച്ഛൻ പറഞ്ഞു: "നിൻെറയമ്മയോടു നീ പറഞ്ഞോ ആ ഊമക്കത്തു നീയാണു എഴുതിയതെന്നു?—പെണ്ണിനെ കണ്ടു ഭ്രമിച്ചിട്ടു?"

അനന്തൻ മറുപടി പറഞ്ഞില്ല.

"നീ എൻെറ മുഖത്തു കരി തേച്ചു."

അനന്തൻ പറഞ്ഞു: "ഇല്ല, ഞാനങ്ങിനെ ചെയ്യില്ല. ഇഷ്ടദേവിയായ കാളിയെ പിടിച്ചു ശപഥം ചെയ്യാം."

ഇതും പറഞ്ഞു അയാൾ ചുവരിൽ നിന്നു തോക്കെടുത്തു പുറത്തേക്കിറങ്ങിപ്പോയി.

"അനന്താ."

കുറച്ചു ദൂരെ ചെന്നു അയാൾ നിന്നു.

"തോക്കെടുത്തുകൊണ്ടു ഈ സന്ധ്യക്കു എവിടെ പോണു?"

"നദീതീരത്തു കാട്ടിൽ ഒരു പുള്ളിപ്പുലി ഉപദ്രവിക്കുന്നു. അതിനെ ഒന്നു കണ്ടുപിടിക്കണം."

പോകുന്നതിന്നിടക്കു അയാൾ കാളീനാഥൻെറ പടിക്കൽ ഒന്നു നിന്നു.

കാളീനാഥൻ ആരെയോ വിളിക്കുന്നു. "റാണീ! റാണീ!"

അനന്തൻ നടന്നു. ആരെയാണു വിളിക്കുന്നതെന്നറിയാൻ വിഷമമുണ്ടായില്ല.

മുറിയിൽ ഇരുന്ന് കാളീനാഥൻ വിളിച്ചു. "റാണീ!"

ആരേയും കാണാത്തതിനാൽ അയാാം 'റാണീ' എന്നു വിളിച്ചുകൊണ്ട് പുറത്തേക്കിറങ്ങി മുററത്തെ തോട്ടത്തിൽ എത്തി.

വ്രജറാണി നിശാഗന്ധിയുടെ പൂക്കാം പൊട്ടിക്കയായിരുന്നു. കാളീനാഥൻ വീണ്ടും വിളിച്ചു. "റാണീ."

സവിസ്മയം വ്രജറാണി അയാളെ നോക്കി.

കാളി ചോദിച്ചു: "എന്താണ് വിളിച്ചിട്ടു മിണ്ടാത്തത്?"

"എന്നെ വിളിച്ചോ? ആരാണീ റാണി, ഞാൻ റാണിയോ?"

കാളി പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു. "ഹാ ഹതോസ്മി."

"എന്തിന്?"

"സിംഹാസനത്തിൽ ചെങ്കോലും പിടിച്ചുകൊണ്ട് ഇരിക്കുക. എന്നിട്ടു ചോദിക്കുന്നതു കേട്ടില്ലേ ഞാൻ റാണിയാണോ എന്ന്."

"സിംഹാസനമോ? ചെങ്കോലോ? എവിടെ അതൊക്കെ? ഈ അടുക്കളയിലെ പീഠവും ഈ തോട്ടിയുമോ? തരക്കേടില്ല. ഇനി രാജ്യത്തിൻെറ പേരെന്താണ്, അതൊന്നു കോക്കട്ടെ."

"എൻെറ ഹൃദയരാജ്യം സഖി! പ്രഥമദിവസംതൊട്ടേ നീ അവിടത്തെ റാണിയാണ്. ഇന്നിതാ വിളംബരം ചെയ്യുകയാണ്. ഇനി നീ വ്രജറാണിയല്ല, റാണിയാണ്."

"വേണ്ട, വേണ്ട. എനിക്കു നാണമാവും."

"നിൻെറ ഈ സരളത കാരണമാണ് നീ ഇത്ര സുന്ദരിയായത്."

വ്രജറാണി നാണിച്ചുപോയി.

"ഇനി ഒരു നല്ല വാർത്ത, കോക്കു. ഒരു സമയം കൽക്കത്തയിൽ എനിക്ക് നല്ല ഒരു ജോലി കിട്ടിയേക്കും.

"അപ്പോാം ഞാനെവിടെ താമസിക്കും?"

"എൻെറ ഒപ്പം വരും."

"കൽക്കത്തക്കോ? പക്ഷേ എനിക്ക് കൽക്കത്ത പിടിക്കില്ല. ഈ കൃഷിയും മററും വേണ്ടെന്നുവെച്ച് അവിടേക്കു പോകാൻ

കൊതിക്കുണതു് എന്തിനാണെന്നു മനസ്സിലാകുന്നില്ല.''

"അല്ല റാണി, ഇവിടം എനിക്കു മുഷിഞ്ഞു. ഇനി സഹിക്ക വയ്യ ഇതു്. നിനക്കു് മനസ്സിലാവില്ല, അന്ന—'' അയാ൦ മുഴുവൻ പറഞ്ഞില്ല. പിന്നെ പെട്ടെന്നു പറഞ്ഞു: "നിനക്കു മനസ്സിലാവില്ല അതൊന്നും.''

പ്രജറാണി പറഞ്ഞു: "പക്ഷേ ഈയിടെ ദേവരനെ കാണുമ്പോ൦ എന്തെന്നറിഞ്ഞില്ല, എനിക്കു പേടി-''

"കഷ്ടം! ഈ വിവാഹം നടക്കാതിരുന്നിരുന്നെങ്കിൽ. ഛി ഛി, കഷ്ടം!''

"മീന കത്തെഴുതിയിരുന്നു. ഞാൻ പറയാൻ മറന്നു. അവ൦ എഴുതിയിരിക്കുന്നതെന്താണെന്നറിഞ്ഞോ? പരീക്ഷക്കിരിക്കാൻ പോകയാണു്, തൽക്കാലം വരാൻ നിവൃത്തിയില്ലത്രെ. ഞാനവ൦ക്കെഴുതിയിരുന്നു ദേവരൻ സന്യാസിയെപ്പോലെ നടക്കുണു എന്നു്. അതിന്നു മറുപടി. എനിക്കു സന്യസിക്കാൻ വയ്യ എന്നു്. നിക്കു, കത്തു് കാട്ടത്തിരാം.''

"വേണ്ട. എനിക്കു് കാണണ്ട. മോഹമില്ല കാണാൻ. അവരുടെ വർത്തമാനം വിട്ടു. പണ്ടു് എനിക്കു് തലയിലെഴുത്തിൽ വിശ്വാസമുണ്ടായിരുന്നില്ല. ഇപ്പോ൦ അതു തുടങ്ങിയിരിക്കുന്നു. ഓരോരുത്തരുടേയും തലയിലെഴുതിയിരിക്കുന്നതു് അനുഭവിക്കാതെ തരമില്ല. ഇതിൽ എനിക്കെന്തുചെയ്യാൻ കഴിയും? നിനക്കെന്തുചെയ്യാനാവും? അനന്തൻെറ യോഗം!''

അനന്തൻ ആ സമയം ഒരു മരച്ചുവട്ടിൽ തോക്കു മടിയിൽ വെച്ചു് ഇരിക്കയായിരുന്നു.

പ്രഭാതത്തിൽ അനന്തൻെറ അമ്മ വരാന്തയിൽ ഉൽക്കണ്ഠയോടെ നിൽക്കുന്നു. മുമ്പിൽ നിരത്തു്. നിരത്തിലേക്കുതന്നെ നോക്കി നിൽക്കയാണു് അവ൦. വഴിയിൽ അധികമാരും ഇല്ല. ഒരു ബ്രാഹ്മണൻ കുളികഴിഞ്ഞു് കമണ്ഡലുവിൽ വെള്ളവുമായി പോകുന്നു. ഒരു മരച്ചുവട്ടിൽ ഒരു യുവതി പൂക്ക൦ ശേഖരിക്കുന്നു. ഒരു ദരിദ്രയുവതി ചവറുകൊട്ട തലയിൽ വെച്ചു കൊണ്ടുപോകുന്നു.

പുറകിൽ നിന്നു് അനന്തൻെറ അച്ഛൻ വന്നു വിളിച്ചു: "കേട്ടോ!"

അമ്മ ഞെട്ടി.

"അപ്പോഠം ഇന്നലെ രാത്രി അനന്തൻ വന്നില്ലേ?"

അമ്മക്കു് ഒന്നും പറയാൻ കഴിഞ്ഞില്ല.

അച്ഛൻ പറഞ്ഞു: "ഞാനാണു് വേണ്ടത്ര ശ്രദ്ധിക്കാതിരുന്നതു്. നീ മൂന്നുതവണ എഴുന്നേററു പുറത്തേക്കു പോയതു കണ്ടിട്ടും."

അമ്മ പറഞ്ഞു: "വല്ലവരേയും അന്വേഷിക്കാൻ അയക്കൂ."

"ഇല്ല, അയക്കില്ല."

"അവൻ ഒരു അന്യായവും ചെയ്തില്ലല്ലോ."

"ഇല്ലേ? വലിയ അന്യായം തന്നെയാണു് അവൻ ചെയ്തതു്. രാപ്പകൽ തോക്കു തോളിൽ താങ്ങിക്കൊണ്ടു് കിരാതന്മാരെപ്പോലെ ചുററിനടക്കയാണു് ചെയ്യുന്നതു്. മുഖം കണ്ടാൽ വെറും തെണ്ടിയാണെന്നു തോന്നും."

"നിങ്ങഠം എന്താണു് അവൻെറ മനസ്ഥിതിയേപ്പററി ഓക്കാത്തതു്? മകഠം—"

"സ്വയം പെണ്ണിനെ കണ്ടു് മനസ്സിനു പിടിച്ചെന്നു പറഞ്ഞു് ഊമക്കത്തെഴുതി വഞ്ചിച്ചു വിവഹം ചെയ്തു. ഞങ്ങഠംക്കും അപമാനം വരുത്തിവെച്ചു. ഇനി ഇതിൽ ചെയ്യാനെന്തുണ്ടു ബാക്കി?"

അയാഠം ക്ഷോഭത്തോടെ അകത്തേക്കു പോകാൻ തിരിഞ്ഞു.

ഒപ്പം അമ്മയും പുറകേ ചെന്നുകൊണ്ടു പറഞ്ഞു: "ഇല്ലില്ല. ഈവക വാക്കുകഠം നിങ്ങഠം പറയേണ്ടതല്ല. നിങ്ങഠം അവൻെറ അച്ഛനാണു്."

അച്ഛൻ തിരിഞ്ഞുനിന്നു. നിന്ന ഉടൻ കണ്ണു് വഴിയിൽ തറച്ചു. അയാഠം പറഞ്ഞു: "അതാ, അതാ വരുന്നു നിൻെറ ആയുഷ്മാനായ പുത്രൻ."

അനന്തൻെറ അമ്മയും തിരിഞ്ഞുനോക്കി. അനന്തൻ അകലെനിന്നു വരികയായിരുന്നു. ഒപ്പം വേറേയുമുണ്ടു് പലരും. എന്തോ ഒന്നു് വലിച്ചിഴച്ചുകൊണ്ടാണു് വരവു്.

അനന്തൻെറ അച്ഛൻ പറഞ്ഞു: "അനന്തൻ നരിയെ കൊന്നുവെന്നു തോന്നണ. എന്നെങ്കിലും ഒരു ദിവസം അവൻെറ ജീവിതം വല്ല അപകടത്തിലും പെട്ടു് അവസാനിക്കും. സംശയമില്ല."

അമ്മ പറഞ്ഞു; "നിങ്ങാം അനന്തൻെറ ശ്വശുരന്നു കത്തയക്കു. ഞാനും എഴുതാം. മകറം പരീക്ഷക്കു പോകേണ്ട ആവശ്യം ഒന്നുമില്ല. അവളെ വേഗം തിരിച്ചയക്കണം. ഇല്ലെങ്കിൽ മകനെക്കൊണ്ടു് പുനർവിവാഹം ചെയ്യിക്കും."

അനന്തൻെറ അച്ഛൻ കീശയിൽ നിന്നു് ഒരു കത്തെടുത്തു് അവളുടെ കയ്യിൽ കൊടുത്തിട്ടു് പറഞ്ഞു: "അവനു കൊടുക്കു. നിൻെറ പുത്രൻ പട്ടാളക്കാരനായിരിക്കയാണു്. റൈഫിറം ഷൂട്ടിങ്ങ് കോമ്പിറേറഷനു ചേർന്നിരിക്കുന്നു."

ഇതും പറഞ്ഞു് അയാറം പോയി.

അനന്തൻെറ അമ്മ അയാളെ പിന്തുടന്നു: "പറയട്ടെ, കേറംക്കു."

അനന്തൻ സത്യമായും പുള്ളിപ്പുലിയെ വധിച്ചു. നദീതീരത്തിൽ രാത്രിമുഴുവൻ ഒരു മരത്തിൽ കയറി ഇരുന്നു. അവിടെയാണു് പശുക്കളെ മേയ്ക്കാൻ ഇടയർ ചെല്ലാറുള്ളതു്. നദീതീരത്തിൽ ധാരാളം പുല്ലുകറം. ഗ്രാമത്തിലെ മിക്ക പശുക്കളും അവിടെ എത്തും. അടുക്കൽത്തന്നെ കാടു്. പുള്ളിപ്പുലി അവിടെയാണു് വന്നു കൂടിയിരിക്കുന്നതു്. പതുക്കെ പുറത്തു കടന്നു് ആടുകളേയും പശുക്കളേയും പിടിച്ചുകൊണ്ടു പോവുക. ഈ പതിവു തുടങ്ങിയിട്ടു് കുറച്ചു നാളായി. അനന്തൻ പുലിയെ കൊന്നു് ആളുകളെക്കൊണ്ടു് എടുപ്പിച്ചു കൊണ്ടുവരുന്ന വഴിക്കു് കാളിയേട്ടൻെറ വീട്ടിൽ കയറി. "പുലിയെ സംഹരിച്ചു കാളിയേട്ടാ. എവിടെ കാളിയേട്ടൻ?"

കാളിയുടെ മുററത്തു് പുലിയെ ഇട്ടു് അതിന്മേൽ കാൽകുത്തിക്കൊണ്ടു നിന്നു അനന്തൻ. കാളി പുറത്തേക്കു വന്നു് വിസ്മയത്തോടെ പറഞ്ഞു: "അല്ലാ, ഇതു് സത്യമായും ഒരു പുള്ളിപ്പുലി തന്നെയാണല്ലോ. എന്നോടു് നീ ഇതേപ്പററി ഒന്നും പറഞ്ഞില്ലല്ലോ ഇന്നലെ."

അയാഠം ചിരിച്ചുകൊണ്ടു പറഞ്ഞു: "എന്തു പറയാനാണ്? നിങ്ങാം പറയാറില്ലേ പുള്ളിപ്പുലിയെ കണ്ടിട്ടില്ല എന്നു്, കാഴ്ച ബംഗ്ലാവിലോ സക്സ്സിലോ അല്ലാതെ. അതുമല്ലാ പറഞ്ഞാൽ ഏട്ടത്തി പേടിച്ചുപോകും."

കാളീനാഥൻ വേഗം അകത്തേക്കു പോകുന്നതിനിടയ്ക്കു പറഞ്ഞു: "നിക്കു. ഞാനിപ്പോഠം വരാം."

അയാഠം ക്യാമറ എടുത്തുകൊണ്ടു വന്നിട്ടു പറഞ്ഞു: "അങ്ങിനെത്തന്നെ നിൽക്കൂ."

വ്രജറാണി ഭീതദൃഷ്ടിയോടെ അകലെ വന്നു നോക്കി നിന്നു.

കാളീനാഥൻ ഫോട്ടോ എടുത്തിട്ടു പറഞ്ഞു: "മതി."

അനന്തൻ തോക്കിൻെറ പിടി പുലിയുടെ മേൽ ശക്തിയോടെ കുത്തിയിട്ടു പറഞ്ഞു: "സാക്ഷാൽ ചെകുത്താനായിരുന്നു ഇവൻ. എട്ടുപത്തു പശുക്കളെ 'സാപ്പിട്ടു' കഴിഞ്ഞു. കരഠം മാത്രം തിന്നു് ബാക്കി വലിച്ചെറിയും."

വ്രജറാണി പറഞ്ഞു: "അയ്യോ, അതിനെ ഇങ്ങിനെ കുത്താതിരിക്കൂ അനുജാ! നിങ്ങാം എന്തൊരു നിർദ്ദയൻ!"

"അതു് ചത്തുകഴിഞ്ഞു ഏട്ടത്തി!"

"അതു തന്നെയാണ് പറഞ്ഞതു്. ചത്തതിനെ കുത്തിയിട്ടു് എന്തു പ്രയോജനം?"

കാളീനാഥൻ ഹോ ഹോ! എന്നു ചിരിച്ചുകൊണ്ടു പറഞ്ഞു: "നമ്മുടെ റാണി ഒരത്ഭുതമാണ്."

വ്രജറാണി നാണിച്ചു.

"എന്നാൽ ഇതു് ഇവിടെക്കിടക്കട്ടെ കാളിയേട്ടാ! നിങ്ങാംക്കു് തോൽ വേണമെന്നു് ഒരിക്കൽ പറഞ്ഞിട്ടുണ്ടായിരുന്നല്ലോ."

അനന്തൻ വീട്ടിൽ കയറിച്ചെന്ന സമയം അമ്മ കത്തെഴുതുകയായിരുന്നു. അനന്തൻ വരാന്തയിൽ കയറി അകത്തേക്കു കടക്കാൻ ഭാവിച്ചപ്പോഠം അമ്മ വിളിച്ചു:

"അനന്താ!"

"എന്താണമ്മേ!"

"നിനക്കു കത്തുണ്ടു്."

അയാഠം അടുത്തുവന്നു് കത്തു വാങ്ങി.

"നീ ഇതൊക്കെ മതിയാക്കണം മോനേ!"

അനന്തൻ റൈഫിഠംക്ലബുകാരുടെ കത്തുവായിക്കുന്നതിനിടക്കു ചോദിച്ചു: "എന്തിനാണമ്മേ!"

"കുറച്ചു പഠിക്കു് നീ. നീ അതാണു് വേണ്ടതു്. ഞാൻ കത്തെഴുതിയിട്ടുണ്ടു് മീനയുടെ അമ്മക്കു്, മീനയെ അയക്കാൻ പറഞ്ഞു്. നീയും ഒരു കത്തെഴുതു് മീനക്കു്."

"എനിക്കാവില്ല അമ്മേ!" എന്നു മാത്രം പറഞ്ഞു് അനന്തൻ അവിടന്നു പോയി.

അമ്മ വീണ്ടും കത്തെഴുതാൻ തുടങ്ങി.

അനന്തൻെറ അച്ഛൻ വന്നുകയറി. അയാഠം പത്നിയോടു പറഞ്ഞു: "ഞാൻ കത്തു് എഴുതിക്കഴിഞ്ഞു. മകളെ ഉടൻ അയച്ചില്ലെങ്കിൽ പിന്നെ ഒരിക്കലും അയക്കേണ്ട എന്നാണു് എഴുതിയിട്ടുള്ളതു്. പിന്നെ ഈ ഭവനത്തിൽ പ്രവേശമില്ല."

രണ്ടു കത്തും യഥാസമയം മീനയുടെ പിതൃഗൃഹത്തിൽ എത്തി.

മീനയുടെ അമ്മക്കു് അനന്തൻെറ അമ്മ അയച്ച കത്തു് അവർ വായിച്ചുകൊണ്ടു നിൽക്കുമ്പോഠം മീനയുടെ അച്ഛൻ അവിടെക്കു വന്നു. അയാഠം പറഞ്ഞു: "മീനയുടെ ശ്വശുരൻ കത്തയച്ചിരിക്കുന്നു."

അയാളുടെ മുഖത്തു് ക്ഷോഭം വ്യക്തം. മീനയുടെ അമ്മ അയാളെ തലയുയർത്തി നോക്കി. മീനയുടെ അച്ഛൻ പറഞ്ഞു: "സിദ്ധഘടകനെ കിട്ടിയാൽ ഞാനവൻെറ തൊലിയുരിഞ്ഞെടുക്കും ചാട്ട കൊണ്ടു് അടിച്ചു്. അവൻ ചെയ്ത വഞ്ചന കാരണം എൻെറ മകഠം—"അയാഠംക്കു മുഴുവനാക്കാൻ കഴിഞ്ഞില്ല. പോകാൻ ഭാവിച്ചു. പെട്ടെന്നു തിരിഞ്ഞു നിന്നിട്ടു് പറഞ്ഞു: "മീനയെ ഞങ്ങഠം കടലിൽ എറിഞ്ഞു, കൈകാലുകഠം ബന്ധിച്ചു് വെള്ളത്തിൽ കെട്ടിത്താഴ്ത്തി."

അമ്മ പറഞ്ഞു: "ഛെ ഛെ! എന്തൊക്കെയാണു് പറയുന്നതു്?"

"ഉള്ളതാണു പറയുന്നതു്. വിസ്കിത്തിനും ഉപ്പുവെള്ളത്തിനും വ്യത്യാസമില്ല. രണ്ടും വായിൽ വെയ്ക്കാൻ കൊള്ളില്ല."

"നിങ്ങൾ അവിവേകമാണു് കാട്ടുന്നതു്."

"അവിവേകം!"

"അതെ. പഠിക്കണം പഠിക്കണം—ഈയൊരു ജപമേയുള്ള നിങ്ങൾക്കു്. ഇംഗ്ലീഷു പഠിച്ചാൽ എല്ലാം തികഞ്ഞു എന്നാണു് നിങ്ങടെ നാട്യം. പഠിക്കുന്നതു് മനുഷ്യനാവാനാണു്. അനന്തനു അതിനുവേണ്ട പഠിപ്പുണ്ടു്. അവൻ അമാനുഷനൊന്നുമല്ല."

"അപ്പോൾ ഞാനാണു് കുററക്കാരൻ?"

"കുററമല്ലെങ്കിലും തെററു ചൂണ്ടിക്കാട്ടാതെ വയ്യ."

"നീ അതു പറയുമെന്നു് എനിക്കറിയാം. മകളെ പറഞ്ഞയയ്ക്കുക. ആലോചിച്ചു നോക്കു. മീനയുടെ മുമ്പിൽ ജീവിതമത്രയും നീണ്ടു കിടക്കുകയാണു്." ഇതും പറഞ്ഞു് അയാൾ പോയി.

അയാൾ അവിടേയും ഇവിടേയും മീനയെ തിരക്കിത്തുടങ്ങി.

മീന മറുവശത്തെ വാതിൽ തുറന്നു് അമ്മയുടെ അടുക്കൽ ചെന്നു.

അമ്മ പറഞ്ഞു: "നിൻെറ ശ്വശ്രു കത്തെഴുതിയിരിക്കുന്നു. നിന്നെ അയക്കാൻ അപേക്ഷിച്ചിട്ടുണ്ടു്. എഴുതിയിരിക്കുന്നു: 'സഹോദരി, ഞാൻ സവിനയം അപേക്ഷിക്കുന്നു. മകളെ വേഗം ഇങ്ങോട്ടയക്കു. ഇല്ലെങ്കിൽ ഞങ്ങളുടെ അനന്തനു് ഭ്രാന്താവും. അല്ലെങ്കിൽ എന്നെങ്കിലും വല്ല മൃഗങ്ങൾക്കും ഇരയാവും. രാപ്പകൽ അവൻ ഹിംസ്രമൃഗങ്ങളെ തേടി നടക്കുകയാണു്.' നീ ശ്വശുരഗൃഹത്തിലേക്കു പോകണം. ഒരുങ്ങിക്കോളൂ." അവർ ആജ്ഞാസ്വരത്തിൽ പറഞ്ഞു.

"ഇല്ല, ഞാൻ പോവില്ല."

"പോകും. പോകണം നീ!"

അവർ ഇതും പറഞ്ഞു് പുറത്തേക്കു പോയി. മീന അവിടെ

ത്തന്നെ നിന്നു. മീനായുടെ അമ്മ ഈ വിവരം കാണിച്ച് കത്തെഴുതി. അനന്തൻെറ അമ്മ അതിസന്തോഷത്തോടെ ഭർത്താവിൻെറ അരികിലേക്ക് ഓടിച്ചെന്നു.

*　　　*　　　*

അനന്തൻ അയാളുടെ മുറിയിൽ സ്തബ്ധനായി നിൽക്കുന്നു, എന്തോ ആലോചിക്കുന്നപോലെ. അവൻെറ ജീവിതത്തിൽ എന്തൊക്കെ സംഭവിച്ചു! എന്നാൽ എന്താണ് അയാൾ ചെയ്ത അപരാധം? ആരാണ് അപരാധി? പെട്ടെന്ന് അമ്മയുടെ സംസാരം കേട്ടു.

അടുത്ത മുറിയിലാണ് സംസാരം. അയാൾ അതു് ശ്രദ്ധിച്ചു കേൾക്കാൻ തുടങ്ങി.

അമ്മ പറഞ്ഞു: "നിങ്ങൾ വെറുതെ കോപിക്കയാണ്. ഇതാ നോക്കു, മീനയുടെ അമ്മ എഴുതിയിരിക്കുന്നു: 'മകൾ അവിടേക്കു വരും. അവൾ അല്പം അഭിമാനക്കാരിയാണ്. നിങ്ങൾ കുറച്ചൊന്നു ക്ഷമകാട്ടണം. രണ്ടു പക്ഷക്കാരും തെററുചെയ്തു. ഈ വീട്ടുകാക്ക് വിദ്യാഭ്യാസത്തോടു കുറച്ചധികം ആഭിമുഖ്യമുണ്ടു്. അനന്തനും അത്രയേറെ പ്രായമൊന്നും ആയിട്ടില്ലല്ലോ. ഇനിയായാലും മതി, കുറച്ചു പഠിക്കട്ടെ, അതെന്തൊരു ആഹ്ലാദമുള്ള വാർത്തയായിരിക്കും ഇവിടെയുള്ളവർക്കെന്നോ!"

അനന്തൻെറ അച്ഛൻ പറഞ്ഞു: "നല്ല കാര്യം തന്നെയാണ് എഴുതിയിരിക്കുന്നതു്. ഭംഗിയായി എഴുതിയിരിക്കുന്നു. അനന്തൻ പഠിക്കാത്തതിൽ ഞങ്ങൾക്കു ഖേദമില്ല എന്നോ വിചാരം?"

"നിങ്ങൾ തന്നെ പറയണം മകനോടു്."

അനന്തൻ അതിലധികം കേൾക്കാൻ നിന്നില്ല. അയാളുടെ ഹൃദയം എതിർപ്പിന്നു് ഒരുമ്പെട്ടു. ഇല്ലാ, താൻ പഠിക്കില്ല, പഠിക്കില്ല.

അയാൾ കാളീനാഥൻെറ വീട്ടിലെത്തി.

വ്രജറാണിയും കാളീനാഥനും പുറത്തേക്കുപോകാൻ ഭാവിക്കയായിരുന്നു.

വ്രജറാണി വ്രതക്കാരിയുടെ വേഷത്തിലാണ്. കയ്യിൽ തളികൂ. അതിൽ ഇളനീർ, പൂണൂനൂൽ, ഇരുമ്പുവള മുതലായവ.

അനന്തൻ പെട്ടെന്നു നിന്നു. "എന്താണിതു്?"

കാളീനാഥൻ പറഞ്ഞു: "വ്രതം. നീ ബ്രാഹ്മണനല്ലേ? നിൻെറ വീട്ടിലേക്കു തന്നെയാണ് പുറപ്പെട്ടതു്. അഃപ്പോറം ഞങ്ങളുടെ പൂജക്കു ശക്തിയുണ്ടു്. കണ്ടില്ലേ ബ്രാഹ്മണൻ സ്വയം വന്നിരിക്കുന്നു."

വ്രജറാണി സലജ്ജം ചിരിച്ചുകൊണ്ടു് തളിക രണ്ടു കയ്യിലും പിടിച്ചു പറഞ്ഞു: "നിൽക്കു. നമസ്കരിക്കട്ടെ."

"എന്താണിതു്? ഏട്ടത്തി എന്നെ നമസ്കരിക്കുകയോ?"

"അങ്ങനെന്നു പറയരുതു്. നമസ്കരിക്കതന്നെ ചെയ്യും. ഇതാ നമസ്കാരം! അനുഗ്രഹിക്കു."

ചിരിച്ചുകൊണ്ടു് മുഖമുയർത്തിയിട്ടു് അനന്തൻ പറഞ്ഞു: "അനുഗ്രഹിച്ചിരിക്കുന്നു."

"അതു പോരാ, ഞങ്ങളെ രണ്ടാളെയും അനുഗ്രഹിക്കണം. നെററിയിൽ സിന്ദൂരപ്പൊട്ടും കയ്യിൽ വളയുമായിട്ടു് പോകാറാവട്ടെ എന്നു്."

"അതു് എന്നെക്കൊണ്ടാവില്ല. അതിന്നർത്ഥം നിങ്ങൾ മരിക്കട്ടെ എന്നു് മറെറാരു വിധത്തിൽ പറയുക എന്നാണു്."

"എന്നാൽ ശരി. ഇദ്ദേഹത്തിന്നു നല്ലതു വരട്ടെ എന്നനുഗ്രഹിക്കു."

"അതാവാം. കാളീനാഥനേട്ടൻ ഗൗരീനാഥനാകട്ടെ! നിങ്ങൾ കാളിയല്ല ഏട്ടത്തി! ഗൗരിയാണു്. കാളിയേട്ടൻെറ എല്ലാ കാളിമയും അകന്നുപോകട്ടെ. മാഞ്ഞുപോകട്ടെ!"

"അസ്സലായി അനുഗ്രഹം. ഒന്നാന്തരം വാക്കുകൾ!" പിന്നെ അവൾ കാളിയെ നോക്കിപ്പറഞ്ഞു: "നോക്കു, നിങ്ങൾക്കു് ദുഃഖമാണു് അനുജൻ പഠിപ്പില്ലാത്തവനാണു് എന്നു പറഞ്ഞു്. നോക്കു എത്ര ഭംഗിയായി സംസാരിക്കുന്നുവെന്നു്."

അനന്തൻ പറഞ്ഞു: "കാളിയേട്ടാ, നിങ്ങൾ എന്നെ പഠിപ്പിക്കുമോ? ഞാൻ പഠിക്കാൻ ഒരുക്കം."

പെട്ടെന്ന് അയാളുടെ ഹൃദയത്തിലെ സകല നീററലും മാരിവർഷത്താലെന്നപോലെ കെട്ടടങ്ങി. ശാന്തമായ ആഗ്നേയഗിരിയുടെ മസ്തകത്തിലെ ഉറഞ്ഞുകിടക്കുന്ന തുഷാരം അലിഞ്ഞു് ജലധാരയായി പുറപ്പെട്ടു.

കാളീനാഥൻ പറഞ്ഞു: "ഞങ്ങഠം ഇവിടന്നു പോകയാണു് സഹോദരാ! ഒരു ജോലി കിട്ടി. കോളജിൽ ലക്ചററുടെ ജോലി. വേനൽഒഴിവു കഴിഞ്ഞാൽ പോകും."

"നിങ്ങഠം ഓടിപ്പോകയാണോ കാളിയേട്ടാ. നിങ്ങഠം സുഖമായി കുടുംബജീവിതം നയിക്കുന്നു. ഞാനാകട്ടെ തെണ്ടിയെപ്പോലെ അലഞ്ഞുനടക്കുന്നു. അതുകൊണ്ടാണോ?" അയാഠം ചിരിച്ചുകൊണ്ടു പറഞ്ഞു: "എൻെറ പത്നിയും വരാൻപോണു ഏട്ടാ!"

വ്രജറാണി ഉത്സാഹത്തോടെ പറഞ്ഞു: "വരണുണ്ടോ മീനു? നേരോ?"

"നേരാണു് ഏട്ടത്തി! ഞാൻ ഇത്തവണ സത്യമായും പഠിക്കാൻ തന്നെ തീച്ചയാക്കി. പിന്നെ ബിലാത്തിക്കു പോകും. മനസ്സിൽ ഉറപ്പിച്ചുകഴിഞ്ഞു. പറയൂ കാളിയേട്ടാ, എന്തൊക്കെ പുസ്തകങ്ങഠം വാങ്ങണം? പുസ്തകം വാങ്ങിക്കൊണ്ടുവരാം."

വ്രജറാണി പറഞ്ഞു: "മീനു ഇങ്ങോട്ടുവരട്ടെ, ഞാൻ കുറെ പറയാൻ ഭാവമുണ്ടു്. എൻെറ അനുജന്നു് വിദ്യാഭ്യാസമില്ല എന്നു് എന്തടിസ്ഥാനത്തിലാണു് അവഠം പറയുന്നതു്?"

പുറത്തു് ഒരു പാട്ടു്.

സ്റ്റേഷൻ പ്ലാററ്ഫോമിലിരുന്നു പാടിയ അതേ 'ബൊഉൽ' പാട്ടു പാടിക്കൊണ്ടുപോകയാണു് നിരത്തിൽ.

അയാഠം ഒരു മരത്തിൻെറ ചുവട്ടിൽ ഇരുന്നു.

അനന്തൻ നിരത്തിലിറങ്ങിനിന്നു് കുറച്ചുനേരം കേട്ടു.

ബഹുദിന് പരേ ബംധുയാ എലേ
ദേഖാ തോ ഹാതനാ പരാൻ ഗേലേ.

* * *

ഏതാനും നാറം കഴിഞ്ഞപ്പോറം വാസ്തവമായും മീന വന്നു. അന്നും അനന്തൻ കാളിയുടെ പടിക്കൽ നിൽക്കയായിരുന്നു. മീനയെ കൂട്ടിക്കൊണ്ടുവരാൻ സ്റ്റേഷനിൽ പോകണമെന്നു വിചാരിച്ചിരുന്നു. പക്ഷേ അതിന്നായി പുറപ്പെട്ടപ്പോറം കാൽ മുൻപോട്ടു നീങ്ങിയില്ല. ആരോ വഴി മുടക്കി നിൽക്കുന്നപോലെ. മീന വന്നില്ലെങ്കിലോ? സ്റ്റേഷനിൽ വെച്ചുതന്നെ കടുത്തവാക്കുകറം പറയാൻ തുടങ്ങിയാലോ അവറം? അയാറം ആ വഴിക്കു് കാളിയുടെ ഭവനത്തിലേക്കു കയറിപ്പോയി. കാളീനാഥനോടു പറഞ്ഞില്ല, മീന അന്നു വരും എന്നു്. പെട്ടെന്നു് കുതിരവണ്ടിയുടെ ശബ്ദം കേട്ടു് അയാറം പുറത്തേക്കു ചെന്നു. മുൻവശത്തെ നിരത്തിൽക്കൂടെ കുതിരവണ്ടി പാഞ്ഞുപോയി.

വണ്ടിയിൽ മീന!

അയാറം വീട്ടിലേക്കു തിരിച്ചു. വഴിക്കു് ചില പിച്ചക്കാരെ കണ്ടു. അയാറം അവരെ വിളിച്ചു പിച്ച കൊടുത്തു. അമ്പലത്തിന്റെ മുമ്പിലെത്തിയപ്പോറം തേവരെ തൊഴുതു.

അയാറം വീട്ടിൽ കയറി.

വരാന്തയിൽ സാമാനങ്ങറം ഇറക്കിവെച്ചിരിക്കുന്നു.

സ്ത്രീകളും മററും വന്നു നിൽക്കുന്നു. അനന്തൻ അവിടെ നിൽക്കാതെ അകത്തേക്കു പോയി. മീനയുടെ അച്ഛന്റെ ഭവനത്തിലെ വേലക്കാരി പുറകേ ചെന്നു.

ആരുമില്ലാത്ത ഒരു മുറി. അനന്തൻ അവിടെ പ്രവേശിച്ചു. വേലക്കാരി വിളിച്ചു: "യജമാനനേ!"

അനന്തൻ തിരിഞ്ഞു നിന്നു ചോദിച്ചു: "എന്നെയാണു് വിളിച്ചതു്?"

"അതെ. എന്റെ യജമാനത്തി ഈ കത്തു തരാൻ പറഞ്ഞിട്ടുണ്ടു്."

അനന്തൻ കത്തു കൈ നീട്ടി വാങ്ങി ഇറങ്ങിപ്പോയി.

അയാറം മറെറാരു വരാന്തയിൽ ചെന്നു. സംശയിച്ചു സംശയിച്ചു് കത്തു തുറന്നു വായിച്ചു.

"കല്യാണിയേഷ്

കുട്ടി അനന്താ, എന്റെ ആശീർവാദം. മീനയെ നിന്നെ ഏല്പിക്കുന്നു. അവളെ സുഖിപ്പിക്കേണ്ട ഭാരം നിന്റേതാണ്. നിന്നെ വിശ്വസിച്ച് അവളെ അയക്കുന്നു."

കത്തു വായിച്ച് അയാൾ ചിരിച്ചു അതു കീശയിൽ വെച്ചു. പിന്നെ വാതിൽ തുറന്നു. അയാളുടെ ചെവികളിൽ അന്നു 'ബാളൽ' പാടിയ പാട്ടു മുഴങ്ങിക്കൊണ്ടിരുന്നു—

ബഹ്ദിന് പരേ ബംധ്യാ ഏല

ദേഖാ തോ ഹാതേ നാ പരാന്ഗേല.

മുറിയിലേക്കു കടന്നു. മീന അവിടെ ഇരിക്കുന്നു. ഒരു കസേരയിൽ ഇരുന്നു മേശമേൽ തല ചായ്ച്ചിരിക്കയാണ് അവൾ.

അനന്തൻ നിന്നു പെട്ടെന്ന്.

പിന്നെ ചിരിച്ചുകൊണ്ട് അടുക്കലേക്കു ചെന്നു മീനയുടെ തോളിൽ കൈ വെച്ചു.

മീന ഞെട്ടി—"ആര്?"

"ഞാൻ." അനന്തൻ ചിരിച്ചു.

മീന നീങ്ങിയിരുന്നു. അവൾ തുറിച്ചു നോക്കിക്കൊണ്ടു ചോദിച്ചു: "എന്നെ എന്തിനാണ് ഇങ്ങനെ നിർബന്ധം വലിച്ചുകൊണ്ടു വന്നത്?" അവളുടെ കൈ തട്ടി ഒരു പൂപ്പാലിക മേശപ്പുറത്തുനിന്നു താഴെ വീണു. അതിന്റെ ശബ്ദം അനന്തന്റെ ചെവികളിൽ മുഴങ്ങിയിരുന്ന ബാളൽ ഗീതത്തെ വിഴുങ്ങിക്കളഞ്ഞു. എന്നാലും അയാൾ അടുക്കലേക്കു ചെന്നു അവളുടെ കൈപിടിച്ചുകൊണ്ടു പറഞ്ഞു: "എനിക്ക് നിന്നോട് പ്രേമമുണ്ട് മീനേ! ഞാൻ നിന്നെ സ്നേഹിക്കുന്നു. നീയില്ലെങ്കിൽ എനിക്കു വീട്ടിലിരിക്കാൻ തന്നെ തോന്നാറില്ല."

മീന അയാളുടെ മുഖത്തേക്കു നോക്കിക്കൊണ്ടു പറഞ്ഞു: "വിടു. കൈ വിടു."

അനന്തൻ പറഞ്ഞു: "അല്ലാ കേൾക്കൂ."

"എന്തു കേൾക്കാൻ ഞാൻ പറഞ്ഞില്ലേ, എനിക്ക് വെറു

പ്പാണ് പഠിപ്പില്ലായ്മയോട്."

അനന്തൻ പറഞ്ഞു: "മീനേ, ഞാൻ പഠിക്കാൻ പോകയാണ്. ഞാൻ നിന്നെ സുഖിപ്പിക്കാൻ ശ്രമിക്കുന്നതാണ്."

മീന ചിരിച്ചു. വല്ലാത്ത ചിരി. "ഏതു ക്ലാസ്സിലാണ് ചേരാൻ ഭാവം?"

"മീനേ!"

"എന്തിനാണ് നിങ്ങൾ എന്നെ നിർബന്ധിച്ചു കൊണ്ടുവന്നതു്? ഞാൻ ഇതു് ഇഷ്ടപ്പെടുന്നില്ല എന്നു് എന്തുകൊണ്ടു് ആലോചിച്ചില്ല?"

"അങ്ങനെ വിചാരിക്കാൻ വയ്യ മീനേ! മററൊരു കാര്യം—ഞാൻ നിർബ്ബന്ധിച്ചു കൊണ്ടുവന്നതല്ല നിന്നെ?"

"നിർബ്ബന്ധിച്ചില്ലേ? ഞാൻ നേരിട്ടു വന്നതോ? അച്ഛനേയും അമ്മയേയും ശാസിച്ചു കൊണ്ടു കത്തെഴുതിയില്ലേ നിങ്ങൾ. കത്തു് എഴുതുന്നതിനു മുമ്പു കല്യാണം കഴിച്ചിട്ടു് ഞാൻ വീണ്ടും കല്യാണം കഴിച്ചുവെന്നു് അറിയിച്ചാൽ മതിയായിരുന്നല്ലോ. നിങ്ങൾ മടയനാണെങ്കിലും നിങ്ങളെ ഭർത്താവായും കാണപ്പെട്ട ദൈവമായും കരുതുന്ന ഒരുവളെ കല്യാണം കഴിക്കായിരുന്നില്ലേ?" അവൾക്കു് പിന്നെ പറയാൻ കഴിഞ്ഞില്ല. ഓടിച്ചെന്നു കിടക്കയിൽ കമിഴ്ന്നുകിടന്നു കരയാൻ തുടങ്ങി.

അനന്തൻ പുറത്തേക്കു പോന്നു. അയാൾക്കും സഹിച്ചില്ല. എന്നാൽ പോകുന്നപോക്കിൽ അയാൾ പെട്ടെന്നു വാതിക്കൽ നിന്നു. തലമുടി മുറുകെപ്പിടിച്ചുകൊണ്ടു് കുറച്ചു നിമിഷം എന്തോ ആലോചിച്ചു. പിന്നെ തിരിച്ചുവന്നു, വളരെ വേഗം. അയാളുടെ ക്ഷമയുടെ ചിറ പൊട്ടിപ്പോയിരുന്നു.

അയാൾ മീനയുടെ പുറത്തു പിടിച്ചു് പൊക്കിക്കൊണ്ടു് ചോദിച്ചു: "എന്റെ ഒരു ചോദ്യത്തിന്നു് ഉത്തരം പറയുമോ മീനേ!"

മീന തലയുയർത്തി നോക്കി.

"നീയെന്താ ഇങ്ങനെ?"

മീന അയാളുടെ മുഖഭാവം കണ്ടു് അമ്പരന്നുപോയി.

അനന്തൻ ക്ഷോഭത്തോടെ പറഞ്ഞു: “കാളിയേട്ടന്റെ പത്നി ഇങ്ങനെയൊന്നുമല്ലല്ലോ. അവർ എത്ര സുഖമായി കഴിയുന്നു. കാളിയേട്ടൻ ദരിദ്രനാണ്. എന്നിട്ടും....”

മീന പെട്ടെന്നു പറഞ്ഞു: “അതുതന്നെ. അയാഠം ദരിദ്രനാണ്. നിങ്ങഠം പണക്കാരൻ. ഇതുമാത്രമേ പറയാൻ പഠിച്ചുള്ളൂ. ആരെ ആരോടു തരതമ്യപ്പെടുത്തുന്നുവെന്നു നിങ്ങഠംക്കറിയില്ല ചന്ദ്രനും കുരങ്ങനും.”

അനന്തൻ അസഹ്യമായ ക്ഷോഭത്തോടെ പറഞ്ഞു: “മീനേ! എന്താണ് നീ പറയുന്നത്?”

“പറയേണ്ടതുതന്നെ പറഞ്ഞതു്. കളവായി അയാളെ അപവാദം പറഞ്ഞു ദുഷിച്ചുകൊണ്ടു് ഊമക്കത്തെഴുതി നിങ്ങഠം എന്റെ ജീവിതം ചുട്ടുകരിച്ചു.”

അനന്തൻ അലറി—“ഇല്ല.”

മീന പറഞ്ഞു: “നിങ്ങഠം മൃഗത്തെപ്പോലെ അലറുന്നു. മൃഗത്തെപ്പോലെതന്നെ പെരുമാറുകയും ചെയ്യുന്നു.”

അനന്തൻ പുറത്തേക്കു് ഓടി. വരാന്തയിൽ ചെന്നുനിന്നു.

ഈ വാക്കുകഠം അയാളെ കുത്തിനോവിച്ചു. മൃഗങ്ങളെപ്പോലെ അലറുന്നു അതുപോലെതന്നെ പെരുമാറുകയും ചെയ്യുന്നു.

അയാഠം വീണ്ടും നടന്നു.

അയാഠം കോണിയിറങ്ങിപ്പോയി.

അയാഠം എങ്ങോട്ടെന്നില്ലാതെ നടന്നു.

കുതിരലായത്തിന്റെ അടുക്കൽ എത്തിയപ്പോഠം പെട്ടെന്നു നിന്നു. അയാഠം തലമുടി നിഷ്ഠുരണം പിടിച്ചുവലിച്ചു. തോക്കിന്റെ കാര്യം ഓർത്തു. ലക്ഷ്യമില്ലാത്ത യാത്രയിൽ ഇതുപോലെ വിശ്വസ്തനായ ഒരു സഹചാരിയില്ല. കല്പിച്ചാൽ ഉടമസ്ഥനെത്തന്നെ അതു പരലോകത്തെത്തിക്കും. കല്പിച്ചാൽ മാത്രം മതി.

അയാഠം വിളിച്ചു: “നേത്യാ!”

കുതിരക്കാരൻ നേത്യൻ വന്നു വേച്ചുവീഴാൻ ഭാവിക്കുന്നു. അവൻ വിളിച്ചു: “കൊച്ചെജമാനനേ!”

"എൻെറ തോക്ക് എടുത്തുകൊണ്ടുവാ." പെട്ടെന്ന് എന്തോ ഒരു ദുർഗ്ഗന്ധം മൂക്കിലേക്ക് ആഞ്ഞുകയറി. കള്ളിൻെറ നാററം. അയാരം നേത്യനെ കണ്ണുമിഴിച്ചു നോക്കിക്കൊണ്ടു ചോദിച്ചു: "നേത്യാ, നീ കള്ളുകുടിച്ചോ?"

"ഉവ്വ്."

"എവിടെ കള്ളിൻെറ കുപ്പി? അയാരം ലായത്തിലേക്കു നടന്നുകൊണ്ടു ചോദിച്ചു. "എവിടെ വെച്ചിരിക്കുന്നു?"

മുമ്പിൽത്തന്നെയിരിക്കുന്നു കുപ്പി. കുപ്പിയെടുത്ത് വായിലേക്കു കമിഴ്ത്തി. പിന്നെ തലയും മാറും താങ്ങിക്കൊണ്ട് അവിടെ ഇരുന്നു.

നേത്യൻ വിളിച്ചു: "കൊച്ചെജമാനനേ!"

അനന്തൻ എഴുന്നേററു. തലയോടു കത്തുന്നു. നെററി പൊരിയുന്നു. ആ കാബൂളിവാലയുടെ വാക്കുകരം കേട്ടപ്പോരം അന്നും ഇതേവിധം ഒരു അനുഭവമാണ് ഉണ്ടായതു്. ഒന്നു രണ്ടു തവണ തലകുടഞ്ഞു് അയാരം നടന്നു തുടങ്ങി. പെട്ടെന്നു് കുതിരച്ചാട്ട തൂക്കിയിട്ടിരിക്കുന്നതു് കണ്ണിൽ പെട്ടു. സപ്പത്തെപ്പോലെ ഫണമുയർത്തി, മസ്തിഷ്ക്കത്തിൽ കോപം. അയാരം നേത്യനോടു പറഞ്ഞു: "ചാട്ടയെടുക്ക് നേത്യാ, ചാട്ട."

ഇതും പറഞ്ഞു് അയാരം തന്നെ ചെന്നു ചാട്ട എടുത്തു.

മീന മുറിയിലിരുന്നു കോപം കൊണ്ടു വിറക്കുകയായിരുന്നു. അച്ഛൻെറ വീട്ടിലെ വേലക്കാരിയുണ്ട് അടുക്കൽ.

"എന്താണ് മോളെ നിങ്ങരം പറഞ്ഞതു്? അരുതരുതു്. നിങ്ങരം ഇങ്ങനെ ക്ഷോഭിക്കരുതു്. അരുതു്–"

മീന പറഞ്ഞു: "ഞാൻ പറഞ്ഞതു് ശരിയാണ്. നീ മിണ്ടാതിരുന്നോളു അവിടെ."

പുറത്തു് അനന്തൻെറ ശബ്ദം: "എന്താണ് പറഞ്ഞതു്? ഒരിക്കൽക്കൂടി പറയൂ കേരക്കട്ടെ!"

അയാരം മുറിയിലേക്കു കയറി. കയ്യിൽ ചാട്ട.

വേലക്കാരി ഒച്ച കേട്ടു ഉടൻതന്നെ ഓടിപ്പോയിക്കഴിഞ്ഞി

രുന്നു.

മീനക്കു് ചാട്ട കണ്ടിട്ടു് പേടിതോന്നിയില്ല. അവളും ഉഗ്രരൂപത്തിൽ നിന്നു. അനന്തൻ മുറിയിൽ കടന്നപ്പോൾ അവൾ ചോദിച്ചു: "എന്തു്? നിങ്ങൾ കുടിച്ചിട്ടുണ്ടോ? നിങ്ങൾ കുടിയനാണോ?"

അനന്തൻ പറഞ്ഞു: "ഉവ്വു്, കുടിച്ചു. ഇന്നു് ഈ സമയം വിഷം കിട്ടിയാൽ അതും കുടിക്കും. പക്ഷേ എന്താണു് നീ പറഞ്ഞതു്? ഒന്നു കൂടി കേൾക്കട്ടെ."

അയാൾ ചാട്ട പടേ പടേ എന്നു് കിടക്കയിൽ അടിക്കാൻ തുടങ്ങി.

മീന പറഞ്ഞു: "നിങ്ങൾ കഴുതയാണു്, നിങ്ങൾ മൃഗമാണു്, നിങ്ങൾ മൂഢനാണു്."

അനന്തൻ ഒപ്പം തന്നെ ചാട്ടകൊണ്ടടിച്ചുകൊണ്ടു പറഞ്ഞു: "അതെ, ഞാൻ കഴുത, ഞാൻ മൃഗം–"

മൂന്നടി ചാട്ടകൊണ്ടു കൊട്ടത്തിട്ടു് അയാൾ അതിവേഗം മുറിയിൽനിന്നു് സൂട്ട്കേസ് പൊക്കിയെടുത്തു് അമ്പുപോലെ പുറത്തേക്കു പോയി.

അയാൾ പോയിക്കഴിഞ്ഞപ്പോൾ മീന പുറത്തേക്കു വന്നു. അവൾ പോകും. അവൾ തിരിച്ചുപോകും.

പുറകേ ചെന്നു അനന്തന്റെ അമ്മ. എന്താണുണ്ടായതെന്നു് അവൎക്കു് മനസ്സിലായില്ല. വിളിച്ചു: "മോളേ!"

"ഇല്ലില്ല. എനിക്കു് ആരുമായുമില്ല ബന്ധം. ഇല്ല. ഞാൻ പോവുകയാണു്–."

മീന പോയി. അവൾ നിരത്തിൽക്കൂടെ നടന്നു് സ്റ്റേഷനിൽ എത്തി.

അമ്മ വിളിച്ചു: "അനന്താ! അനു!"

അച്ഛൻ വന്നു് വഴി തടഞ്ഞു. അയാൾ പറഞ്ഞു. "അവൻ ചാവണമെന്നു് പ്രാൎത്ഥിക്കയാണു് വേണ്ടതു്. അവൻ നശിക്കട്ടെ."

അമ്മ പറഞ്ഞു: "നിങ്ങൾ എന്തൊക്കെയാണു് പറയണതു്?

മീന പൊയ്ക്കളഞ്ഞു. അവളെ വിളിക്കു.''

"എങ്ങിനെ വിളിക്കാൻ ചെല്ലും? ഛീ! അവൾ പൊയ്ക്കോട്ടെ. തടയണ്ട. ഞാൻ കൂടെ ആളെ പറഞ്ഞയക്കാം. സർക്കാർ! എടോ സർക്കാർ!''

അനന്തൻെറ അച്ഛൻ പുറത്തേക്കു പോയി. അമ്മ സ്തംഭിച്ചു നിന്നു.

അനന്തൻ വീടു വിട്ടു് പോയി. ജില്ലാതലസ്ഥാനത്തു നടക്കുന്ന ഷൂട്ടിങ്ങ് മത്സരത്തിൽ പങ്കെടുക്കുവാൻ അയാൾക്കു പരിപാടി ഉണ്ടായിരുന്നു. അയാൾ അവിടെ ഒരു ഹോട്ടലിൽ താമസിച്ചു. വ്രജറാണിയുടെ ഏട്ടൻ ഹരദാസ്ബാബു അയാളെ ഷൂട്ടിങ്ങ്ഗ്രൗണ്ടിൽവെച്ചു കണ്ടുമുട്ടി, പിടിച്ചു വീട്ടിലേക്കു കൊണ്ടുപോയി. ക്ഷീണിച്ചു തളർന്നിരുന്ന അനന്തനു് രാത്രി ഉറക്കം തീരെ വന്നില്ല. മനസ്സിന്നു അത്രക്കു ക്ഷതം പററിയിരുന്നു. അന്നു സന്ധ്യക്കു് അയാൾ നഗരത്തിലുള്ള ഹരദാസ്ബാബുവിൻെറ ഭവനത്തിലെ പുറന്തളത്തിൽ മൂടി രണ്ടു കൈകൊണ്ടും മുറുകേപ്പിടിച്ചുകൊണ്ടു് ഇരിക്കയായിരുന്നു. അസ്വസ്ഥതയോടെ ഇടക്കു് തല ഇളകിയിരുന്നു.

പെട്ടെന്നു് അസ്പഷ്ടമായ വിധം പറഞ്ഞു: "ഛെ ഛെ!" അയാൾ സൈ്വരക്കേടോടെ എഴുന്നേററു.

അയാളുടെ ഹൃദയത്തെ പലതരം ഓർമ്മകൾ അലട്ടിക്കൊണ്ടിരുന്നു. താൻ ചെയ്ത കൃത്യം അനുസ്മരിച്ചു. കഷ്ടം! കഷ്ടം! അയാൾ നേതൃൻെറ എച്ചിൽക്കള്ളു കുടിച്ചു. മദ്യലഹരിയാൽ ഹൃദയം കത്തിപ്പോയി. വിവേകംവിട്ടു് മീനയെ ചാട്ടകൊണ്ടടിച്ചു. അയാൾ താൻ ചെയ്തതു് ഉചിതമായെന്നു് സ്വയം സമാധാനിപ്പിക്കാൻ ശ്രമിച്ചു. ഒരന്യായവും താൻ ചെയ്തിട്ടില്ല. എന്നിട്ടും മനസ്സ സമ്മതിക്കുന്നില്ല. ചിലപ്പോൾ ഓരോന്നു വിചാരിക്കുന്നതിന്നിടക്കു് ഛി ഛി! എന്നു പറഞ്ഞു കേഴും. താൻ എന്തുകൊണ്ടു് ക്ഷോഭിക്കാതെ മീനയെ കാര്യം പറഞ്ഞു ഗ്രഹിപ്പിച്ചില്ല. തനിക്കും ഉണ്ടു് ഉത്തരവാദിത്വം ഇതിൻ. എന്തുകൊണ്ടു് തനിക്കു് ഇംഗ്ലീഷ്

അറിഞ്ഞുകൂടെന്ന കഥ ആദ്യദിവസംതന്നെ വ്യക്തമാക്കിയില്ല. മീനയെ ചാട്ടകൊണ്ടു് അടിച്ചതോർക്കുമ്പോഴാണു് ഏററെ വേദന മനസ്സിന്നു്. മീനയുടെ ദേഹം ചാട്ടവാറിന്റെ അടികൊണ്ടു വട്ടുകെട്ടി. രക്തം പൊട്ടിയൊഴുകി. "ഛി ഛി ഛി!"

പുറത്തു് ആരുടെയോ കാലൊച്ച. അയാൾ ഞെട്ടിയുണർന്നു് അനങ്ങാതെ കിടക്കയിൽ ചെന്നു കിടന്നു. അയാൾക്കു് സംസാരിക്കാൻ പോലും ശക്തിയില്ല. മനസ്സു് നീറുന്നു. ഉറക്കം വരാനായി കവിഴ്ന്നുകിടന്നു.

മുറിക്കു പുറത്തു് വ്രജറാണിയുടെ അമ്മ ലഘുഭക്ഷണത്തിന്നുള്ള വിഭവങ്ങൾ എടുത്തുകൊണ്ടുവന്നു് വിളിച്ചു: "അനന്താ!" മറുപടി കിട്ടാത്തതിനാൽ കാൽകൊണ്ടു വാതിൽ തുറന്നുനോക്കി. അയാൾ കിടക്കയിൽ കവിഴ്ന്നുകിടക്കുന്നതുകണ്ടു് വീണ്ടും വിളിച്ചു: "അനന്താ, അനന്താ!"

ടക് ടക് എന്നു ചെരുപ്പിന്റെ ശബ്ദത്തോടെ ഹരദാസ് ബാബു വന്നു് ചോദിച്ചു: "എന്താണു്?"

അമ്മ പറഞ്ഞു: "ഉറക്കമായി."

ഹരദാസ് വിളിച്ചു. "അനന്തബാബു!"

"വിളിക്കണ്ട. വല്ലാതെ ക്ഷീണിച്ചിരിക്കുന്നു എന്നു തോന്നുണു."

ഹരദാസ്ബാബു പറഞ്ഞു: "എന്തോ, ഒന്നും മനസ്സിലാവുന്നില്ല. മുഖം വല്ലാതെയായിരിക്കുന്നു. വല്ലാത്ത നോട്ടം, ചിതറിയ മുടി, ഈ വേഷത്തിൽ തോക്കുമേന്തി ഷൂട്ടിങ്ങ്ഗ്രൗണ്ടിൽ വന്നുനിൽക്കയായിരുന്നു. ഞാൻ ചെന്നു വിളിച്ചു. അയാൾ ഞെട്ടിപ്പോയി. ഞാൻ ചോദിച്ചു: 'എന്തുപററി നിങ്ങൾക്കു്? നിങ്ങളുടെ മുഖം—' അയാൾ പറഞ്ഞു: "എനിക്കു് നല്ല സുഖമില്ല. എന്റെ—' ഞാൻ ചോദിച്ചു. 'പനിയുണ്ടോ? ഈ സുഖക്കേടുംകൊണ്ടു് എന്തിനു വന്നു?' അയാൾ പറഞ്ഞു: 'ഏയ് പനിയൊന്നുമില്ല.' എന്തുകൊണ്ടോ—' അയാൾക്കു് എന്താണു് പറയേണ്ടതു് എന്നു് തോന്നിയില്ല."

ഹരദാസ്ബാബുവും അമ്മയും സംസാരിച്ചുകൊണ്ടു് മുറിയു

ടെ മുമ്പിൽ നിന്നു് നടന്നുപോന്നു. വാതിൽ അവർ പുറത്തുനിന്നു ചാരി. അവർ വരാന്തയിൽ വന്നു നിന്നു് വർത്തമാനം തുടങ്ങി.

ഹരദാസ്ബാബു പ്രശംസാസ്വരത്തിൽ പറഞ്ഞു: "ഷൂട്ടിങ്ങിലുള്ള കമ്പംകൊണ്ടു വന്നതാണു് സുഖമില്ലെങ്കിലും. വെറും കമ്പം എന്നു പറഞ്ഞുകൂടാ. എന്തൊരു കൈവിരുതു്! പിഴക്കാത്ത ഉന്നം. ടാർജററിൽത്തന്നെ ഹിററ്. ഒന്നാം സ്ഥാനം തന്നെ നേടിയിട്ടാണു് പോന്നതു്. മിനിസ്റ്റർ അഭിനന്ദിച്ചു സംസാരിച്ചു. അയാാം മിനിസ്റ്ററോടു പറഞ്ഞു: 'എന്നെ മിലിട്ടറിയിൽ എടുക്കു. ഈ ടിമിഡ് ലൈഫ് എനിക്കു പിടിക്കാതായി; കാഷ്മീർഫ്രണ്ടിലേക്കു് അയക്കു. അയക്കുമോ എന്നെ?' മിനിസ്റ്റർ ചിരിക്കാൻ തുടങ്ങി. നല്ലൊരു ചെറുപ്പക്കാരൻ. എനിക്കു വളരെ പിടിച്ചു. എന്തൊരു മധുരമായ സംസാരം! വലിയ തറവാടിയുമല്ല!"

അമ്മ പറഞ്ഞു: "എന്നിട്ടു് ഈ ചെറുപ്പക്കാരനെപ്പററി, ഇയാളുടെ തറവാടിനെപ്പററി, ആ കത്തു് ആരായിരിക്കാം അയച്ചതു്, പറയാമോ? ഡംഭി, കാടൻ, കുടിയൻ, മുടിയൻ, എന്തൊക്കെ!"

ഹരദസ്ബാബു 'ഹോ ഹോ' എന്നു് ഉറക്കെ ചിരിച്ചു.

അമ്മ പറഞ്ഞു: "നീയെന്താണു് ചിരിക്കണതു്? ചിരിക്കാനെന്തുണ്ടിതിൽ?"

ഹരദാസബാബു ചിരിച്ചുകൊണ്ടു തന്നെ പറഞ്ഞു: "ചിരിക്കേണ്ടതില്ല. അതൊക്കെ പോട്ടെ. അതൊക്കെ കഴിഞ്ഞില്ലേ? വ്രജിന്നു് സുഖമായല്ലൊ. ഇനി ആ കത്തിന്റെ കാര്യം എടുത്തിട്ടിട്ടു് എന്തുഫലം?" വീണ്ടും ചിരിച്ചു അയാാം.

അമ്മ ചോദിച്ചു: "എന്താണു് നീ ഓർത്തോർത്തു ചിരിക്കണതു്?"

"ചിരിക്കേണ്ട കഥയായതുകൊണ്ടു തന്നെ. കത്തു് നിങ്ങളുടെ മരുമകൻ എഴുതിയതു തന്നെ."

"കാളീനാഥനെഴുതിയതോ?"

"അതെ. കാളി പിന്നീടെഴുതിയ കത്തുകാം ചേർത്തുവെച്ചു നോക്കി ഞാൻ. വലത്തോട്ടു ചെരിച്ചെഴുതുവാൻ കിണഞ്ഞു ശ്രമി

ച്ചിട്ടുണ്ട്. പക്ഷേ എൻെറ കണ്ണുകളെ ചതിക്കാൻ പററില്ല. വക്കീലിൻെറ കണ്ണാണതു്. ഞാൻ ഇവിടത്തെ കൈപ്പടവിദഗ്ദ്ധനെ കാട്ടി നോക്കി. കയ്യക്ഷരം കാളീനാഥൻെറ തന്നെ.''

വീണ്ടും ചിരിച്ചു.

അമ്മ കവിളിൽ വിരൽ വെച്ചുകൊണ്ടു പറഞ്ഞു: ''കണ്ടോ കുത്തിത്തിരുപ്പു്!''

''അയാൾക്കു് നമ്മുടെ പ്രജിനെ നന്നെ പിടിച്ചു. അല്ലാതെന്താ? ഓരോരുത്തൻ സ്വന്തം കാര്യസാദ്ധ്യത്തിന്നു് എന്തൊക്കെ ചെയ്യുന്നു? കുട്ടിത്തം വിടാത്ത ബുദ്ധി അങ്ങിനെ ഉടലെടുത്തതാണു് ആ ഊമക്കത്തു്. പിന്നെ, നിങ്ങളുടെ മരുമകന്നു് ബുദ്ധിയുണ്ടു്, സ്നേഹവുമുണ്ടു്. എന്താണു് തരക്കേടു്? നത്തിങ്ങ് ഈസ് അൺഫെയർ ഇൻ ലൗ ആൻറ് വാർ!''

അനന്തൻ മുറിയിൽ തല പൊക്കികിടന്നുകൊണ്ടു് എല്ലാം കേട്ടു. അയാളുടെ കണ്ണുകൾ രണ്ടും മിഴിഞ്ഞു.

അയാൾ എഴുന്നേററു. മുടി ശക്തിയായി പിടിച്ചു ചീന്തി.

മുറിയിൽ കാളീനാഥൻെറ ഒരു ഫോട്ടോ ഉണ്ടായിരുന്നു. അതിൻെറ മുമ്പിൽ ചെന്നു നിന്നു അയാൾ.

അയാൾ പറഞ്ഞു: ''നിങ്ങൾ സുഖിക്കു കാളിയേട്ടാ, സുഖിക്കു.''

തിരിച്ചുവന്നു് കട്ടിലിൽ ഇരുന്നു.

വീണ്ടും എഴുന്നേററു.

ഫോട്ടോവിൻെറ അടുക്കൽ ചെന്നു് വീണ്ടും പറഞ്ഞു: ''ഞാനും ശ്രമിക്കും. പഠിക്കും. മീനയോടു മാപ്പു ചോദിക്കും.''

അയാൾ വാതിൽ തുറന്നു പുറത്തേക്കുവന്നു. തോക്കു തോളിൽ വെച്ചു. വിളിച്ചു: ''ഹരദാസ്ബാബു!''

''അനന്തബാബു! ഉറക്കം കഴിഞ്ഞോ?''

ഹരദാസ്ബാബു അടുക്കലേക്കു ചെന്നു.

''ഞാൻ ഈ വണ്ടിക്കുതന്നെ പോകയാണു്, ഹരദാസ്ബാബു!''

"എന്താണ് സംഗതി?"

"അതെ, എനിക്കു ഈ വണ്ടിക്കുതന്നെ പോകണം. എനിക്കു മാപ്പുതരണം. ഞാൻ ഒരു ദുസ്വപ്നം കണ്ടു. ഇന്നുതന്നെ എനിക്കു വീട്ടിൽ എത്തണം. മനസ്സിന്നു ഒരു സമാധാനമില്ല. ക്ഷമിക്കണം. ഇനി ഒരു ദിവസം വരാം. അമ്മയോടു പറഞ്ഞേക്കു. അവരുടെ പുത്രി ഭാഗ്യവതിയാണ്, ദേവീതുല്യയാണ്. അവൾ രാജരാജേശ്വരിക്കൊപ്പം സുഖം അനുഭവിക്കും."

അയാൾ ഇറങ്ങിപ്പോയി.

ഹരദാസ് വിളിച്ചു: "അനന്തബാബു!"

"വേണ്ട, പിന്നിൽനിന്നും വിളിക്കേണ്ട ഹരദാസ്ബാബു! എന്റെ മനസ്സ് അത്യന്തം അസ്വസ്ഥമായിരിക്കുന്നു."

വീട്ടിൽ എത്തിയ ഉടൻ അച്ഛനെ കണ്ടുമുട്ടി. കണ്ടപ്പോൾതന്നെ അച്ഛൻ പറഞ്ഞു: "നീ കുലത്തിന്നു കളങ്കമാണ്. നിന്നെപ്പോലുള്ള പുത്രനുണ്ടാവുന്നതിൽ ഭേദം സന്താനഹീനനാവുന്നതാണ്. നീ എനിക്കു തലപൊക്കിനടക്കാൻവയ്യാതാക്കി. വധു ഗൃഹത്തിന്നു ലക്ഷ്മിയാണ്. നീ അവളെ ചാട്ടകൊണ്ടടിച്ചു പുറത്താക്കി. ഛീ!"

അച്ഛൻ പിന്നെ അവിടെ നിന്നില്ല. അമ്മ മുമ്പിൽവന്നു.

"അനു!"

"അമ്മേ!"

അമ്മ മുഖത്തേക്കു നോക്കി. അവളും മകനെ നിന്ദിക്കാനാണ് വന്നതു്. എന്നാൽ മുഖം കണ്ടപ്പോൾ മനസ്സു വന്നില്ല. ഇത്രമാത്രമേ പറയാൻ കഴിഞ്ഞുള്ളു: "അനന്താ, നീ ഇതു ചെയ്തല്ലോ."

"ഞാൻ ഇതിന്നു പ്രായശ്ചിത്തം ചെയ്യും അമ്മേ! ഞാൻ ശ്രീരാമപുരത്തേക്കു പോകയാണ്!"

"അനു!" അമ്മയുടെ ഹൃദയത്തിൽ ആശങ്ക ഉണർന്നു.

"ഒട്ടും പരിഭ്രമിക്കേണ്ട അമ്മേ! മീനയോടു കുററം സമ്മതിക്കും. മാപ്പു ചോദിക്കും. ശ്വശുരന്റെ കാൽക്കൽ വീഴും. എന്നിട്ടു് ഞാൻ പഠിച്ചു് ബിലാത്തിക്കു പോകും. അവരോടു ഈ വിവരം പറഞ്ഞിട്ടു വരും. തെററു ചെയ്തുപോയി. അതിന്നു പ്രായശ്ചിത്തംകൂടി ചെയ്യണം."

അയാം അമ്മയുടെ കാൽക്കൽ പ്രണമിച്ചു. എഴുന്നേററുനിന്നിട്ട് പറഞ്ഞു. "നാളെ ഉച്ചക്കുള്ള വണ്ടിക്ക് ഞാൻ മീനയെ നിശ്ചയമായും കൂട്ടിക്കൊണ്ടുവരും അമ്മേ! ഈ വണ്ടിക്കുതന്നെ പോവുകയാണ്."

*          *          *

അനന്തൻ മീനയുടെ പിതൃഗൃഹത്തിൽ എത്തി. അകത്തു കടന്ന ഉടൻ ശ്വശുരനെ കണ്ടു. വരാന്തയിൽ നിൽക്കയായിരുന്നു ശ്വശുരൻ.

അയാം കണ്ട ഉടൻ മുട്ടുകുത്തി ശ്വശുരന്റെ കാൽ പിടിച്ചുകൊണ്ടു പറഞ്ഞു: "എനിക്കു മാപ്പുതരൂ, ക്ഷമിക്കൂ, ഞാൻ...."

പൃഥ്വീശബാബു അലറി: "ഇല്ല, ഇല്ല, നീ....നീ...."

കോപം കൊണ്ട് അയാംക്കു വീർപ്പുമുട്ടി.

അനന്തൻ ധൈര്യമവലംബിച്ചുകൊണ്ട് പറഞ്ഞു: "ഞാൻ അപരാധിയാണ്. ഞാൻ കുററം സമ്മതിക്കുന്നു."

പൃഥ്വീശൻ കാൽ വലിച്ച് വീണ്ടും ഉറക്കെ പറഞ്ഞു: "മടയൻ, വഞ്ചകൻ! നീ....നീ...."

"എന്തു പറഞ്ഞാലും ഞാൻ വിരോധം പറയില്ല. വിധിക്കുന്നതെന്തും ചെയ്യും. ഒരിക്കൽക്കൂടി മാപ്പുതരൂ. മീനയെ ..."

അയാംക്ക് മുഴുവൻ പറയാൻ കഴിഞ്ഞില്ല.

പൃഥ്വീശൻ ഉന്മത്തനെപ്പോലെ ഗർജിച്ചു: "മീനയെ നീ അടിച്ചു. കുടിയൻ, കാടൻ, നിന്നെ ഞാൻ...."

മുഴുവനാക്കാതെ അയാം വേഗം അകത്തേക്കു കടന്നുപോയി. അനന്തൻ നെട്ടവീർപ്പോടെ നിന്നു.

മാപ്പില്ല! അപ്പോൾ? തിരിച്ചുപോയാലോ എന്ന് ഒരിക്കൽ തോന്നി. അതാണ് ഭേദം. തിരിഞ്ഞു അയാം. എന്നാൽ ഏതാനും അടി മുമ്പോട്ടുവെച്ച് പെട്ടെന്നു നിന്നു. ഇല്ല, ഓടിപ്പോയാൽ പററില്ല. പ്രായശ്ചിത്തം ചെയ്യണം.

ഈ സമയം പൃഥ്വീശബാബു പുറത്തേക്കു വന്നു ഒരു ചാട്ട

യെടുത്തുകൊണ്ട്. അയാൾ തിരിഞ്ഞു നിൽക്കുന്ന അനന്തൻെറ പുറത്ത് ചാട്ടകൊണ്ട് ഒരടി കൊടുത്തു.

"ഇതാണ് അതിന്നു പ്രതിവിധി."

അനന്തൻ തീവ്ര പീഡയാൽ അധീരനായി തിരിഞ്ഞു. എന്താണിത് തീപോലെ പുറത്തു വന്നു വീണതു്? ഓ, ചാട്ടയോ? അയാൾ ഒരു നിമിഷനേരം ചാട്ട കടന്ന് പിടിച്ചു.

"വിട് ചാട്ട."

അയാൾ വിട്ടു. എന്നിട്ടു പറഞ്ഞു: "അടിച്ചോളു. മീനയേയും ഞാൻ ഈ വിധം അടിക്കയുണ്ടായി."

പൃഥ്വീശബാബു അടി തുടങ്ങി: "ഇതാണതിന്നു വേണ്ടതു്. ഇതാണ് ഇതു്...."

പിന്നെ ചാട്ട വലിച്ചെറിഞ്ഞിട്ടു പറഞ്ഞു: "നിനക്കു് മാപ്പു തരാം. പക്ഷേ നീ മരിക്കണം. അപ്പോൾ മാത്രം."

അനന്തൻ അയാളുടെ നേരെ നോക്കിയിട്ടു് വേഗം വേഗം പടിക്കലേക്കു നടന്നു.

പൃഥ്വീശ്ബാബു പുറകിൽനിന്നു വിളിച്ചു പറഞ്ഞു: "നീ നിൻെറ തോക്കുകൊണ്ടു മൃഗങ്ങളെ കൊല്ലുന്നതുപോലെതന്നെ നിൻെറ മൃഗീയജീവിതത്തെയും സ്വയം സംഹരിക്കു്. അന്നു തരാം മാപ്പു്!"

മീന മുകളിലത്തെ മുറിയിൽ ജനലിൻെറ അഴി മുറുകെപ്പിടിച്ചു് നിൽക്കയായിരുന്നു ഈ സമയം. അവിടെനിന്നു നോക്കിയാൽ പടിവാതിൽ കാണാം. അനന്തൻ കടന്നുപോയതു് അവൾ കണ്ടു. മീന അനങ്ങാതെ നോക്കിനിന്നു. എല്ലാം കഴഞ്ഞു മറിഞ്ഞപോലെ. എന്തു സംഭവിച്ചു? അകലെയായി സ്റ്റേഷൻ കാണാം. പുകയിൽ എല്ലാം മൂടിയപോലെ.

മീനയുടെ അമ്മ വിളിച്ചു. "മീനേ!"

മീന കല്ലുപോലെ തറഞ്ഞുനിന്നു. എന്താണീ സംഭവിച്ചതു്? അവൾ ഇതു് ആഗ്രഹിച്ചിരുന്നതല്ല.

വണ്ടി വിസിൽ വിളിച്ചു.

മീനയുടെ അമ്മ പുറത്തേക്കു് ഓടി. "അയ്യോ! കഷ്ടം!"

*　　　*　　　*

ഗ്രാമത്തിലെ സ്റ്റേഷൻ.

സ്റ്റേഷന്നു പുറത്തു് പല്ലക്കും ചുമട്ടുകാരും. അനന്തൻ ഈ വണ്ടിക്കു് പത്നിയെ കൊണ്ടുവരും.

വണ്ടി വന്നു നിന്നു. ആളുകൾ വാതിൽ കടന്നുപോകാൻ തുടങ്ങി. ചുററും ബഹളം നടന്നു. വില്പനക്കാരുടെ വിളികൾ അങ്ങിനെ. പണ്ടു കണ്ട 'ബാഉൽ' ഇരുന്നു പാടുന്നതു് ഇതിന്നിടയിലും കേൾക്കാറായി.

ദുഖേർ കഥാ ബലിസനേ കോ കാര ഒ കാഛേര

നായി ബലിതേ

സുഖേർ മേലായ് ദുഃഖർ റായീ സേബാർ കാനാദേച

ഹായ് ലലിതേ

ഒ—ഹായ് ബലിസനേകോ.

കൂട്ടത്തിൽ അനന്തനും ഇറങ്ങിവന്നു.

തലവഴി തുണി കൊണ്ടു മൂടി ആരും അറിയാതെ കഴിക്കാൻ നോക്കിക്കൊണ്ടാണു് നടത്തം.

ഭൃത്യമാക്കു് എന്നിട്ടും ആളെ മനസ്സിലായി. അവർ ഉറക്കെ വിളിച്ചു: "കൊച്ചെജമാനനേ."

അയാൾ നിന്നില്ല. നടന്നു മുറക്കു്. ഭൃത്യരും പുറകേ നടന്നു ചെന്നു് ചോദിച്ചു: "കൊച്ചെജമാനനേ! കൊച്ചമ്മ."

"വന്നിട്ടില്ല." ഇതും പറഞ്ഞു് അയാൾ വേഗം വേഗം നടന്നു തുടങ്ങി. അയാൾ വയലുകളുടെ നടുക്കു കൂടിയുള്ള മാർഗ്ഗത്തിലൂടെ നടന്നു. ഗ്രാമത്തിന്നു പുറത്തുകൂടെ. മുഖത്തു് ചാട്ടയുടെ പാടുകൾ. കുളിച്ചിട്ടില്ല. വൃത്തിയില്ല. മനസ്സിലെ സ്ഥിതി അതിലും മോശം. പൊട്ടിത്തകർന്നിരിക്കുന്നു ഹൃദയം.

ജനലിൽക്കൂടെ അകത്തു കടന്നു.

കടന്നു് നേരെ സ്വന്തം മുറിയിൽ കയറി.

മേശയിൽ ചാരിനിന്നു.

മുമ്പിൽത്തന്നെ വലിയ കണ്ണാടി.

പതുക്കെപ്പതുക്കെ മുഖത്തെ തുണി നീക്കി. മുഖത്തു നിറയെ ചാട്ടയുടെ പാടുകൾ; കീറിയ കുപ്പായം, ചിതറിക്കിടക്കുന്ന മുടി. അയാൾ കണ്ണടച്ചു.

ചെവിയിൽ വാക്കുകൾ മുഴങ്ങിക്കൊണ്ടിരുന്നു. "നിനക്കു മാപ്പുതരണമെങ്കിൽ നീ മൃഗങ്ങളെ കൊല്ലുന്ന അതേ തോക്കാൽ നിൻെറയും........"

തോക്കു് പൊക്കിയെടുത്തു. തോട്ട ഉണ്ടോ എന്നു നോക്കി.

തോക്കു് വിഞ്ചെസ്റ്റർ റിപ്പീററർ, ആറു് കാർട്ട്രീജ് ഒരേ സമയം നിറക്കാം.

കാർട്ട്രീജ് ഇല്ലേ എന്നു നോക്കി.

അടച്ചു് തോക്കു നിലത്തു കുത്തി കുഴലിൽ നെററിവെച്ചു. പിന്നെ. ഒരു കാൽ ട്രിഗറിൽ എടുത്തുവെച്ചു.

പോട്ടെ, അവസാനിക്കട്ടെ ജീവിതം!

ചെവിയിൽ മുഴങ്ങി— "മൃഗത്തിൻെറ ജീവിതം അവസാനിപ്പിക്കു്."

അനന്തൻ ഞെട്ടി. അയാൾ ട്രിഗറിൽ നിന്നു് കാൽ എടുത്തു. കണ്ണുകൾ ഉന്മത്തന്മാരുടേതുപോലെയായി.

സ്വയം ചോദിച്ചു: "ഞാൻ മാത്രമേയുള്ള മൃഗം? നീയോ? ഈ വിധത്തിലെല്ലാം ചെയ്തു് നീ എന്നെ അവശനാക്കിയില്ലേ?" ഓടിച്ചെന്നു നിന്നു കണ്ണാടിയുടെ മുമ്പിൽ. സ്വയം അവശമായ ദേഹം അതിൽ നിഴലിച്ചുകണ്ടു പെട്ടെന്നു് മേശപ്പുറത്തു് ഒരു കത്തു കിടന്നിരുന്നതിൽ കണ്ണു പതിഞ്ഞു.

കാളീനാഥൻെറ കൈപ്പട.

"അനു, ഇന്നു നിൻെറ ഏട്ടത്തിയുടെ വ്രതപാരണാദിവസമാണു്. പറയാതെ ശ്വശുരഭവനത്തിലേക്കുപോയി നീ. എന്തൊരത്യാപത്തു്! ഭഗവാൻ രക്ഷിച്ചു. നീ ഇന്നു തിരിച്ചുവരുമെന്നുകേട്ടു. വന്ന ഉടൻ ഇവിടെ വരണം. ഏട്ടത്തി ഊണു കഴിക്കാതെ കാത്തി

രിക്കും.''

അനന്തൻെറ കണ്ണുകൾ കത്തി: ''മൃഗം! അതേ അവനും ഒരു മൃഗം.''

ഉടൻ അയാൾ പുറത്തേക്കിറങ്ങി. ജനലിൽക്കൂടെത്തന്നെ.

വേനൽക്കാലത്തെ നട്ടുച്ച. ആകാശത്തിൽ സൂര്യൻ തീ ചൊരിയുന്നു. അനന്തൻെറ തലയിൽ കനൽ എരിയുന്നു.

ജനസഞ്ചാരം ഇല്ലാത്ത നിരത്തിൽക്കൂടെ അയാൾ നടന്നു.

കാളീനാഥൻെറ ഭവനത്തിൽ ജനലിന്നരികിൽ നിൽക്കയാണ് വ്രജറാണി. വ്രതം അവസാനിപ്പിക്കേണ്ട ദിവസം. കണ്ണുകളിൽ ഉൽക്കണ്ഠ.

കാളി ചാരുകസേരയിൽ കിടന്നു പുസ്തകം വായിക്കുന്നു.

വ്രജറാണി പറഞ്ഞു: ''ദേവരൻ വന്നെന്നു തോന്നുന്നു.''

കാളി എഴുന്നേററു. ''വന്നോ?''

പുറത്തുനിന്നു് ഇടറിയ സ്വരത്തിൽ വിളിക്കുന്നതു കേൾക്കാറായി– ''കാളിയേട്ടാ!''

''അനു!''

കാളീനാഥൻ പുറത്തേക്കു വന്നു. വ്രജറാണി അകത്തേക്കു പോയി.

കാളീനാഥൻ വാതിൽ തുറന്നു.

മുമ്പിൽ അനന്തൻ! ചതവു പററിയ ദേഹം. പുറത്തു് തോക്കു്.

കാളി ഞെട്ടലോടെ ചോദിച്ചു: ''ഇതെന്തൊരു വേഷം? അനു എന്തു പററി?

''മൃഗം, മൃഗം മുറിപ്പെടുത്തി.''

''എവിടെ വെച്ചു്?'' കാളീനാഥനു് ഒന്നും മനസ്സിലായില്ല. വിസ്മയപൂർവ്വം പറഞ്ഞു: ''അതാണെന്നു തോന്നുന്നു, തോക്കുംകൊണ്ടു്....''

''അതെ, കൊല്ലാൻ പുറപ്പെട്ടു. പകരം വീട്ടണം കാളിയേട്ടാ.''

''എന്താണു നീ പറയുന്നതു് അനു? അനു....''

"മറെറാരു മൃഗം എൻെറ ഹൃദയത്തെ—ജീവിതത്തെയത്രയും ഇതിനേക്കാളേറെ മാന്തി മുറിപ്പെടുത്തി. അതിനെയും വധിക്കണം. അതുകഴിഞ്ഞാൽ തന്നെത്തന്നെയും. അതിന്നുമുമ്പ്—"

അയാളുടെ കണ്ണിലേക്കു നോക്കിയപ്പോഠം കാളീനാഥനു പേടിയായിപ്പോയി. അനന്തൻ അയാളെത്തന്നെയാണ് തുറിച്ചുനോക്കിയിരുന്നതു്. അയാളുടെ ദൃഷ്ടികഠം എന്തോ പറഞ്ഞിരുന്നു. ഭയങ്കരവും കഠിനവുമായ എന്തോ ഒന്നു്. ഭയത്തോടെ പറഞ്ഞു: "അനു, അനു!"

കാളീനാഥൻ പേടിയോടെ കാൽ പുറകോട്ടു വെച്ചുകൊണ്ടു് മുറിയിൽ കയറി. അയാഠംക്കു മനസ്സിലായി കാര്യം.

അനന്തൻ പുറകേചെന്നു് മുറിയിൽ പ്രവേശിച്ചു് തോക്കെടുത്തിട്ടു പറഞ്ഞു: "ഈ മുറിയിൽ വെച്ചു് നിങ്ങഠം ഒരു നായയെ കൊല്ലുകയുണ്ടായി, ഓക്കുന്നുണ്ടോ? അതു് നിങ്ങളുടെ കിടക്കയിൽ കയറിക്കിടന്നു എന്നതായിരുന്നു അതിൻെറ കുററം, മറന്നിട്ടില്ലല്ലോ. ഇതേവിധം നിങ്ങഠം എൻെറ ജീവിതത്തിൽ..."

"അനു, മാപ്പു്! മാപ്പു് അനു!" കാളീനാഥൻ ആത്തസ്വരത്തിൽ പറഞ്ഞു. അയാഠം കൈ കൂപ്പി.

"ഇല്ലില്ല. ഞാൻ മൃഗങ്ങളെ വെറുതെ വിടാറില്ല കാളിയേട്ടാ!"

തോക്കുയത്തിയപ്പോഠം കാളീനാഥൻ അതിൻെറ കുഴൽ പൊത്തിപ്പിടിച്ചു. അനന്തൻ ആ നിലക്കു തന്നെ ഫയർചെയ്തു അയാഠംക്കു മത്തു പിടിച്ചുകഴിഞ്ഞിരുന്നു. മാപ്പില്ല! ഇല്ല ...

കാളീനാഥൻെറ കൈ തുളഞ്ഞു.

അനന്തൻ രണ്ടാമതു ഫയർ ചെയ്യാൻ തോക്കു ശരിപ്പെടുത്തി പുറപ്പെടുമ്പോഴേക്കു് കാളി ചോരയൊലിക്കുന്ന കയ്യുമായി അകത്തേക്കു് ഓടി.

വ്രജറാണി അപ്രതീക്ഷിതമായ ആശങ്കയാൽ ഉറക്കെ വിളിച്ചു: "അനുജാ!" കാളിയുടെ ദീനസ്വരം അവഠം കേട്ടിരുന്നു. "അനു മാപ്പു്, മാപ്പു് അനു!"

അനന്തൻ തോക്കു വീണ്ടും ഉയത്തി.

വ്രജറാണി ഓടിയണഞ്ഞു് അയാളുടെ രൗദ്രരൂപം കണ്ടു് നിലവിളിച്ചു. "അരുതരുതു്." അവരം നിമിഷംകൊണ്ടു് ബോധം കെട്ടുവീണു. ഒപ്പംതന്നെ അനന്തന്റെ തോക്കു് അമറി. കാളീനാഥനും മലന്നുവീണു.

അനന്തൻ പുറംവാതിൽക്കൽ വന്നുനിന്നു.

തിരിഞ്ഞുനോക്കി.

മൂർച്ഛിച്ചുകിടക്കുന്ന വ്രജറാണിയെ കണ്ടു. അകത്തേ വരാന്തയിൽ കിടക്കുന്നു.

അയാരം പെട്ടെന്നു് ഒരു മൃഗത്തെപ്പോലെ വിചിത്രമായ ഒരു ശബ്ദം പുറപ്പെടുവിച്ചു: "ആഃ!"

പിന്നെ തോക്കു് നിലത്തു് ഊന്നി കുഴൽ നെററിയിൽ വെച്ചു് ട്രിഗറിൽ കാൽ കുത്തി.

ശബ്ദം പുറപ്പെട്ടു—ക്ലിക്! തുടന്നു പ്രതീക്ഷിച്ചിരുന്ന പൊട്ടൽ ഉണ്ടായില്ല. ഒരു പതക്കം ഏററില്ല.

എന്തുപററി? അയാരം തോക്കു തുറന്നു നോക്കി. ചേംബർ ശൂന്യം.

അനന്തൻ അലറി: "കാർട്ട്രീജ് ഇല്ല." അയാരം ഉറക്കെ അട്ടഹസിച്ചു. എന്തിനാണെന്നു് അയാരംക്കു തന്നെ നിശ്ചയമില്ല. കാളീനാഥൻ ചത്തു എന്നോർത്തിട്ടോ? അഥവാ വെടിയുണ്ട തീർന്നു എന്നു് വിചാരിച്ചിട്ടോ? അതോ തലയിലെഴുത്തിനെപ്പററി ചിന്തിച്ചിട്ടോ? ആരറിഞ്ഞു?

അടുത്ത നിമിഷം അയാരം പകച്ചുനിന്നു. ഭയത്താൽ അയാളുടെ കണ്ണുകരം മിഴിഞ്ഞു. മുഖം വികൃതമായി ഭ്രാന്തനെപ്പോലെ അയാരം തോക്കു വലിച്ചെറിഞ്ഞു് ഓടി.

അയാരം വളരെ വേഗം ഓടി. പുറകെ രക്താക്തദേഹനായ കാളീനാഥൻ പിൻതുടന്നുവരുന്നുണ്ടോ? അഥവാ വല്ലവരും കഴുമരക്കുടുക്കു കയ്യിൽ വെച്ചുകൊണ്ടു് ഓടിവരുന്നുണ്ടോ?

ആ സമയം അപരാഹ്നത്തിലെ കൊടുങ്കാററു വീശി. അതിൽ മേൽപ്പോട്ടു പൊടിയുയന്നു് അയാരം അദൃശ്യനായി.

*     *     *

നാലു കൊല്ലങ്ങൾക്കു ശേഷം.

കൊല്ലം നാലു കഴിഞ്ഞു. ആ കൊടുങ്കാററ് താനുയർത്തിയ പൊടിയോടൊപ്പം ഈ നാലു കൊല്ലങ്ങളേയും പറപ്പിച്ചുകൊണ്ടു പോയപോലെ.

വ്രജറാണി അവളുടെ പിതൃഭവനത്തിൽ ഇരിക്കുന്നു.

എണ്ണപുരട്ടാതെ രൂക്ഷമായ മുടി. ഉടുത്തിരിക്കുന്നത് തടിച്ച വസ്ത്രം. വല്ലാത്ത നോട്ടം, സ്ഥിരവും ശൂന്യവും. തൻെറ മുൻപിൽ നിന്ന് ഭവനത്തിലെ ചുവരുപോലും അദൃശ്യമായ പോലെ.

അവിടെ അവൾ അനന്തൻെറ രുദ്രരൂപം കാണുന്നു. പേശീസമ്പലമായ ദേഹം, ചിതറിക്കിടക്കുന്ന രൂക്ഷഃകശം അലക്ഷ്യമായ നോട്ടം.

അയാളുടെ കാൽക്കൽ കാശ്മീനാഥൻെറ ശവം കിടക്കുന്നു. മുഖം മാത്രമേ കാണാൻ കഴിഞ്ഞുള്ളു.

ഭയംകൊണ്ടു വിറച്ച് അവൾ വിരൽ ചൂണ്ടി. 'ഉഃ!' എന്നു പറഞ്ഞ് ഉറക്കെ കരഞ്ഞു.

അവളുടെ അമ്മ പുറത്തുനിന്ന് ഓടിയെത്തി.

"വ്രജ്! വ്രജ്!"

വ്രജറാണിയുടെ മുമ്പിൽനിന്ന് അപ്പോഴേക്ക് ആ കാഴ്ച അദൃശ്യമായി. വീണ്ടും ഭവനത്തിലെ സാധാരണ ദൃശ്യങ്ങൾ പ്രത്യക്ഷമായി.

അമ്മ വീണ്ടും വിളിച്ചു: "വ്രജ്!"

വ്രജ് ഒന്നുരണ്ടുതവണ കണ്ണ് ഇറുക്കിയടച്ച് ആത്മനിയന്ത്രണത്തിന്നു ശ്രമിച്ചുകൊണ്ട് വിളികേട്ടു: "അമ്മേ!"

"പേടിച്ചോ?"

നെടുവീർപ്പോടെ അവൾ പറഞ്ഞു. "ഉവ്വ് അമ്മേ പെട്ടെന്നു മനസ്സിൽ...." അവൾ മുഴുവനാക്കിയില്ല.

അമ്മ അടുക്കൽ ചെന്നിരുന്നു. "നിന്നോട് എത്ര തവണയാ

യി പറയുന്നു വേറെ വല്ലതിലുമൊക്കെ ശ്രദ്ധിക്കാൻ. ഭഗവാനെ സ്മരിക്കു, വല്ല പുസ്തകവും വായിക്കു."

"ഇല്ല."

"പക്ഷെ നിത്യവും അതേ കാര്യം ആലോചിച്ചുകൊണ്ടിരുന്നാൽ ഭ്രാന്താവുമല്ലോ."

"ആവില്ല അമ്മേ. ഇക്കഴിഞ്ഞ നാലുകൊല്ലങ്ങളായി എനിക്ക് ഒന്നും സംഭവിച്ചിട്ടില്ലല്ലോ അമ്മേ! ഇനിയുള്ള ഏതാനും ദിവസങ്ങളിലാണോ ഇനി വല്ലതും സംഭവിക്കാനിരിക്കുന്നത്?"

"നാലു കൊല്ലങ്ങളായി നീ ഉറങ്ങിയിട്ടില്ലല്ലോ."

"കണ്ണടക്കുമ്പോഴേക്ക് ആ അസുരരൂപം എന്റെ മുമ്പിൽ വന്നുനിൽക്കുന്നു. അയാൾ അസുരനാണ് അമ്മേ, രാക്ഷസനാണ്.... ഹൗ! അമ്മേ, അദ്ദേഹം കൈകൂപ്പി അപേക്ഷിച്ചു. 'അനു, മാപ്പ്, മാപ്പ് അനു!' പക്ഷേ ഉന്മത്തനായ ഒരു ദൈത്യനെപ്പോലെ....."

പൊട്ടിക്കരഞ്ഞു വ്രജറാണി. വസ്ത്രംകൊണ്ടു മുഖം മറച്ചു.

നോക്കിയിരിക്കെ വീണ്ടും അതേ ചിത്രം. അനന്തൻ കാളീനാഥനെ വെടിവെക്കുന്നു.

ഒപ്പംതന്നെ മുഖത്തെ വസ്ത്രം നീക്കി ശപിക്കുന്ന സ്വരത്തിൽ ഉറക്കെ വിളിച്ചു പറയുവാൻ തുടങ്ങി: "ഞാൻ അയാൾക്കു മാപ്പുകൊടുക്കില്ല. ഇല്ല, ഇല്ല, ഇല്ല! നിങ്ങൾ അവരോടു പറഞ്ഞേക്കു. പറഞ്ഞേക്കു അവരോട്." ഇതും പറഞ്ഞുകൊണ്ട് അവൾ എഴുന്നേററുപോയി.

അമ്മ വിളിച്ചു: "വ്രജ്!"

മറുവശത്തുനിന്ന് ഹരദാസ് വിളിച്ചു: "അമ്മേ!"

അമ്മ പെട്ടെന്നു നിന്നു തിരിഞ്ഞു നോക്കി.

ഹരദാസ് മുറിയിലേക്കു കടന്നുവന്നിട്ടു പറഞ്ഞു: "അവൾ ഒരു പ്രാവശ്യം...."

"അവരെ തിരിച്ചയച്ചേക്കു ഹരദാസ്. വ്രജറാണിക്കു മാപ്പു കൊടുക്കാൻ കഴിയില്ല. അതുണ്ടാവില്ല."

"ഞാൻ പലതവണ പറഞ്ഞുകഴിഞ്ഞു. എന്നിട്ടും അനന്ത

ൻെറ അച്ഛൻ കൈകൂപ്പി അപേക്ഷിക്കയാണ് അവളെ ഒരു തവണ ഒന്നു കാണാൻ അനുവദിക്കണമെന്ന്."

"കാണാനോ? ആരെ? വ്രജിനെ?"

"അതെ."

"ഹരദാസ്!"

"അമ്മേ, ഞാൻ അവരോട് വാക്കുപറഞ്ഞിട്ടുണ്ട്. അവരുടെ ആവശ്യം വ്രജിനെ അറിയിക്കാമെന്ന് ഞാൻ ഏററിട്ടുണ്ട്. പറയുന്നതു കേൾക്കു. ഞാൻ എന്തോ ഗൂഢാലോചനയുമായി വന്നിരിക്കയാണ് എന്ന് അമ്മ വിചാരിക്കരുത്."

"അതിനുമുമ്പ് എൻെറ ചില ചോദ്യങ്ങൾക്കു മറുപടി പറയൂ, ഹരദാസ്."

ഹരദാസ് മുഖത്തേക്കു നോക്കി.

അമ്മ പറഞ്ഞു. "നീ അവരോടു പറഞ്ഞോ ഭർത്താവിൻെറ ഘാതകനെ ശിക്ഷിക്കുന്ന ദിവസം പ്രതീക്ഷിച്ചുകൊണ്ട് അവൾ ഇക്കഴിഞ്ഞ നാലുകൊല്ലമായി തലയിൽ എണ്ണ പുരട്ടിയിട്ടില്ല. കണ്ണിൽ ഉറക്കമില്ല. നാലുകൊല്ലമായി ഉറങ്ങിയിട്ട്. നിലത്താണ്, കിടക്കയിലല്ല കിടപ്പ്."

"പറഞ്ഞു, എല്ലാം പറഞ്ഞു."

"എന്നിട്ടും കാണണമെന്നോ പറയുന്നതു്?"

"അവരെ അമ്മ തെററിദ്ധരിച്ചു അമ്മേ! നാലു കൊല്ലം മുമ്പ് കൊലക്കു് ഏഴു ദിവസങ്ങൾക്കുശേഷം പോലീസുകാർ അനന്തനെ പിടിച്ചപ്പോൾ അയാൾ ഭ്രാന്തനെപ്പോലെയായിക്കഴിഞ്ഞിരുന്നു. കോടതി ഈ സ്ഥിതി കണ്ടു് മെഡിക്കൽ റിപ്പോർട്ട് അനുസരിച്ച് ചികിത്സിക്കാൻ അയാളെ റാഞ്ചിക്കയച്ചു. എനിക്കിപ്പോഴും ഓർമ്മയുണ്ടു് അമ്മേ അയാളുടെ അച്ഛൻ മകൻെറ ദേഹം തടവിക്കൊണ്ടു് ആശീർവ്വദിച്ചു: 'വേഗം നീ രോഗം മാറി തിരിച്ചുവരാറാവട്ടെ. തിരിച്ചുവന്ന് അനുഭവിക്കാനുള്ള ശിക്ഷ അനുഭവിക്കണം. എന്നാലേ ചെയ്തതിനു തക്ക പ്രായശ്ചിത്തമാവുള്ളു!' അന്ന് കാളീനാഥനെ വധിച്ച അമർഷം എന്നെയും ക്ഷോഭിപ്പിച്ചിരുന്നു. അതി

നാൽ ഞാനും അവരെ തെററിദ്ധരിച്ചിരുന്നു. എന്നാൽ ഇന്നു്....."

"ഇല്ല" എന്ന ഭാവത്തിൽ തലയാട്ടിക്കൊണ്ടു് അയാഠം തുടൎന്നു: "ഇല്ല. ഇന്നു് ഒരു തെററിദ്ധാരണയും ഇല്ല അയാഠം അവരെ ശരിക്കും മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. മകനെ രക്ഷിക്കാനല്ല അച്ഛൻ വന്നിരിക്കുന്നതു്. മാപ്പിനാണു്. ഇവിടത്തെ നീതിപാലനത്തേക്കാഠം വലിയ നീതി പാലിച്ചു കാണാനാണു് അയാഠംക്കു മോഹം. അയാഠംക്കു വേണ്ടതു്...."

അമ്മ പറഞ്ഞു: "മനസ്സിലായി ഹരദാസ്! അയാഠം നല്ലവൻ തന്നെ. പക്ഷെ അയാഠം വ്രജിനോടു് മാപ്പു ചോദിക്കാനല്ലേ വന്നിരിക്കുന്നതു്?"

"അതെ, പക്ഷേ അതു് മകനുവേണ്ടിയല്ല. സ്വവംശത്തിനുവേണ്ടി. അയാഠം പറഞ്ഞു: 'അനന്തന്റെ പിതാമഹനും കാളിയുടെ മാതാമഹനും അഭിന്നരായിരുന്നു. അതിനാൽ വ്രജറാണിയുടെ പുത്രനു് കുറച്ചു സ്വത്തു് കൊടുക്കാൻ വച്ചിരിക്കയാണു്."

"കൈക്കൂലി."

"അല്ലല്ല. അങ്ങിനെ പറയരുതു്. അയാളെ കണ്ടാൽ അങ്ങിനെ പറയാൻ തോന്നില്ല. അയാഠം പറഞ്ഞു: 'ഹരദാസ്, അനന്തൻ കാളിയെ ഹനിക്കാതെ ആത്മഹത്യ ചെയ്തിരുന്നെങ്കിൽ കാളിയാകുമായിരുന്നു സ്വത്തിന്നധികാരി. കാളി ഇന്നില്ല. അയാളുടെ സന്താനത്തിന്നു ഞാൻ കൊടുക്കാൻ വിചാരിക്കുന്ന സ്വത്തു് അവന്നു തികച്ചും അവകാശപ്പെട്ടതാണു്. മറെറാരാളുടെ കാര്യം പറയാനുണ്ടു് അമ്മേ. അതുകൂടി കേട്ടാൽ എല്ലാം വ്യക്തമാവും. അനന്തന്റെ ശ്വശുരനും വന്നിട്ടുണ്ടു്. അയാഠം ഇതിന്നു് മുമ്പും വന്നിരുന്നു. നാലു കൊല്ലം മുമ്പു് അനന്തനെ പിടിച്ചപ്പോഠം അയാഠം വന്നു പറയുകയുണ്ടായി, കാളീനാഥന്റെ സന്താനത്തിന്നു് ഇരുപത്തയ്യായിരം രൂപ തരാമെന്നു്, ഞാൻ വെറുപ്പോടെ പറഞ്ഞു, 'വേണ്ട' എന്നു്."

"അയാഠം തന്നെയല്ലേ ഇപ്പോഠം ജാമാതാവിന്നുവേണ്ടി കേസ് വാദിക്കുന്നതു്?"

"അതെ. കൽക്കത്തയിൽ നിന്നു് ബാരിസ്റ്ററെ വരുത്തിയിട്ടുണ്ടു്."

"ഇപ്പോഠം ദുഃഖിക്കയാണു്." ചിരിച്ചു അമ്മ. പിന്നെ പറഞ്ഞു. "നീ അവരോടു പൊറുക്കാളാൻ പറയൂ. വ്രജിനോടു് ഇങ്ങനെ അപേക്ഷിക്കാൻ എന്നെക്കൊണ്ടാവില്ല."

അടുത്ത മുറിയിൽ ഇരുന്നു് വ്രജറാണി അപ്പോഠം തന്നെത്താൻ പറുക്കെപ്പറുകെ ദൃഢനിശ്ചയത്തോടെ തലയാട്ടി– ഇല്ല, ഇല്ല, ഇല്ല. അവളുടെ നോട്ടത്തിൽ വിചിത്രമായ ഏകാഗ്രതയോ, അതോ ശൂന്യതയോ?

അവളുടെ ഭ്രാതൃവധു അടുത്തിരുന്നിരുന്നു. അവഠം സംഗതിയറിയാതെ വിളിച്ചു: "ഏട്ടത്തി!"

വ്രജ് അവളെ നോക്കി.

"എന്താണിങ്ങിനെ തലയാട്ടുന്നതു്?"

വ്രജ് മ്ലാനമായി ചിരിച്ചു. അവഠം പറഞ്ഞു: "ഇല്ല എന്നു പറയുകയായിരുന്നു. മാപ്പുകൊടുക്കാൻ പാറില്ല എനിക്കു്." സ്വല്പനേരത്തെ മൗനത്തിന്നുശേഷം അവഠം തുടന്നു: "ഞാൻ എൻെറ മനസ്സിനോടുതന്നെ സംസാരിക്കയാണു്. കോടതിയിൽ സാക്ഷി പറയണം. വക്കീലിൻെറ ചോദ്യങ്ങഠംക്കു പറയേണ്ട ഉത്തരം ഉള്ളാലെ പറഞ്ഞു് ഉറപ്പിക്കയാണു്. ചോദിക്കയാണു് എന്നു വിചാരിക്കുക—നാലു വഷം മുമ്പുള്ള സംഭവം. കുറെയൊക്കെ നിങ്ങഠം മറന്നിട്ടുണ്ടാവും. പല കാര്യങ്ങളും ഓക്കുന്നുണ്ടാവില്ല നിങ്ങഠം. അപ്പോഠം ഞാൻ പറയും. 'ഇല്ലില്ലാ.' പറയുന്നതിന്നിടക്കു് അവളുടെ ദേഹമാകെ വിറച്ചു. അതും 'ഇല്ലില്ലാ' എന്നു പറയുന്നതുപോലെ. അവഠം പറഞ്ഞു: "മറന്നിട്ടില്ല. മറക്കാൻ വയ്യ. ഞാൻ അടുക്കളയിൽ ആ അസുരൻ ബ്രാഹ്മണനാണെന്നു പറഞ്ഞു് അയാഠംക്കു് ഭക്ഷണത്തിനു് ഒരുക്കം കൂട്ടുകയായിരുന്നു. പിന്നെ...."

കണ്ണിൽ നിന്നു് നീർ ധാരയായി ഒഴുകി. അവഠം ചിരിച്ചു. പിന്നെ മിണ്ടാതിരുന്നു കുറച്ചുനേരം.

ചിരി അടങ്ങിയില്ല. ചിരിച്ചുകൊണ്ടു പറഞ്ഞു: "ഏട്ടത്തി,

ഉല്ലാസത്തോടെ ഞാൻ മൂളിപ്പാട്ടു പാടുകയായിരുന്നു. എന്തൊരു സുഖമായിരുന്നു ഞങ്ങൾക്കെന്നോ! എത്ര സന്തോഷം നിറഞ്ഞ കുടുംബം! പാടുകയായിരുന്നു:

സുന്ദര് മമ ഗ്രഹേ ആജ് പരമോത്സവ്രാതി—ഈ പാട്ടു പഠിച്ചതു് അയാളുടെ വധു മീനയോടാണ്. ഞങ്ങളുടെ 'പുഷ്പശയ്യാ' നാം പാടിയ പാട്ടു്.'' സംസാരത്തിന്നു തടസ്സം നേരിട്ടുവിച്ചുകൊണ്ടു് ടൺ എന്നു മണി ഒന്നടിച്ചു.

വ്രജറാണി ഞെട്ടി. അവൾ ചോദിച്ചു: "ഏട്ടത്തി, എന്താണോ ശബ്ദം? രോക്കു പൊട്ടിയോ?''

"മണി ഒന്നടിച്ചതാണ് അനുജത്തി!''

വ്രജ് മിണ്ടാതിരുന്നു.

പിന്നെ പെട്ടെന്നു പറഞ്ഞു: ''നാളെത്തൊട്ടെല്ലെ കേസ് ഹിയറിങ്ങ്?''

നാലുകൊല്ലം കഴിഞ്ഞുപോയി. ചുഴലിക്കാററിൽ ആഞ്ഞുപൊങ്ങുന്ന പൊടിയിൽ പ്പുതാനും ജീവിതങ്ങൾ കരിയിലകൾക്കു തുല്യം വട്ടംകറങ്ങുന്നു.

അനന്തൻ ഓടുകയായിരുന്നു. അന്തംവിട്ട ഓട്ടം. ഭൂമിയുടെ മറേറത്തേക്കു് ഓടിച്ചെല്ലാൻ മോഹിക്കുന്നതുപോലെ. ഉന്മാദം പിടിച്ച അയാൾക്ക്. അല്ലെങ്കിൽ അനന്തനെപ്പോലെയുള്ള ഒരുവൻ ആത്മഹത്യയാണ് ചെയ്യുക. റെയിലിൽ തല വെക്കാമായിരുന്നു അയാൾക്ക്. വെള്ളത്തിൽ മുങ്ങിമരിക്കാമായിരുന്നു· മരക്കൊമ്പിൽ കയർകെട്ടി തൂങ്ങാനും മടിക്കുന്ന കൂട്ടത്തിലായിരുന്നില്ല അയാൾ. മലമുകളിൽ നിന്നു എടുത്തുചാടാനും ഭയപ്പെടുന്ന കൂട്ടത്തിലല്ല. പക്ഷേ അതിന്നു കഴിഞ്ഞില്ല. അയാൾക്കു തോന്നി തുളഞ്ഞ രണ്ടു കൈകളും നീട്ടിക്കൊണ്ടു് കാളീനാഥൻ തന്നെ പിടിക്കാൻ പുറകെ ഓടിയണയുന്നുണ്ടു് എന്നു്. പുറകെ വ്രജറാണിയും. എന്തായിട്ടും അയാൾക്കു് നിൽക്കാൻ കഴിഞ്ഞില്ല. പാച്ചിൽതന്നെ, പരക്കം പാച്ചിൽ! എങ്ങിനെയൊക്കെയാണ് അയാൾ വഴികടന്നു പോന്നതെന്നു് അയാൾക്കുതന്നെ നിശ്ചയമില്ല. ഏഴു ദിവസങ്ങൾക്കു ശേ

ഷം അയാളെ പിടികിട്ടിയതു് ബംഗാളിന്നപ്പുറത്തു് ആസ്സാമിൽ ഒരു പ്രദേശത്തുവെച്ചാണു്. പോലീസ് അയാളുടെ ചുകന്ന കണ്ണുകളും ഭീതിനിറഞ്ഞ നോട്ടവും ഛിന്നഭിന്നമായ വസ്ത്രങ്ങളും തിരിഞ്ഞുനോക്കാതെയുള്ള ഓട്ടവും കണ്ടിട്ടു് അയാളെ പിടികൂടിയതാണു്. പോലീസുകാർ ധരിച്ചതു് തങ്ങളെക്കണ്ടിട്ടു് ഓടുന്നുവെന്നാണു്. പോലീസുകാർ അയാളെ പിടിച്ചപ്പോൾ അയാൾ ഹാ ഹായെന്നു് ഉറക്കെച്ചിരിച്ചു.

ഹാ ഹാ ഹാ! ഹാ ഹാ ഹാ! തനിക്കിനി ആപത്തൊഴിഞ്ഞു. ഇനി എന്തുചെയ്യും തന്നെ കാളീനാഥൻ? ഒട്ടും ആധിവേണ്ട ഇനി. ഹാ ഹാ ഹാ!

അയാളുടെ കീശയിൽ കത്തുണ്ടായിരുന്നു. മീനയുടെ കത്തു്. അതു കണ്ടിട്ടു് അയാളെ ഇങ്ങോട്ടയച്ചു. മീനയുടെ മേൽവിലാസത്തിൽ ഒരു കത്തും അയച്ചു.

മീന കത്തു വായിച്ചു് കിടുകിടെ വിറച്ചുപോയി. കാളീനാഥൻ വധിക്കപ്പെട്ട വാർത്ത അതിന്നും മുമ്പുതന്നെ കിട്ടിക്കഴിഞ്ഞിരുന്നു. കാളീനാഥനെ വധിച്ചതിൻെറ പിറേറദിവസം പോലീസുകാർ അവിടെ വരികയുണ്ടായി. "അനന്തബാബു ഇവിടെയുണ്ടോ? നിങ്ങളുടെ ജാമാതാവു്?"

"ഇല്ലല്ലോ? എന്തു വിശേഷം?" പോലീസുകാരെക്കണ്ടു് പകച്ചുപോയി പൃഥ്വീശബാബു.

സ്ഥലത്തെ പോലീസ് ഓഫീസർ വിവരം മറച്ചുവെച്ചില്ല: "നിങ്ങളുടെ ജാമാതാവു് അയാളുടെ അമ്മാവൻെറ മകനെ വെടിവെച്ചു കൊന്നു."

"വെടിവെച്ചു കൊന്നു!"

"അതെ, ഇന്നലെ രണ്ടു മണിക്കു്. അതുകഴിഞ്ഞിട്ടു് പിന്നെ അനന്തബാബുവിനെ കണ്ടിട്ടില്ല എങ്ങും."

പൃഥ്വീശബാബു സ്തംഭിച്ചുപോയി. അയാൾ കണക്കുകൂട്ടി നോക്കി. ഇന്നലെ രാവിലെ അയാൾ ഈ സമയത്തു് ഇവിടെ ഉണ്ടായിരുന്നു. താൻ ചാട്ടകൊണ്ടടിച്ചു. അയാൾ ഇറങ്ങിപ്പോയി

അപ്പോഠം സമയം എട്ടുമണി. ഇവിടന്നു് എട്ടരക്കു വണ്ടികയറി യിട്ടുണ്ടെങ്കിൽ മീനയുടെ ശ്വശ്രുരഗൃഹത്തിൽ ഒന്നര രണ്ടുമണി യോടുകൂടി എത്തിക്കാണണം.

മറെറാരാഠംകൂടി സ്തംഭിച്ചുനിന്നു. അതു മീന. അവഠം അടുത്തു തന്നെ ഉണ്ടായിരുന്നു—ലൈബ്രറിറൂമിൽ. അവഠം അന്നു അനന്തൻ തോക്കുമായി ചാടിക്കടന്നു വന്ന ജനലിലേക്കു തന്നെ നോക്കിനില്ക്കു യായിരുന്നു. അയാഠം വന്നു് സപ്പത്തിനെക്കൊന്ന ചിത്രം അവഠം മനസ്സിൽ ഓക്കുകയായിരുന്നു.

അതിൽപ്പിന്നെ ഈ നാലു വത്സരങ്ങളായി അവളും ചുഴലി ക്കാററിലെ പൊടിയോടൊപ്പം ചുററിത്തിരിയുകയാണു്.

ഈ നാലുകൊല്ലത്തിനകം മറെറാരു കാര്യംകൂടി അവഠംക്കു് അറിയാൻ കഴിഞ്ഞു, അവളുടെ അച്ഛനും അറിഞ്ഞു. ആ ഊമക്ക ത്തിൻെറ കാര്യം. ഊമക്കത്തിൻെറ കൈപ്പട കാളീനാഥൻേറതാ ണു്. പോലീസുകാരാണു് കണ്ടുപിടിച്ചതു് സത്യം. കാളീനാഥ ൻെറ ഭവനത്തിൽ സച്ചിനു ചെന്നപ്പോഠം കത്തു കയ്യിൽക്കിട്ടി. ആ ദ്യം കാളീനാഥനെതിരായി അനന്തൻ എഴുതിയ കത്താണെന്നു വി ചാരിച്ചു് പ്രതിക്കെതിരായ തെളിവായി കത്തു് ഫയലിലെടുക്കു കയാണു് ഉണ്ടായതു്. എന്നാൽ കൈയക്ഷരപരിശോധനയിൽ അതു് അനന്തൻേറതല്ല, കാളീനാഥൻേറതാണു് എന്നു തെളിഞ്ഞു.

എല്ലാം കുഴപ്പമായി. അപ്പോഠം കുഴപ്പങ്ങഠംക്കുത്തരവാദി അ നന്തനല്ലെന്നോ?

പൃഥ്വീശബാബു നെടുവീപ്പിട്ടു പറഞ്ഞു: "ഞാൻ എത്ര വലി യ തെററാണു് ചെയ്തതു്!"

അയാഠം വളരെനേരം തലകുമ്പിട്ടു് മുറിയിൽ അങ്ങോട്ടുമി ങ്ങോട്ടും നടന്നശേഷം മീനയുടെ അരികിൽ ചെന്നു് അവളുടെ ത ലയിൽ തലോടിക്കൊണ്ടു പറഞ്ഞു: ''നീ ഒട്ടും വിചാരപ്പെടേ ണ്ട. ഞാൻ അയാളെ രക്ഷിക്കും. എൻെറ സവ്വസ്വവും ചിലവാ ക്കിയിട്ടായാലും ഞാൻ രക്ഷിക്കും.''

മീന ഒരക്ഷരം പറഞ്ഞില്ല. ഇളകാതെ മൗനമായി ഇരുന്നു. അന്നുതൊട്ടു് ആ വായാടിപ്പെണ്ണു് മൂകയായതാണു്. നാലുകൊ

ല്ലം കഴിഞ്ഞിട്ടും അതു ഭഞ്ജിച്ചിട്ടില്ല. നടക്കട്ടെ, കേസ്സുവിചാരണ അവസാനിക്കട്ടെ. ഇതു സഹിക്കവയ്യ.

അന്നും മീന മൺപാവയെപ്പോലെ അനങ്ങാതെ ഇരിക്കയായിരുന്നു.

അമ്മ അവളുടെ മുടിയിൽ വിരലുകറം ഓടിച്ചുകൊണ്ടിരുന്നു.

അമ്മ പറഞ്ഞു: "കാളീനാഥൻെറ ഭാര്യ ആരേയും കാണാൻ സമ്മതിക്കുന്നില്ല. മടക്കിയയച്ചു. മാപ്പുകൊടുക്കില്ലത്രെ."

മീന വ്യസനത്തോടെ നോക്കിയിരുന്നു.

അമ്മ പറഞ്ഞു: "നീ ഒന്നു പോയിനോക്കു."

മീന വ്രജറാണിയെപ്പോലെ തലയാട്ടുകമാത്രം ചെയ്തു "ഇല്ല"

അമ്മ പറഞ്ഞു: "പക്ഷേ ഇതിനു് ഉത്തരവാദി...."

"ഞാനാണ്." കുറച്ചുനേരം മിണ്ടാതിരുന്നിട്ടു് അവറം പറഞ്ഞു: "നിങ്ങറം എന്നെ വിടു. ഞാൻ കോടതിയിൽ ചെന്നു് ഞാനാണു് എല്ലാത്തിനും ഉത്തരവാദി എന്നു പറയും."

"കോടതി അതൊന്നും കേറംക്കില്ല മീനേ! അനന്തനാണു് വധിച്ചതു്. വ്രജറാണി അതിനു ദൃക്സാക്ഷി.

അല്പനേരത്തെ മൗനത്തിനുശേഷം മീന പറഞ്ഞു: "എന്നാൽ ഞാൻ അദ്ദേഹത്തോടു മാപ്പു ചോദിക്കട്ടെ. അന്നു്...."

അവറം സ്തംഭിച്ചുപോയി.

അവറം മനശ്ചക്ഷുസ്സുകൊണ്ടു കണ്ടു, ചാട്ടയടിയേററു വികൃതമായ അനന്തൻെറ രൂപം.

അനന്തൻ പോകുന്ന പോക്കിൽ ഒരിക്കൽ നിൽക്കുകയുണ്ടായി.

സ്ഥിരദൃഷ്ടിയോടെ അവറം നോക്കിയിരുന്നു. ഭൂമിയും ആകാശവും മണ്ണും ഭവനവും എല്ലാം ആരോ മായ്ച്ചുകളഞ്ഞപോലെ–അവ്യക്തമായ പോലെ.

അമ്മ പറഞ്ഞു: "ഇപ്പോഴേ കരയണ്ട. ജീവിതമത്രയും കിടക്കുന്നു കരയാൻ. അതിനു പകരം വ്രജറാണിയുടെ അടുക്കൽ ചെന്നു് ....പോകുമോ?"

മീന കരഞ്ഞുകൊണ്ടേയിരുന്നു.

ശരിക്കും അതേ സമയം.

ജയിലിലെ ഒരു സെല്ലിൽ ഇരുമ്പഴിയിൽ തല ചായ്ച്ച നിൽക്കയാണ് അനന്തൻ.

വിശീർണ്ണമായ മുഖം. വിഷണ്ണവും വേദനാതുരവുമായ ദൃഷ്ടികൾ. ലോകത്തിൻെറ മുമ്പിൽ വന്നു നിൽക്കുന്ന ഒരു ഭിക്ഷുവാണെന്നു തോന്നും.

സെല്ലിൻെറ മുമ്പിൽത്തന്നെ അനതിദൂരത്തായി തൂക്കുമരം.

അതിലേക്കാണ് അയാളുടെ നോട്ടം തറഞ്ഞിരിക്കുന്നതു്.

മസ്തിഷ്ക്കത്തിൽ ഭാവിയെപ്പററി വിചിത്രമായ പല ഭാവനകളും തിരിയുന്നു. ക്ലാന്തവും അദ്ധോന്മത്തവുമായ മസ്തിഷ്ക്കത്തിൽ അയാൾ നാളത്തെ ചിത്രങ്ങൾ വരക്കാൻ നോക്കുകയാണ്.

അവനു തോന്നി—കഴുമരച്ചുവട്ടിൽ തലവഴി തുണിയിട്ടു മൂടിയ ഒരു സത്വരൂപം വന്നു നിന്നു. കയ്യിൽ തൂക്കുമരച്ചരട്. അതു് വ്രജറാണിയുടെ രൂപമാണെന്നു് ഒരിക്കൽ തോന്നി. പിന്നെ മീനയാണെന്നും തോന്നി.

അയാൾ അഴികളുടെ ഇടയിൽക്കൂടെ രണ്ടു കൈകളും നീട്ടി.

അപ്പുറത്തുനിന്നു് ഒരു പോലീസ് വിസിലിൻെറ ശബ്ദം.

ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോൾ മൂന്നു വാർഡർമാർ മുമ്പിൽ വന്നു നിന്നു.

ഒരാൾ മുറി തുറന്നു. അയാൾ പറഞ്ഞു: "വരു."

അനന്തൻ എന്തിനെന്ന ഭാവത്തിൽ നോക്കി.

വാർഡർ പറഞ്ഞു: "കോടതിയിലേക്കു്. കോടതിയിലേക്കു പോകാൻ വണ്ടി വന്നു നിൽക്കുന്നു."

അനന്തൻ ചിരിച്ച് ഭ്രാന്തനെപ്പോലെ ചോദിച്ചു: "അപ്പോൾ എന്നെ മോചിപ്പിക്കും? വിട്ടു പോരും?"

കോടതിക്കു മുൻവശത്തുള്ള മൈതാനം. മരച്ചുവട്ടിൽ ചിലർ ഇരിക്കുന്നു. ചിലർ ചുററിനടക്കുന്നു. കേസ്സിന്നുവേണ്ടി വന്നവർ.

അനന്തൻെറ അച്ഛൻ ഒരു മരത്തണലിൽ നിൽക്കുന്നു. തലതാ

ഷ്ഠി അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. ഒന്നു രണ്ടു ഭൃത്യന്മാരും ഉണ്ട് കൂടെ. കുറച്ചു വിട്ടിട്ട് ഒരു കാർ. അതിൽ മീന ഇരിക്കുന്നു. അവളുടെ അച്ഛൻ കോടതിയിലുണ്ട്. ബാരിസ്റ്ററോടു സംസാരിക്കുന്നു.

പോലീസ്‌വാൻ കോടതിവളപ്പിൽ വന്നു നിന്നു. ദുർബ്ബലനായ അനന്തനെ ഇറക്കി പോലീസുകാർ അകത്തേക്കു കൂട്ടിക്കൊണ്ടു പോയി. അനന്തന്റെ ക്ഷീണിച്ച ദേഹം കണ്ട് മീന നടുങ്ങി.

കോടതിമുറിയിൽ ഗവൺമെണ്ടു വക്കീലിന്റെ ഉജ്ജ്വലമായ പ്രസംഗം മുഴങ്ങിത്തുടങ്ങി.

"യുവർ ഓണർ, നീതിയുടേയും ധർമ്മത്തിന്റേയും പേരിൽ, അതിനിഷ്ഠുരമായ ഈ കൊലപാതകക്കേസ് വിചാരണക്കായി കോടതിയിൽ സമർപ്പിക്കുന്നു. നാലുകൊല്ലംമുമ്പ് വൈശാഖമാസം 28ന്നു് കാളീനാഥഘോഷാൽ വധിക്കപ്പെട്ടു. കൊല നടന്നതു് തോക്കുകൊണ്ടുള്ള വെടിയേററിട്ടാണ്."

ഗവൺമെൻറു വക്കീലിന്റെ സ്വരം ക്രമേണ തീവ്രമായി കൊണ്ടു വന്നു– "ഈ നിഷ്ഠുരമായ സംഭവം ഇവിടെയുള്ള എല്ലാവരേയും കലുഷിക്കിക്കളഞ്ഞിരിക്കുന്നു. വ്രജറാണിയോടൊപ്പം ഇന്നാട്ടിലെ ഓരോരുത്തരും ഈ കേസ്സിൽ ഉടൻ ന്യായം നടത്തി കാണുവാൻ ആഗ്രഹിക്കുന്നു. തക്കതായ ശിക്ഷ വിധിച്ചു കാണാൻ അവർ ആഗ്രഹിക്കുന്നു. സാവിത്രീവ്രതത്തിന്നാറം ഉപവാസധാരിണിയായ പതിയുടെ മുമ്പിൽ വെച്ചുതന്നെ അവളുടെ കരുണാജനകമായ എല്ലാ അപേക്ഷകളെയും തിരസ്കരിച്ച് അസുരവംശത്തിൽ പിറന്നവനേപ്പോലെ അവളുടെ ഭർത്താവിനെ വധിച്ചു. എന്തൊരു നിഷ്ഠുരത, എന്തൊരു പൈശാചികത!"

വക്കീൽ വാദം തുടന്നു: "പ്രതി അനന്തചട്ടോപാധ്യായ് അയാളെ വെടിവെച്ചു കൊന്നു. പ്രതിക്ക് ജീവിതത്തിൽ ഏററവും പ്രിയപ്പെട്ട തോക്ക്–പന്ത്രണ്ടു ബോറിന്റെ മാഞ്ചസ്റ്റർ റിപ്പീറർ! ഈ തോക്കു കൊണ്ടാണ് അയാൾ മുറക്കു വെടിവെച്ചതു്. ചേംബറിൽ രണ്ടു കാർട്ട്രീജ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. സംഭവകംഴിഞ്ഞു് തോ

ക്ക് അവിടെത്തന്നെ ഇട്ടിട്ട് പ്രതി ഓടിപ്പോയി. ഒഴിഞ്ഞ തോക്ക് കാളീനാഥന്റെ ശവത്തിന്നരികിൽത്തന്നെ കിടന്നിരുന്നു."

ജനങ്ങൾ സ്തംഭിച്ചു നിന്നു. കോടതിയിൽ ജനങ്ങൾ തിങ്ങിക്കൂടി നിന്നിരുന്നു. വക്കീലന്മാരും മുക്താറന്മാരും അനങ്ങുന്നില്ല. ഇടക്കിടക്ക് വസ്ത്രങ്ങളുടെ 'ഖസ്-ഖസ്' ശബ്ദം മാത്രം കേൾക്കാം; കടലാസുകൾ മറിക്കുന്നതിന്റേയും. ജഡ്ജി വികാരമററ മുഖത്തോടെ മുൻവശത്തേക്കു നോക്കിയിരുന്നു.

ഗവൺമെൻറ വക്കീൽ തുടന്നു—"പ്രതി, കാളീനാഥന്റെ ഉററസ്നേഹിതനായിരുന്നു. ബന്ധംകൊണ്ടു നോക്കിയാൽ സഹോദരൻ. എന്നാൽ കാളീനാഥൻ പഠിപ്പുള്ളവനായിരുന്നു. പ്രതി വിദ്യാഭ്യാസമില്ലാത്തവൻ. മുൻകോപി. നായാട്ടിന്റെ പേരിൽ ഹിംസ നടത്താനുള്ള ഒരു പ്രത്യേക വിധത്തിലുള്ള വാസന തന്നെ ഉണ്ടായിരുന്നു പ്രതിക്ക്. പുറംകൊണ്ട് പ്രതി കാളീനാഥന്റെ ഇഷ്ടനാണെന്നു നടിച്ചിരുന്നുവെങ്കിലും ഉള്ളാലേ ശത്രുവുണ്ടായിരുന്നു. കാരണം കാളീനാഥൻ വിദ്വാനായിരുന്നു. എല്ലാവരുടേയും പ്രശംസാപാത്രം. സമുദായത്തിൽ സമാദൃതൻ. ധനികപുത്രനായ പ്രതി മൂഢനും മുൻകോപിയും. ഇതേകാരണത്താൽ, കുബേരസന്തതിയായിട്ടും ആളുകൾ പ്രതിയെ വെറുത്തു. വാക്കിന്നു വാക്കിന്ന് വക്കാണത്തിനു ചെല്ലുക പ്രതിയുടെ സ്വഭാവമാണ്. തടിയൻ കാബൂളിവാലയോടു പോലും ഏററുമുട്ടിയിട്ടുണ്ട്."

ഗവൺമെൻറ വക്കീലിന്റെ ഉച്ചഗംഭീരസ്വരം വളപ്പിൽ നില്ക്കുന്നവക്കും വ്യക്തമായി കേൾക്കാൻകഴിഞ്ഞു. വരാന്തയിലും മരച്ചുവട്ടിലും പല കാര്യങ്ങളിലും മുഴുകിയിരുന്നവർ പോലും സൗകര്യം കിട്ടുമ്പോഴെല്ലാം ചെവിയോർത്തു ശ്രദ്ധിച്ചു. അവരോടൊപ്പം അനന്തന്റെ അച്ഛനും പ്രസംഗം കേട്ടു. മീനയും കേട്ടു. അവൾ മുൻവശത്തെ സീററിൽ കൈകൾവെച്ച് അതിൽ മുഖം മറച്ച് അനങ്ങാതെ ഇരിക്കയാണ്.

പൃഥ്വീശ്ബാബു കോടതിയിൽനിന്ന് ഇറങ്ങിവന്നു. അയാൾക്ക് അകത്ത് ശ്വാസംമുട്ടുന്നതുപോലെ തോന്നി. അയാൾ മീനയോട് പറഞ്ഞു: "നീ ഒന്ന് കാളീനാഥന്റെ പത്നിയെ കാണണം മീനേ!"

മീന തലയാട്ടി. "ഇല്ല!"

അവൾക്ക് എന്തുതന്നെ വന്നാലും അതു വയ്യ. അവൾ ഒററക്കിരുന്ന് ഇതേപ്പററി ചിന്തിച്ചുനോക്കിയിട്ടുണ്ട്. വ്രജറാണിയുടെ കാൽക്കൽ ചെന്നു വീണ് "ഏട്ടത്തി! എന്റേതാണ് കുററം. എന്നെ ശിക്ഷിക്കു, നിരപരാധിയെ മോചിപ്പിക്കു" എന്നു പറയാൻ കഴിയുമോ എന്ന് പരിശോധിച്ചു നോക്കിയിട്ടുണ്ട്. പക്ഷേ അവൾക്കതിന് കഴിഞ്ഞില്ല. ആരോ അവളുടെ കഴുത്തുപിടിച്ചു ഞെക്കിക്കൊണ്ടു പറയുന്നപോലെ– "ഇതാണ് നിനക്കു തക്കശിക്ഷ. ഇതുതന്നെയാണ് നിനക്കു കിട്ടേണ്ടതു്."

കോടതിമണി നാലടിച്ചു. കോടതി പിരിഞ്ഞു.

സന്ധ്യാസമയം. ഇരുണ്ടുതുടങ്ങിയ ആകാശത്തേക്കുതന്നെ നോക്കിക്കൊണ്ടു റേലിങ്ങ് പിടിച്ചു വരാന്തയിൽ നിൽക്കുന്നു വ്രജറാണി.

നഗരത്തിലെ ഭവനങ്ങൾ ഇരുട്ടിൽ ആണ്ടുതുടങ്ങി.

ഇരുട്ടിൽ വ്രജറാണിയുടെ വെള്ളവസ്ത്രം മാത്രമേ കാണാനുള്ളു.

അനക്കമററ ചുററുപാട്.

ഈ പരിതഃസ്ഥിതിക്ക് അവതിവരുത്തിക്കൊണ്ടുള്ള അമ്മയുടെ ശബ്ദം കേൾക്കാറായി— "വ്രജ്!"

അമ്മ വരാന്തയിലേക്കു ചെന്നു.

"ഞാൻ ഒന്നു പുറത്തേക്കുപോയപ്പോഴേക്ക് നീയും എഴുന്നേററ പോന്നു. വരു, അകത്തേക്കു വരു."

അവൾ പതുക്കെ പറഞ്ഞു– "ഇല്ല." പറയുന്നതിനോടൊപ്പം അവൾ തലയും ചലിപ്പിച്ചു– "ഉറക്കം വരുന്നില്ല. ഉറങ്ങാൻ കഴിയുന്നില്ല. ഇല്ല."

"നാളെ നീ സാക്ഷിപറയണം."

"നാളെ ഉറങ്ങാം. ഇന്നില്ല."

രാത്രി അവരം ഉറങ്ങാതെതന്നെ കഴിച്ചുകൂട്ടി. അവരം ഇരുട്ടിലേക്ക് നിന്നിമേഷം നോക്കിക്കൊണ്ടിരുന്നു. അനങ്ങാൻ വയ്യാത്തവിധം ബന്ധിച്ച് ആ അസുരനെ കോടതിയിലേക്ക കൊണ്ടു വരുന്നതു് അവരം കണ്ടു. അയാരം ഉദ്ധതദൃഷ്ടിയോടെ ദൃപ്തഭാവത്തോടെ നോക്കി. അയാരം മരണത്തെ ഭയപ്പെട്ടന്നില്ല. ഭയങ്കരനായ ഒരു നരിയെക്കൊന്നു് അതിൽ ഒരു കാൽ കുത്തിനിൽക്കയാണു് അയാരം. ആ രൂപം കൺമുമ്പിൽ ആടിക്കളിക്കുന്നു.

പെട്ടെന്നു് ഏതോ കക്കശശബ്ദം കേട്ടു് അവരം ഞെട്ടിത്തെറിച്ചു. എന്തു്? എന്തിൻെറ ശബ്ദം? ഒപ്പംതന്നെ അവരംക്കു് കൊലനടന്ന ദിവസം ഓർമ്മവന്നു. ഇതുപോലെതന്നെയുള്ള ഒരു ശബ്ദം. അതിനുശേഷം ഉറക്കെ പേടിപ്പെടുത്തുന്ന മററൊരുശബ്ദം—തോക്കിൻെറ! ജനലിൽ തോക്കമെട്ടത്തുകൊണ്ടു് അനന്തൻ വന്നു നിൽക്കുന്നുണ്ടു് എന്നു് അവരംക്ക തോന്നി.

ഛീ! ഇതു മൂങ്ങയുടെ ഒച്ചയാണു്. രാത്രിയുടെ യാമങ്ങരം കടന്നുപോയിരിക്കുന്നു. കളക്ടറേററിലെ ടവർക്ലോക്കു് അതാ അടിക്കുന്നു, ടൺ, ടൺ, ടൺ! മൂന്നു്. ഇനി ഏഴുമണിക്കൂർകൂടി. നാളെ പത്തുമണിക്കു് വീണ്ടും വിചാരണ തുടങ്ങും. തനിക്ക സാക്ഷി പറയണം. കൈകാലുകരം ബന്ധിച്ചു നിൽക്കുന്ന ആ അസുരനെപ്പോലെ ക്രൂരനായ കൊലയാളിയെ നോക്കി തനിക്കു് പറയണം—അതെ, ഇയാരംതന്നെ ഘാതകൻ! ഇയാരംതന്നെ തൻെറ ഭർത്താവിനെ വധിച്ച രാക്ഷസൻ! പറയണം—– താൻ സാവിത്രീവ്രതം നോററിരിക്കുകയായിരുന്നു. ഈ അസുരനെ ബ്രാഹ്മണനാണെന്നു തെററിദ്ധരിച്ചു് താൻ പാരണക്ക ക്ഷണിച്ചു. പക്ഷേ താൻ വഞ്ചിക്കപ്പെട്ടു. തൻെറ ഭർത്താവു് അയാളെ വളരെ സ്നേഹിച്ചിരുന്നു. അയാരം....

ഛീ! എല്ലാം കുഴഞ്ഞുമറിയുന്നു. അയാരം തൻെറ ഭർത്താവിനെ സ്നേഹിച്ചിരുന്നില്ല. ഇല്ല! എല്ലാം നാട്യം മാത്രം.

ഛീ! വീണ്ടും കുഴഞ്ഞു മറിയുന്നു.

അവരംക്കു് മനസ്സു് പിടിച്ചിട്ടു കിട്ടാതായി. എഴുന്നേററു് കു ജയിൽ നിന്നു് വെള്ളമെട്ടത്തു തല കഴുകി.

ടവർ ക്ലോക്കു് നാലടിച്ചു. വ്രജറാണി എഴുന്നേററു് വരാന്ത യിൽ വന്നു നിന്നു. ഇതെന്തൊരു വേദന! എന്തൊരു പരിഭ്രാന്തി! സഹിക്കവെയ്യാതായി ഇതു്. നിസ്തബ്ദരാത്രിയുടെ അന്തിമയാമ ത്തിൽ പ്രതികാരചിന്തയിൽ ഉത്തപ്തയായി അവരം ഒററക്കു് വരാ ന്തയിൽ നിന്നു. എപ്പോഴാണു് നേരം പുലരുക? കണ്ണടക്കാൻ കഴി യുന്നില്ല അവരംക്കു്. ഭർത്താവിൻെറ നിണം പുരണ്ട ദേഹം മന സ്സിൽ കാണാറാകുന്നു. ഇന്നുവരെ സ്വസ്ഥദേഹനായ ഭർത്താവിനെ അവരംക്കു മനസ്സിൽ കാണാൻ കഴിഞ്ഞില്ല.

ഉഷസ്സിൻെറ പാണ്ഡുരാഭ ദിക്ചക്രവാളത്തിൽ തെളിയാൻ തു ടങ്ങി. പറവകളുടെ ചില ചിലകൾ സ്തംഭിച്ചു നിൽക്കുന്ന ഭൂമിയെ രണ്ടു നാലുതവണ ഞെട്ടിച്ചു. ക്രമേണ പൂർവ്വാകാശം ചുകന്നുവന്നു.

ആവൂ! രാത്രി അവസാനിച്ചു. ഇന്നു് വ്രതം 'കാലം കൂടുന്ന' ദിവസമാണു്.

സൂര്യൻ ഉദിച്ചുയന്നു.

ടവർക്ലോക്കിൽ ആറടിച്ചു.

വാച്ചിൻെറ സൂചി മുറക്കു മുമ്പോട്ടുനീങ്ങി. ഏഴു്, എട്ടു്, ഒ മ്പതു്, പത്തു്!

പത്തു് അടിച്ച ഉടൻ ഹരദാസ്ബാബുവിൻെറ ഭവനത്തി ൻെറ മുൻപിൽ അയാളുടെ കാർ വന്നു നിന്നു.

വണ്ടിയുടെ വാതിൽ തുറന്നു നിന്നു ഹരദാസ്.

വ്രജറാണി പുറത്തേക്കു വന്നു.

ഹരദാസ് ബാബു ചോദിച്ചു: "അസുഖമൊന്നുമില്ലല്ലോ."

"ഇല്ല."

"കയറ വണ്ടിയിൽ."

പിന്നിൽ നിന്നു് അമ്മ വന്നു നിന്നു.

അമ്മ അവളുടെ തല സാരിത്തുമ്പുകൊണ്ടു മറച്ചു. അതു് ഊ ന്നു വീണുകിടക്കുകയായിരുന്നു. ഇതു് അവരം ശ്രദ്ധിച്ചിരുന്നതേയി

ല്ല. അവരം ധ്യാനത്തിലാണെന്നു തോന്നി.

അവളുടെ ഭ്രാതൃവധു ഒരു പുതപ്പു കൊണ്ടുവന്നു് അവളെ പുതപ്പിച്ചു. അവരം കുലുക്കം കൂടാതെ വണ്ടിയിൽ കയറി.

കോർട്ടിൻെറ മുമ്പിൽ വന്നു നിന്നു വണ്ടി.

അവരം വണ്ടിയിൽത്തന്നെ ഇരുന്നു. അവളെ വ്യക്തമായി കണ്ടുകൂടാ. ഒരു വെളുപ്പുമാത്രം കാണാം. അവരം സീററിൽ തല വെച്ചു ചാരിക്കിടക്കുകയാണു്.

ഹരദാസബാബു വണ്ടിയിൽ നിന്നു് ഇറങ്ങി.

കോടതിയിൽ നിന്നു് ഗവണ്മെൻറവക്കീലിൻെറ കണ്ഠസ്വരം കേട്ടു തുടങ്ങി.

വക്കീൽ പറയുകയാണു്: "ഈ കേസ്സിൽ പ്രധാന സാക്ഷി മൃതനായ കാളീനാഥൻെറ ഭാര്യ വ്രജറാണീദേവിയാണു്. അവളുടെ മുമ്പിൽ വെച്ചാണു് കൊല നടന്നതു്. സംഭവം നാലു കൊല്ലം മുമ്പിലത്തേതാണു്. ഈ നാലു കൊല്ലങ്ങളായി പ്രതി മസ്തിഷ്കവികൃതി കാരണം ഭ്രാന്താശുപത്രിയിലായിരുന്നു. ഇപ്പോരം ഭേദമായി. എന്നാൽ നാലുവത്സരങ്ങരം കഴിഞ്ഞിട്ടും വ്രജറാണീദേവിയുടെ സ്മരണാശക്തിക്കു് ലേശമെങ്കിലും ക്ഷീണം തട്ടിയിട്ടില്ല. ഇക്കഴിഞ്ഞ നാലുവത്സരങ്ങളായി അവരം ഓർമ്മക്കു് ഊനം തട്ടിക്കാതെ നോക്കുകയായിരുന്നു, സ്വന്തം ഭർത്താവിൻെറ കൊലക്കു നീതി നടത്തിക്കാണണമെന്ന ആശയോടെ. മററു സാക്ഷികളും അവരവരുടെ വിഷയത്തിൽ വിശേഷജ്ഞരാണു്. ഡോക്ടർ ശവം പരിശോധിച്ചു. ആയുധവിദഗ്ദ്ധൻ കൊലക്കുപയോഗിച്ച തോക്കു പരിശോധിച്ചു. അവരുടെ അന്നത്തെ റിപ്പോർട്ടു് ഹാജരാക്കപ്പെട്ടിട്ടുണ്ടു്. അന്വേഷണം നടത്തിയ പോലീസ് ഇൻസ്പെക്ടറുടെ ഡയറിയും ഉണ്ടു്. അതും ബഹുമാനപ്പെട്ട കോടതിയിൽ ഹാജരാക്കിയിട്ടുണ്ടു്. അസൂയ കാരണം കരുതിക്കൂട്ടി നരഹത്യ ചെയ്തതിന്നു് പ്രതിയെ ഭാരതീയ ശിക്ഷാനിയമപ്രകാരം കുററക്കാരനാണെന്നു് വിധിച്ചു് നീതിയുടേയും ധർമ്മത്തിൻേറയും പേരിൽ ശിക്ഷിക്കാൻ ബഹുമാനപ്പെട്ട ന്യായാധിപതിയുടെ മുമ്പിൽ ഞാൻ പ്രാർത്ഥിക്കുന്നു."

ന്യായാധിപൻ കടലാസ്സുകഠം മറിക്കാൻ തുടങ്ങി. പേന കൈയ്യിലെടുത്തു.

സന്ദർശകരുടെ ഇടയിൽ കളരവം. വക്കീലന്മാരുടെയിടക്ക് സ്വകാര്യം പറയൽ. ഈ സമയം ഹരദാസ്ബാബു ഗവൺമെൻറ വക്കീലിൻെറയടുക്കൽച്ചെന്ന് ചെവിയിലെന്തോ മന്ത്രിച്ചു. പുറകിൽ നിന്ന് ആരോ പറഞ്ഞു: "പെരുവഴിയിൽ നിർത്തി പ്രതിയേയും വെടിവെച്ചുകൊല്ലണം."

ഒരു പോലീസുകാരൻ– "നിശ്ശബ്ദം! നിശ്ശബ്ദം!"

ആഠംക്കൂട്ടത്തിൽനിന്ന് ഒരാഠം എഴുന്നേററ് ആളുകഠംക്കിടയിലൂടെ ഇങ്ങിനെ പറഞ്ഞുകൊണ്ട് പുറത്തേക്കു പോയി: "ഇവിടെയിരുന്നാൽ വല്ലതും പറഞ്ഞുപോകും. ഹൗ! എന്തു ഭയങ്കരമായ കൊല!"

വക്കീലന്മാരുടെ സീററിൽനിന്ന് ഹരദാസ്ബാബു എഴുന്നേററ് പുറത്തേക്കു പോയി, വ്രജറാണിയെ കൂട്ടിക്കൊണ്ടുവരാൻ.

ടവർ ക്ലോക്കിൽ രണ്ട് അടിച്ചു.

കോർട്ടിലെ പ്യൂൺ പുറത്തേക്കു വന്ന് വിളിച്ചു: "ശ്രീമതി വ്രജറാണിദേവി!"

ഒരിക്കൽക്കൂടി— "സാക്ഷി ശ്രീമതി വ്രജറാണീദേവി!"

ഹരദാസ്ബാബു കാറിൻെറ അരികിലേക്കു ചെന്നു. വ്രജറാണി കാലിടറാതെതന്നെ ഇറങ്ങിവന്നു. വിചിത്രമായ നോട്ടം, മുഖഭാവം മുമ്പു കാണാത്തതു്. അതു വ്യാഖ്യാനിക്കാൻ പ്രയാസം. തലയിൽനിന്ന് സാരിത്തുമ്പ് ഊർന്നുവീണു. രൂക്ഷമായ കേശഭാരം കെട്ടഴിഞ്ഞു കിടക്കുന്നു. ഒരു തപസ്വിനിയാണെന്നു തോന്നും അവഠം. ഒരു ജ്വലിക്കുന്ന വഹ്നിശിഖ. ഹരദാസ്ബാബുവിൻെറ പുറകെ വരാന്തയിൽ കയറി അവഠം അകത്തേക്കു കടന്നു.

ജഡ്ജിയും ജൂറിമാരും കോടതിമുറിയിൽ വ്യഗ്രതയോടെ നോക്കിയിരുന്നു. കാണികഠംക്ക് എണ്ണമില്ല. പ്രതിമാത്രം കൂട്ടിൽ തല താഴ്ത്തി നിന്നു. അയാഠം ആദ്യം തോട്ടേ ഈ നില്പാണ് നിന്നിരുന്നതു്. കാണികഠംക്ക് അയാളെ നല്ലപോലെ കാണാൻ തന്നെ

കഴിഞ്ഞിട്ടില്ല.

കോർട്ട് ഇൻസ്പെക്ടർ പറഞ്ഞു: "വഴി വിട്ടു നിൽക്കിൻ, വഴി വിട്ടു നിൽക്കിൻ!"

ദർശകർ രണ്ടു ഭാഗത്തേക്കും വിട്ടുനിന്നു.

വാതിൽക്കൽ ശ്വേതവസ്ത്രാവൃതമായ ഒരു രൂപം. ഇൻസ്പെക്ടർ പറഞ്ഞു: "സാക്ഷി ശ്രീമതി വ്രജറാണീദേവി" ശരിക്കും അനന്തൻ കഴുമരച്ചുവട്ടിൽ കണ്ട രൂപം പതറാതെ കാൽ വെച്ചു നടന്നു വരികയാണ്.

ഇൻസ്പെക്ടർ അവളെ സാക്ഷിക്കൂട്ടിലേക്കുള്ള വഴി കാട്ടിക്കൊടുത്തു.

പേഷ്കാർ എഴുന്നേറ്റ് അവളെ പ്രതിജ്ഞ ചെയ്യിച്ചു. "ഇതാ ഈ ഗീത കയ്യിൽ വെച്ചുകൊണ്ടു പറയൂ—"

സത്യവാചകാനന്തരം ചോദ്യം: "എന്താണ് നിങ്ങളുടെ പേർ?"

"വ്രജറാണീദേവി"

പ്രതി ഇതുകേട്ട് തലയുയർത്തി നോക്കി.

അയാൾ ഞെട്ടി. ആര്? ആരാണിത്? ഇത് അവൾ തന്നെ? ഹായ്! അയാളുടെ മുമ്പിൽ നിന്ന് മെല്ലെ മെല്ലെ കോർട്ടിന്റെ അന്തരീക്ഷം മായാൻ തുടങ്ങി. ആ രൂപം മാത്രം ബാക്കി. കണ്ണുനീരിൽ മുഖം കുളിച്ചു കരഞ്ഞുകൊണ്ട് കൂടിന്റെ പടിയിൽ തലവെച്ചു.

വക്കീൽ ചോദിച്ചു: "നിങ്ങൾ തന്നെയാണൊ ശ്രീമതി വ്രജറാണീദേവി?"

"അതെ."

"കാളീനാഥഘോഷാൽ നിങ്ങളുടെ ആരാണ്?"

"ഭർത്താവ്."

"നിങ്ങളുടെ ഭർത്താവ് കൊല ചെയ്യപ്പെട്ടു എന്നത് സത്യമാണൊ?"

"അതെ. വെടി വെച്ച്. തോക്കുകൊണ്ട്." അവളുടെ കണ്ണു

കൾ വിടർന്നു. ഗവൺമെൻറ വക്കീലിൻെറ നേരെ നോക്കി അവൾ ഉത്തരം പറഞ്ഞു. വക്കീൽ അവളുടെ കണ്ണുകൾ കണ്ടു് നടുങ്ങി.

വക്കീൽ ഭാവം നിയന്ത്രിച്ചുകൊണ്ടു് ചോദിച്ചു: "ആരാണു് കൊല ചെയ്തതു്? നിങ്ങൾക്കറിയുമോ?"

"അറിയാം. എൻെറ കൺമുമ്പിൽ വെച്ചു് തോക്കുകൊണ്ടു വെടി വെച്ചു, അസുരനെപ്പോലെ."

"അയാളെ കണ്ടാൽ അറിയാമോ?"

വ്രജറാണിയുടെ മനശ്ചക്ഷുസ്സിന്നു മുമ്പിൽ അനന്തൻെറ രൗദ്ര മൂർത്തി ഉയർന്നു. ഓർത്തപ്പോൾ അവൾ നടുങ്ങി.

വക്കീൽ ചോദിച്ചു: "ആ കൂട്ടിൽ നില്ക്കുന്ന ആളെ നോക്കൂ." വക്കീൽ അങ്ങോട്ടു വിരൽ ചൂണ്ടി. പ്രതി ഒടിഞ്ഞുവീണ മരം പോലെ കൂടിൻെറ പടിയിൽ തല വെച്ചു തളർന്നു നില്ക്കയാണു്. മുഖം കണ്ടുകൂടാ. വക്കീൽ പറഞ്ഞു: "ഏയ്, മുഖം പൊക്കൂ. മുഖം പൊക്കാനല്ലേ പറഞ്ഞതു്?"

അയാൾ വൈവശ്യത്തോടെ മുഖമുയർത്തി നിന്നു.

അവൾ സാരിയുടെ തുമ്പു് നെററിയോളം വലിച്ചു പൊക്കി "എവിടെ? എവിടെ?"

അനന്തനെ കണ്ടപ്പോൾ കണ്ണുകൾ മിഴിഞ്ഞു.

അയാളുടെ മുഖത്തുനിന്നു് ദൃഷ്ടികൾ തിരിച്ചു് അവൾ നാലു പാടും അന്വേഷിച്ചു.

അവൾക്കു് ആളെ തിരിച്ചറിയാൻ കഴിഞ്ഞില്ലെന്നു് വക്കീലിന്നു മനസ്സിലായി. വക്കീൽ വീണ്ടും ചൂണ്ടിക്കാട്ടി ചോദിച്ചു: "ഈ നില്ക്കുന്ന ആൾ, ഈ പ്രതി. ഇവിടെ നോക്കൂ."

അവളുടെ വിസ്മയവിഫാരിതങ്ങളായ നയനങ്ങൾ വീണ്ടും അനന്തൻെറ നേരെ തിരിഞ്ഞു.

കുറച്ചുനേരം നോക്കിയപ്പോൾ അവൾക്കു് എന്തോ പററിയപോലെ. അവൾ കണ്ണുകൾ മുറുകെയടച്ചു.

രൗദ്രമൂർത്തിയായ അനന്തൻ! ആ രൂപം മങ്ങി. ലോകം അലിയുന്നതുപോലെ, അലിഞ്ഞു് ഇല്ലാതാവുന്നപോലെ.

UNIVERSITY LIBRARY
21 MAR 1968

ആരാണിതു്? ഈ ശീർണ്ണദേഹൻ? ദേഹം ചതഞ്ഞു വളഞ്ഞിരിക്കുന്നു. കിടുകിടെ വിറക്കുന്നു. കണ്ണുകൾ, തല തിരിഞ്ഞു തെണ്ടിനടക്കുന്നവക്കു തുല്യം. തലയിലെ മുടി മിക്കതും കൊഴിഞ്ഞുകഴിഞ്ഞു. ബാക്കിയുള്ളവ വാദ്ധക്യത്തിൻെറ അകാലാക്രമണത്താൽ വെളുത്തുതുടങ്ങിയിരിക്കുന്നു. ഹൗ, ദേഹമാകെ പ്രഹരങ്ങളുടെ പാടുകൾ. ആരോ ഇയാളെ നിഷ്ഠുരപ്രഹരത്താൽ തകൎത്തുകളയാൻ ശ്രമിച്ചപോലെ. തേജസ്സററ കണ്ണുകൾ. ദേഹമാകെ തളൎന്നുപോയിരിക്കുന്നു. നിൽപുകണ്ടാൽ കഷ്ടം തോന്നും. തേജസ്സററു് അദ്ധപ്രാണനും ആലംബഹീനനും അവശനും ആൎത്തനുമായ ഒരു കങ്കാളപ്രായൻ. ലോകത്തിൽ ഒന്നിനോടും താല്പൎയ്യമില്ലാത്തവൻ, മൗനമായി കരുണക്കു പ്രാൎത്ഥിച്ചുകൊണ്ടു നിൽക്കുന്നു. കഷ്ടം! ഇയാളെയാണോ ഇവർ കൊലപാതകിയെന്നു പറഞ്ഞു പിടിച്ചുകെട്ടിക്കൊണ്ടുവന്നതു്? ഇയാളെ കഴുവിലേററാനാണോ ഈ വലിയ സംരംഭങ്ങൾ? കോടതിയിൽ നൂറു നൂറു പ്രതീകാരകാംിനങ്ങളായ കണ്ണുകൾ ഇയാളെ നക്കിത്തിന്നുമെന്ന ഭാവത്തിൽ ഈ ഭാഗ്യഹീനനിൽ തറച്ചിരിക്കുന്നു. കാൎയ്യക്കാർ, വക്കീലന്മാർ, പോലീസുകാർ. എല്ലാവരും എല്ലാവരും ഭയലേശമില്ലാതെ ഇയാളെ തുറിച്ചു നോക്കുകയാണു്. അവൾ ഒരു തവണ ജഡ്ജിയെ നോക്കി. ജഡ്ജിയുടെ ദൃഷ്ടിമുഖം ഒരു ഭാവവും സ്ഫുരിപ്പിക്കുന്നില്ല. കയ്യിൽ പേന എടുത്തു പിടിച്ചുകൊണ്ടു് ഇരിക്കുന്നു. അവൾ പറയുന്നതു് കേൾക്കാൻ കാത്തിരിക്കുന്നു.

അവളുടെ കണ്ണുകൾ നനഞ്ഞു. അതിൽ മുത്തുപോലെ രണ്ടു കണ്ണുനീർകണങ്ങൾ ഉയൎന്നുവന്നു. അവളുടെ ഹൃദയം കരുണാൎദ്രമായി. ആരെയാണു് ശിക്ഷിക്കേണ്ടതു്? ആരാണിതു്? സൎവ്വസ്വം നശിച്ച ഈ ഭിക്ഷു ഏതു്? ആരാണു് ഇയാളെ ഇങ്ങിനെയാക്കിയതു്? അവൾ വീണ്ടും കണ്ണുകൾ അടച്ചു.

അനന്തൻ വിറയ്ക്കുകയാണു്. കൂട്ടിൽ നിന്നുകൊണ്ടു് അവളെ ഇമകൂട്ടാതെ നോക്കുകയാണു്. ഈ രാജലക്ഷ്മിയെ, സുവൎണ്ണപ്രതിമയെ ഈ വിധം ആരാണു് ഒന്നുമില്ലാത്തവളാക്കിയതു്? എത്ര തവ

ണ കണ്ടിട്ടുള്ളവരാം! എന്നിട്ടും ശരിക്കും തിരിച്ചറിയാൻ കഴിയുന്നില്ല. ആരു്? ആരിതു്? അയാളുടെ ചുണ്ടുകരം വിറച്ചു. ഇല്ല, ഇവരാം മൃതനായ കാളീനാഥനോടൊപ്പം കഴുമരക്കുടക്കു കയ്യിൽ വെച്ചു കൊണ്ടു് തന്നെ പിൻതുടന്നിരുന്നവരാം അല്ല.

കോടതി, സ്തബ്ധം. കാഴ്ചക്കാരും സ്തബ്ധം, വക്കീലന്മാരും. ശ്വാസമടക്കിപ്പിടിച്ചു് കാത്തു നിൽക്കയാണു് സകലരും. സൂചീഭേദ്യമായ സ്തബ്ധത. കൂട്ടിന്നു് അരികിൽ തലക്കു മുകളിൽ പങ്ക തിരിയുന്ന പോലെ ഒരു വണ്ടു് മൂരണ്ടുപറക്കുന്നതിൻെറ ഏററക്കുറച്ചിലില്ലാത്ത ശബ്ദം മാത്രം കേരംക്കാം. ഇന്നു് സമസ്ത ഭൂമിയുടേയും അച്ചുതണ്ടായിരിക്കയാണു് ഈ കോടതിമുറി എന്നു തോന്നും. ലോകമാകെ ഈ അച്ചുതണ്ടിൽ തൂങ്ങിക്കൊണ്ടു് ഈ നിമിഷത്തിൽ ഇളകാതെ നിൽക്കയാണു്. അതിൻെറ നിലച്ചുപോയ ചലന്നക്ഷമതയെയാണു് ആ വണ്ടിൻെറ മൃദുഗുഞ്ജനം ഓൎമ്മിപ്പിക്കുന്നതു്. വ്രജറാണിയുടെ ഉത്തരം കേട്ടാൽ ഉടൻ അതു് വീണ്ടും അതിവേഗത്തിൽ തിരിയാൻ തുടങ്ങും.

ഗവൺമെൻറ വക്കീൽ ക്ഷമകേടോടെ ചോദ്യം ആവൎത്തിച്ചു. ചോദ്യം ചോദിക്കുകയാണെന്ന വ്യാജേന എന്താണുത്തരം പറയേണ്ടതു് എന്നു് സൂചിപ്പിച്ചു: “നോക്കൂ, സൂക്ഷിച്ചു നോക്കൂ!”

അവരാം കണ്ണുതുറന്നു. അനന്തനെ നോക്കി. അവരാം ഉറക്കെ വിളിച്ചു പറഞ്ഞു: “അല്ല, അല്ല, അല്ല!”

വക്കീൽ പറഞ്ഞു: “ഇയാളുടെ മുഖത്തിന്നു് പല മാററങ്ങളും വന്നിട്ടുണ്ടു്. എന്നാലും നിശ്ചയമായും നിങ്ങരാം അറിയാതെവരില്ല. ഇയാരാം തന്നെയാണോ നിങ്ങളുടെ ഭൎത്താവിനെ വധിച്ചതു്?”

അവരാം മുഖം തിരിച്ചു് മുൻപിൽ കണ്ട തുറന്നിട്ട ജനലിലേക്കു നോക്കി. അതിലൂടെ നീലമായ ആകാശം നിസ്സീമമായ് ഔദാസീന്യത്തോടെ പരന്നുകിടക്കുന്നതു് അവരാം കണ്ടു. പ്രസന്നവും ശാന്തവും. അങ്ങോട്ടു തന്നെ അവരാം ഏതാനും നിമിഷം നോക്കിക്കൊണ്ടു നിന്നു. പിന്നെ പതുക്കെ തലയാട്ടി ഇംഗിതംകൊണ്ടു് അറിയിച്ചു: “അല്ല, ഇതു് അയാളല്ല.”

വക്കീൽ പരിഭ്രാന്തനായി. നെററിചുളിപ്പിച്ചുകൊണ്ടു് ചോദിച്ചു: "എന്താണു് പറയണതു്? തുറന്നു പറയൂ."

"അല്ല."

വക്കീൽ ഞെട്ടി: "എന്താണു് പറഞ്ഞതു്? അല്ല എന്നുവെച്ചാൽ ഇതു് അയാളല്ല എന്നോ?"

"അല്ല."

"നോക്കു, സൂക്ഷിച്ചു നോക്കു. നിങ്ങളുടെ ഭർത്തൃഘാതകനെ നിങ്ങൾക്കു തിരിച്ചറിയാൻ കഴിയുന്നില്ലേ. നന്നായി ആലോചിച്ചു പറയൂ പറയാനുള്ളതു്."

"അല്ല!"

ഇത്തവണ അവൾ കണ്ണടച്ചു് നന്നായി തൻെറ ഹൃദയത്തിൽ ഒരു അന്വേഷണം നടത്തി തന്നോടുതന്നെ ചോദിച്ചു നിശ്ചയം വരുത്തിയിട്ടു് പതുക്കെപ്പതുക്കെ ശിരസ്സു ചലിപ്പിച്ചു. പിന്നെ കണ്ണു തുറന്നു് സ്പഷ്ടവും ശക്തവുമായ സ്വരത്തിൽ പറഞ്ഞു: "അല്ല!"

കോടതിയിലാകെ വിസ്മയസങ്കലമായ കളരവം മുഴങ്ങി. "അല്ല? അല്ല? അല്ല."

കോടതിമുറിക്കു പുറത്തു വരാന്തയിൽ എത്തി ആ കളരവം. "അല്ല? അല്ല? അല്ല."

വരാന്തയിൽ നിന്നു് വൃക്ഷതലങ്ങളോളം അതു നീണ്ടു പരന്നു. "അല്ല! അല്ല! അല്ല!"

ഏതാനും നിമിഷങ്ങൾക്കുശേഷം കോണിപ്പടിയിറങ്ങി വന്നു ഹരദാസ്ബാബു. അയാളോടൊപ്പം അനവഗുണ്ഠിതയായ വ്രജറാണിയും. ശാന്തവും ധീരവും പ്രസന്നവുമായ മുഖത്തു് കോമളമായ സ്നിഗ്ദ്ധത.

ഒരു നിമിഷം അവർ നിന്നു. നാലുപാടും ഒന്നു നോക്കി.

ശുഷ്കമായ ഭൂമി സരസവും സുന്ദരവും കോമളവുമായി.

കോടതിമുററത്തു് നിറയെ പൂത്തുനിൽക്കുന്ന ഒരു വൃക്ഷത്തെ അവൾ ഇമക്കൂടാതെ സൂക്ഷിച്ചുനോക്കി. ഇത്ര സുന്ദരമായ പൂക്കൾ എത്രയോ നാളായി അവളുടെ കണ്ണിൽ പെട്ടിട്ടു്. എത്രയോ നാൾ!

ആഹാ! എത്ര സുന്ദരം!

ഹരദാസ്ബാബു അവളെ കൈ പിടിച്ചു വണ്ടിയിൽ കയറ്റി. കാർ സ്ഥലം വിട്ടു. അവിടെ മറ്റൊരു കാർ നിന്നിരുന്നു. ആ കാറിൽനിന്നു് വേറൊരു യുവതി ഇറങ്ങിവന്നു. അവളുടെ ശിരസ്സിലുമില്ല അവഗുണ്ഠനം; സങ്കോചവുമില്ല. അവൾ വന്നു് വ്രജറാണി നിന്നിരുന്ന സ്ഥലത്തുനിന്നു് ഒരു പിടി പൂഴിയെടുത്തു് തലയിൽ വെച്ചു് തന്നെ ധൂളീധൂസരയാക്കി.

വ്രജറാണി ഭവനത്തിൽ തിരിച്ചുവന്നു് നേരെ കാളീനാഥന്റെ ചിത്രത്തിന്നു മുമ്പിൽ ചെന്നു നിന്നു.

രണ്ടു കൈകളും ചിത്രത്തിന്റെ കാൽക്കലേക്കു നീട്ടി. പിന്നെ അവിടെത്തന്നെ കവിഴ്ന്നുവീണു. ഹാ! അവളുടെ കണ്ണിലേക്കു് എന്തൊരുറക്കമാണു് ഇറങ്ങിവരുന്നതു്!

UNIVERSITY LIBRARY
MAR 2003
CHENNAI-600 005



UNIVERSITY LIBRARY
21 MAR 1968
MADRAS

MUL
256833

# NAA

*By* **Thara Shankar Banerji**

ആത്മമിത്രം വിവാഹക്കാര്യത്തിൽ മനഃപൂർവ്വം ചെയ്ത വഞ്ചനമൂലം വിവാഹജീവിതം ദുസ്സഹമായിത്തീർന്ന നായകൻ മനസ്സുമടുത്ത ഒരു നിമിഷത്തിൽ കൊലപാതകിയായിത്തീരുന്നു. കൊല്ലപ്പെട്ടവൻെറ പത്നി ഭർത്തൃഘാതകൻെറ പേരിൽ ന്യായം നടത്തുന്നതുവരെ ഒരു ഘോരവ്രതത്തിൽ ഏർപ്പെടുന്നു. നാലു കൊല്ലത്തിനുശേഷം നായികയും നായകനും കോടതിമുറിയിൽ സാക്ഷിക്കൂട്ടിലും പ്രതിക്കൂട്ടിലുമായി കണ്ടുമുട്ടുന്നു. സാക്ഷിയുടെ "അതെ" എന്ന ഒററ വാക്കിനെ പ്രതീക്ഷിച്ചുകൊണ്ടു നില്ക്കുന്ന കാണികൾക്കു് നിമിഷങ്ങൾ മണിക്കൂറുകളായി നീങ്ങിക്കൊണ്ടിരിക്കെ "അല്ല" എന്നൊരു വാക്കും ആ അന്തരീക്ഷത്തിൽ ഉയരുന്നു. മാനുഷികവികാരങ്ങൾക്കു മീതെയായി മനുഷ്യകാരുണ്യം തലപൊക്കുന്നു.

കഥാകാരനായ താരാശങ്കർ ബാനർജി നാല്പതിൽപ്പരം ഗ്രന്ഥങ്ങളുടെ കർത്താവാണു്. അദ്ദേഹത്തിൻെറ 'ആരോഗ്യനികേതന'ത്തിനു് 1956ൽ സാഹിത്യഅക്കാദമിയുടെ അവാഡ് കിട്ടി. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ ഒരു തീവ്രസത്യാഗ്രഹിയായിരുന്ന ഇദ്ദേഹം ബംഗാളിസാഹിത്യത്തിലെ സുപ്രസിദ്ധ കഥാകാരനാണു്.

---

**Sahithya Nilayam Publishing House,**
**Kaloor, Ernakulam-7**